# കുത്തകകൾക്കുവേണ്ടി
# ജനങ്ങളെ ദ്രോഹിക്കുന്ന
# മുന്നണികൾക്കെതിരെ
# ജനസമരത്തിന്റെ രാഷ്ട്രീയത്തെ
# ശക്തിപ്പെടുത്തുക

# SUCI
## COMMUNIST

---

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ ഓഫ് ഇന്ത്യ(കമ്മ്യൂണിസ്റ്റ്)
കേരള സംസ്ഥാന കമ്മിറ്റി

# കുത്തകകൾക്കുവേണ്ടി ജനങ്ങളെ ദ്രോഹിക്കുന്ന മുന്നണികൾക്കെതിരെ ജനസമരത്തിന്റെ രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുക

സംസ്ഥാനത്തെ ജനങ്ങൾ മറ്റൊരു തെരഞ്ഞെടുപ്പിനെക്കൂടി അഭിമുഖീകരിക്കുകയാണ്. ഭരണത്തുടർച്ചയ്ക്ക് എൽഡിഎഫും ഭരണം തിരികെ പിടിക്കാൻ യുഡിഎഫും കൊണ്ടുപിടിച്ച് ശ്രമിക്കുമ്പോൾ ബിജെപി മുന്നണി നില മെച്ചപ്പെടുത്താൻ ലക്ഷ്യം വയ്ക്കുന്നു. വ്യവസ്ഥാപിത പാർട്ടികളുടെ പതിവ് ചെയ്തികൾ - സീറ്റുകളെച്ചൊല്ലിയുള്ള നാണംകെട്ട അന്ത:ഛിദ്രങ്ങളും പാർട്ടികളുടെ കൂടുമാറ്റവും ഗ്രൂപ്പ് കലാപവും ജാതി മത സമുദായ നേതാക്കളുടെയും അതിസമ്പന്നന്മാരുടെയും അരമനകളിലെ സന്ദർശനവും-എല്ലാം ആവർത്തിക്കുന്നുണ്ടെങ്കിലും നാടിന്റെ സാഹചര്യം പഴയതിന്റെ തനിയാവർത്തനമല്ല. രാഷ്ട്രീയ സാമൂഹ്യ രംഗത്തെ പതനം ജനാധിപത്യവിശ്വാസികളെ സംബന്ധിച്ചിടത്തോളം കനത്ത ആശങ്കയും ഉൾക്കിടിലവുമുണ്ടാക്കുന്ന ഒന്നാണ്. ബിജെപി നയിക്കുന്ന കേന്ദ്ര ഭരണം ഫാസിസ്റ്റ് അന്ധകാരം കൊണ്ട് ക്രമേണ രാജ്യത്തെ മൂടാൻ ശ്രമിക്കുന്നു. കണക്കറ്റ പണവും ബലിഷ്ഠമായ അധികാരവും ഉപയോഗപ്പെടുത്തി അവർ ഈ രാജ്യത്തിന്റെ ജനാധിപത്യ മനസ്സാക്ഷിയെ നിശബ്ദമാക്കാൻ ശ്രമിക്കുകയാണ്. ഇതിനെ ചെറുക്കുമെന്നു പ്രതീക്ഷിക്കപ്പെട്ടിരുന്ന ഇടതു പ്രസ്ഥാനങ്ങൾ ഈ അധികാരഘടനയുടെ അവിഭാജ്യഭാഗമായി മാറിക്കൊണ്ട് അപചയത്തിന്റെ വേഗതയേറ്റുന്ന നടപടികളുമായി മുന്നോട്ടുപോകുന്നു. രാഷ്ട്രീയ - സാമൂഹ്യ സാഹചര്യത്തിന്റെ ഭയാനകമായ ഈ പതനത്തെ തടയാനുള്ള ജനാധിപത്യ പ്രതിപ്രവാഹത്തെ ശക്തിപ്പെടുത്താൻ തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങളും വിധിയെഴുത്തും വിനിയോഗിക്കുക എന്നതാണ് ജനങ്ങളുടെ മുമ്പിലെ രാഷ്ട്രീയ കടമ. തെരഞ്ഞെടുപ്പ് പ്രചാരണവും തെരഞ്ഞെടുപ്പ് ഫലവും കഴിഞ്ഞകാല തെരഞ്ഞെടുപ്പുകളുടെ ആവർത്തനമാണെങ്കിൽ സംസ്ഥാനത്തെ ഭൂരിപക്ഷം സാധാരണജനങ്ങളുടെയും ജീവിതത്തിന്റെ അടിസ്ഥാനപ്രശ്നങ്ങളൊന്നും പരിഹാരം കാണാൻ പോകുന്നില്ല.

## മൽസരം ഭരണചേരിയും സമരചേരിയും തമ്മിൽ

തെരഞ്ഞെടുപ്പ് രംഗത്ത് യഥാർത്ഥത്തിൽ രണ്ടു ചേരികളേയുള്ളൂ. പ്രത്യക്ഷത്തിൽ നേർക്കു നേർ മൽസരിക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കുന്ന മുഖ്യധാരാ കക്ഷികളും വ്യത്യസ്ത മുന്നണികളുമെല്ലാം യഥാർത്ഥത്തിൽ ഒരൊറ്റ ചേരിയാണ്. രാജ്യത്ത് നിലനിൽക്കുന്ന സാമ്പത്തിക വ്യവസ്ഥയുടെ പ്രതിനിധികളുടെ ക്യാമ്പാണത്. അവർ പരസ്പരം നടത്തുന്ന ആക്രോശവും മൽസരവും ബഹുഭൂരിപക്ഷം വരുന്ന സാധാരണജനങ്ങളെ കബളിപ്പിക്കുന്നതിനു വേണ്ടി മാത്രമുള്ളതാണ്. ഇവരിൽ ആരു തന്നെ വിജയിച്ചുവന്നാലും നിലവിലുള്ള വ്യവസ്ഥയ്ക്ക് ഒരു പോറൽ പോലും ഉണ്ടാകില്ല. തെരഞ്ഞെടുപ്പ് രംഗത്തെ ഏറ്റവും പ്രബലമായ ഇതിനെ നമുക്ക് ഭരണചേരിയെന്നു വിളിക്കാം. ഊഴം വച്ച് അവരിൽ ആരെങ്കിലും കുറച്ചുപേർ ഭരിക്കും. കുറച്ചുപേർ പ്രതിപക്ഷത്തിരിക്കും. ഭരണപക്ഷവും പ്രതിപക്ഷവും ചേർന്ന് നിലവിലുള്ള സാമ്പത്തികഘടനയെയും അതിന്റെ നയങ്ങളെയും ദൃഢമായി സംരക്ഷിക്കും. ഭരണനയങ്ങൾക്കെതിരായ ജനവികാരം പരിധിവിട്ട് ഈ വ്യവസ്ഥയെത്തന്നെ ചോദ്യം ചെയ്യുന്നിടത്തേക്കു പോകാതിരിക്കാൻ അവർ നിതാന്ത ജാഗ്രത പുലർത്തും. നയങ്ങൾക്കെതിരായ വികാരത്തെ പ്രതിനിധീകരിക്കുന്നതായി അവർ ഭാവിക്കും. ചേരിക്കുള്ളിലെ അധികാരത്തർക്കങ്ങളിൽ വിജയം നേടാൻ ഈ ജനവികാരത്തെ പ്രയോജനപ്പെടുത്തും. എന്നാൽ ജനവികാരം ശക്തിയാർജ്ജിച്ച് ഭരണനയങ്ങളെ പരാജയപ്പെടുത്തുന്ന സ്ഥിതിയിലേക്ക് പോകാൻ അവർ അനുവദിക്കില്ല. മാധ്യമങ്ങൾ ഈ ചേരിയെ മാത്രമേ പ്രമോട്ടു ചെയ്യൂ. ഈ ചേരിയുടെ പിറകിൽ ജനങ്ങളെ അണിനിരത്താൻ അവർക്കിടയിലെ മൽസരത്തിനു കൃത്രിമമായി വീറും ആവേശവും നൽകും. മൽസരം എത്ര രൂക്ഷമായാലും ഈ ചേരി വരയ്ക്കുന്ന വൃത്തത്തിനുള്ളിലേ ജനങ്ങൾ നിൽക്കൂ എന്നവർ ഉറപ്പാക്കും. കോൺഗ്രസ്സും ബിജെപിയും സിപിഐ(എം)ഉം

മുസ്ലീം ലീഗും സിപിഐയും കേരളാ കോൺഗ്രസ്സും എല്ലാം ഈ ഭരണചേരിയിലെ വിശ്വസ്ത അംഗങ്ങളാണ്. അവർ തമ്മിലുള്ള മൽസരം അവർക്കിടയിലെ ഭരണ ഊഴം തീരുമാനിക്കാനുള്ള തുമാത്രമാണ്. അതിൽ ജനതാൽപ്പര്യത്തിന്റെ ഒരു വിഷയവും അന്തർഭവിച്ചിട്ടില്ല.

ജനങ്ങളുടെ വിശാലമായ താൽപ്പര്യത്തെ പ്രതിനിധാനം ചെയ്തുകൊണ്ടുള്ള ജനാധിപത്യ പ്രവർത്തനങ്ങളുടെ സമരചേരിയാണ് രണ്ടാമത്തേത്. അധികാരതലത്തിൽ നിന്നും ജനങ്ങൾക്കെതിരെ നിരന്തരം ഉണ്ടാകുന്ന അതിക്രമങ്ങളെ ചോദ്യം ചെയ്യാനും സംഘടിത ജനകീയശക്തി സമാഹരിച്ച് അവയെ പരാജയപ്പെടുത്താനുമുള്ള പ്രബുദ്ധമായ ജനാധിപത്യ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയ ചേരിയാണത്. ജനാധിപത്യത്തെ അർത്ഥപൂർണ്ണമാക്കുന്ന പ്രവർത്തനങ്ങളെ പ്രതിനിധീകരിക്കുന്ന ഈ ചേരിയെ തെരഞ്ഞെടുപ്പ് രംഗത്ത് നിഷ്പ്രഭമാക്കി പരാജയപ്പെടുത്താനാണ് മുതലാളിത്ത ശക്തികളും അവരുടെ പിണിയാളുകളും മാധ്യമങ്ങളും ശ്രമിക്കുന്നത്. അളവറ്റ പണവും മൃഗീയമായ അധികാരബലവും ഇരുണ്ട മാധ്യമശക്തിയും ഒത്തൊരുമിച്ച് ജനകീയ സമര ചേരിയെ പരാജയപ്പെടുത്തുന്നു എന്നതാണ് ഓരോ തെരഞ്ഞെടുപ്പ് ഫലവും ജനങ്ങൾക്കെതിരാകാൻ ഇടയാക്കിയത്. ഈ തെരഞ്ഞെടുപ്പിലും അത് ആവർത്തിക്കപ്പെടാതിരിക്കാൻ ജനങ്ങൾ അതിയായ ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. ജനാധിപത്യപ്രക്ഷോഭത്തിന്റെ ഈ ചേരിയെ ശക്തിപ്പെടുത്തുകയും വിജയിപ്പിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ തെരഞ്ഞെടുപ്പിന്റെ ഫലം ജനങ്ങൾക്ക് അനുകൂലമാകൂ. ജനങ്ങളുടെ താൽപ്പര്യം അചഞ്ചലം സംരക്ഷിക്കാനാവൂ. തെരഞ്ഞെടുപ്പിന്റെ മുമ്പിലെ സുപ്രധാനമായ ദൗത്യം ഇതുമാത്രമാണെന്നാണ് ഞങ്ങളുടെ വിലയിരുത്തൽ.

## കേന്ദ്ര ബിജെപി ഭരണം നിർലജ്ജമായ കുത്തകസേവ

കുത്തകകളുടെ കൊള്ളലാഭം പെരുപ്പിക്കുന്നതിനായി യാതൊരു മറയുമില്ലാതെ, കഴിഞ്ഞ ഏഴു വർഷമായി ബിജെപി നയിക്കുന്ന എൻഡിഎ ഭരണം കൈക്കൊള്ളുന്ന നയങ്ങൾ ജനങ്ങളെ ജീവിതദുരിതങ്ങളുടെ നീർച്ചുഴിയിലകപ്പെടുത്തിയിരിക്കുന്നു. രാജ്യത്ത് അഞ്ച് സംസ്ഥാനങ്ങളിൽ തെരഞ്ഞെടുപ്പ് നടക്കുന്ന ഈ വേളയിലാണ് ദില്ലിയുടെ അതിർത്തികളിൽ ഐതിഹാസികമായ ഒരു പ്രക്ഷോഭത്തിനു രാജ്യം സാക്ഷ്യം വഹിക്കുന്നത്. കർഷക വിരുദ്ധവും ജനദ്രോഹപരവുമായ മൂന്ന് കാർഷിക നിയമങ്ങൾ പിൻവലിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കർഷകർ രചിക്കുന്ന അത്യുജ്വലവും മാതൃകാപരവുമായ സമരമാണത്. കാർഷികോൽപ്പന്നങ്ങളുടെ ഉൽപ്പാദനം, സംഭരണം, വിതരണം എന്നീ നിർണായക മേഖലകളിൽ കുത്തകകൾക്ക് കടന്നുകയറാൻ പാകത്തിന് രൂപകൽപ്പന ചെയ്തിരിക്കുന്ന മൂന്ന് കാർഷിക നിയമങ്ങളാണ് കേന്ദ്ര സർക്കാർ ശബ്ദവോട്ടോടെ പാർലമെന്റിൽ പാസ്സാക്കിയത്. വൻകിടമുതലാളിമാരുടെ ചന്തകൾ മാത്രം അവശേഷിക്കത്തക്കവിധം സർക്കാർ സംഭരണവും താങ്ങുവിലയും ഇല്ലാതാക്കുകയാണ് നിയമങ്ങളിൽ ഒന്നിന്റെ ലക്ഷ്യം. കൃഷിയുടെ കരാർവൽക്കരണം ലക്ഷ്യമാക്കുന്ന മറ്റൊരു നിയമം കർഷകന്റെ ഭൂമിയും കിടപ്പാടവും വരെ അന്യാധീനമാക്കും. കർഷകരുടെ ഉൽപ്പന്നങ്ങൾ തുഛവിലയ്ക്കു തട്ടിയെടുക്കാനും പൂഴ്ത്തിവച്ച് കൃത്രിമമായ വില ഉയർത്തി കൊള്ളലാഭം കുന്നുകൂട്ടാനും വൻകിട മുതലാളിമാർക്ക് വഴിയൊരുക്കാൻ വേണ്ടിയുള്ളതാണ് ഈ കാർഷിക നിയമങ്ങളെന്നു കർഷകർ സ്വയം തിരിച്ചറിഞ്ഞാണ് കൊടിയ കഷ്ടപ്പാടുകൾ സഹിച്ച് ഈ സമരരംഗത്ത് ഉറച്ചുനിൽക്കുന്നത്. ഏതൊരു കഠിനഹൃദയനും അലിഞ്ഞുപോകുന്ന സഹനത്തിന്റെയും ത്യാഗത്തിന്റെയും വാർത്തകളാണ് സമരഭൂമിയിൽ നിന്നു നാം കേൾക്കുന്നത്. മുന്നൂറിലധികം കർഷകർ സമരഭൂമിയിൽ ഇതിനോടകം മരിച്ചു. ഇതിനെല്ലാം ശേഷവും നിയമങ്ങൾക്കുവേണ്ടിയുള്ള തങ്ങളുടെ നിലപാടിൽ നിന്ന് കടുകിട പിന്നോട്ടില്ലെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുക വഴി മുതലാളിമാർക്കായി തങ്ങൾ എത്രമേൽ പ്രതിജ്ഞാബദ്ധമാണെന്ന് തെളിയിക്കുകയാണ് ബിജെപി സർക്കാർ.

കാർഷികരംഗമാകെ കോർപ്പറേറ്റുകൾക്കു തീറെഴുതാനുള്ള ഈ നിയമങ്ങൾ മോദി ഭരണം തുടർന്നുവരുന്ന നവ ലിബറൽ സാമ്പത്തിക നയങ്ങളുടെ കൃത്യമായ തുടർച്ച മാത്രമാണ്. അതാ

കട്ടെ കോൺഗ്രസ്സ് നയിച്ച യുപിഎ സർക്കാരിന്റെ നയങ്ങളുടെ അടുത്ത ഘട്ടത്തിലേക്കുള്ള തീവ്ര മായ പ്രയാണമാണുതാനും. മേൽ സൂചിപ്പിച്ച കാർഷിക നിയമങ്ങൾ ബില്ലുകളായി കൊണ്ടുവ ന്നത് കോവിഡ് പാക്കേജിന്റെ ഭാഗമായിട്ടാണല്ലോ. ആത്മനിർഭർ പദ്ധതി എന്നു പേരിട്ട പ്രസ്തുത പാക്കേജിലുണ്ടായിരുന്നതത്രയും എല്ലാ അതിരുംവിട്ട സ്വകാര്യവൽക്കരണത്തിന്റെ നടപടികളായി രുന്നു. വരുമാനം പങ്കിടൽ പദ്ധതി പ്രകാരം കൽക്കരി ഖനന മേഖലയിൽ വാണിജ്യ ഖനനം അനു വദിച്ചതും അഞ്ഞൂറോളം ബ്ലോക്കുകൾ ലോഹ- ധാതു ഖനനം നടത്താൻ സ്വകാര്യ മുതലാളി മാർക്കു ലേലം ചെയ്ത് നൽകാൻ തീരുമാനിച്ചതും ഇതേ പാക്കേജിന്റെ ഭാഗമാണ്. പ്രതിരോധ രംഗത്തെ വിദേശ നിക്ഷേപം 74 ശതമാനമാക്കി ഉയർത്തി. സ്വകാര്യ പങ്കാളിത്തത്തോടെ ആറ് വിമാനത്താവളങ്ങൾ വികസിപ്പിക്കാനും 12 വിമാനത്താവളങ്ങളിൽ 13,000 കോടി രൂപയുടെ സ്വകാര്യ നിക്ഷേപം ക്ഷണിക്കാനും തീരുമാനിച്ചു. ബാഹ്യാകാശ ഗവേഷണ രംഗത്തും ആണവോർജ്ജ രംഗത്തും സ്വകാര്യ നിക്ഷേപത്തിനു തീരുമാനമായി. റയിൽവേയുടെ സ്വകാര്യവൽക്കരണം അതി വേഗതയിൽ മുന്നേറുകയാണ്.ഇൻഡ്യൻ റെയിൽവേയുടെ ട്രാക്കുകളിലൂടെ സ്വകാര്യമുതലാളിമാ രുടെ ട്രെയിൻ (ട്രെയിനും റെയിൽവേയുടെ തന്നെ) ഓടിത്തുടങ്ങിയിരിക്കുന്നു. കോവിഡിന്റെ പേരിൽ റഗുലർ സർവ്വീസുകളെല്ലാം സർവ്വീസ് ചാർജ്ജ് അധികമായി കവർന്നുകൊണ്ട് സ്പെഷ്യൽ സർവ്വീ സുകളായി ഇപ്പോഴും റെയിൽവേ ഓടിക്കുകയാണ്. സാധാരണക്കാരന്റെ ആശ്രയമായ പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കാത്തത് എന്നന്നേക്കുമായി ഇവ അവസാനിപ്പിക്കാനുള്ള നീക്കമാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പ്ലാറ്റുഫോം ടിക്കറ്റിന്റെ ചാർജ്ജ് 30 രൂപയാക്കി ഉയർത്തി. സ്വകാര്യ മുതലാളിമാർക്ക് വിട്ടു നൽകിയിട്ടുള്ള സ്റ്റേഷനുകളിൽ പ്ലാറ്റുഫോം ടിക്കറ്റിന്റെ ചാർജ്ജ് 50 രൂപയാണ്.

കഴിഞ്ഞ രണ്ട് വർഷങ്ങൾക്കിടയിൽ മോദി സർക്കാർ നൂറു ശതമാനവും വിറ്റഴിക്കാൻ തീരുമാനി ച്ചിട്ടുള്ള പൊതുമേഖലാ സംരംഭങ്ങൾ 26 എണ്ണമാണ്. അവയിൽ എയർ ഇൻഡ്യയും എച്ച്എൻ എൽ ഉം ഒഴികെ ബിപിസിഎൽ, ഷിപ്പിംഗ് കോർപ്പറേഷൻ, നാല് കൂറ്റൻ സ്റ്റീൽ പ്ലാന്റുകൾ, ഐ.റ്റി. ഡി.സി, നീലാച്ചൽ ഇസ്പാത്ത് നിഗം തുടങ്ങിയവയെല്ലാം ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. തൊഴിലാളികളുടെ അദ്ധ്വാനവും ജനങ്ങളുടെ നികുതിപ്പണവും കൊണ്ട് പടുത്തുയർത്തിയ ലക്ഷ ക്കണക്കിനു കോടി രൂപയുടെ ആസ്തിയുള്ള ഈ സ്ഥാപനങ്ങൾ വിൽക്കുകയല്ല, മറിച്ച് സൗജന്യ മായി മുതലാളിമാർക്ക് നൽകുകയാണെന്നു പറയാം. മുതലാളി കൽപ്പിക്കുന്ന അത്ര തുഛ തുകയ്ക്കാണ് വിൽപ്പന ഉറപ്പിക്കപ്പെടുന്നത്. രാജ്യത്തിന്റെ സമ്പത്ത് അന്യാധീനപ്പെടുത്തുന്ന ഇക്കൂ ട്ടരാണ് യഥാർത്ഥ രാജ്യദ്രോഹികൾ.

തൊഴിലാളികൾക്ക് അനുകൂലമായ 44 നിയമങ്ങൾ ഭേദഗതി ചെയ്ത് മുതലാളിമാർക്ക് അനുകൂലമായ 4 കോഡുകളാക്കി മാറ്റിക്കൊണ്ട് രാജ്യത്തെ പണിയെടുത്തു ജീവിക്കുന്ന നിർദ്ധന രായ മനുഷ്യരെ നിരായുധരാക്കി മുതലാളിയുടെ ലാഭാർത്തിയുടെ മുമ്പിലേക്ക് എറിഞ്ഞുകൊടു ക്കുകയാണ്. ലോക്ക് ഡൗൺ കാലത്തെ അടച്ചുപൂട്ടൽ സൃഷ്ടിച്ച ദാരിദ്ര്യവും അനിശ്ചിതത്വവും താങ്ങാനാവാതെ നൂറുകണക്കിനു കിലോമീറ്റർ അകലെയുള്ള സ്വന്തം ഗ്രാമങ്ങളിലേക്ക് നടന്നു നീങ്ങി, വഴിയിൽ പിടഞ്ഞു വീണു മരിച്ച ദയനീയ രൂപങ്ങൾ രാജ്യത്തെ കോടിക്കണക്കിനു വരുന്ന തൊഴിലാളികളുടെ പ്രതിനിധികളാണ്. നിർദ്ദയമായ ഈ ചൂഷണത്തിനെതിരെയുള്ള പോരാട്ടത്തിലെ അവരുടെ അവസാന പിടിവള്ളിയായിരുന്നു രാജ്യത്തു നിലനിന്നിരുന്ന തൊഴിൽ നിയമങ്ങൾ. അവ യെയാണ് മോദിയുടെ കോർപ്പറേറ്റു വാഴ്ച തകർത്തിരിക്കുന്നത്. കോവിഡ് കാലത്ത് തൊഴിലാളി കളുടെ ശമ്പളം പിടിച്ചുവയ്ക്കരുതെന്ന സർക്കാർ ഉത്തരവിനെതിരെ സുപ്രീം കോടതിയിൽ നിന്നു അനുകൂല വിധി സമ്പാദിച്ച മുതലാളിമാർ നാളെകളിൽ ഈ നാല് കോഡുകൾ ഉപയോഗിച്ച് തൊഴിലാളികളോട് എന്തു ചെയ്യുമെന്ന് ഊഹിക്കാവുന്നതേയുള്ളൂ. മുന്നൂറിൽത്താഴെ തൊഴിലാളി കൾ പണിയെടുക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ ഐഡി ആക്റ്റ് ബാധകമല്ലാതായിരിക്കുന്നു. അത്തരം സ്ഥാപനങ്ങൾ അടച്ചുപൂട്ടാനും തൊഴിലാളികളെ പിരിച്ചുവിടാനും മേലിൽ മുതലാളിക്ക്

യഥേഷ്ടം കഴിയും. രക്തം ചിന്തി നേടിയ 8 മണിക്കൂർ ജോലി എന്ന ഏറ്റവും അടിസ്ഥാന അവകാശം കുഴിവെട്ടി മൂടിക്കഴിഞ്ഞു. സ്ഥിരം ജോലിയും അവകാശങ്ങളോടെയുള്ള ശമ്പളവും അസ്തമിച്ചിരിക്കുന്നു. മോദിയുടെ രാജ്യം കർഷകന്റേതുമല്ല, തൊഴിലാളിയുടേതുമല്ല വൻകിട മുതലാളിമാരുടേത് മാത്രമാണ്.

**മോദിയുടെ രാജ്യത്ത് ജനാധിപത്യ അവകാശങ്ങൾ കൂട്ടക്കുരുതിക്ക് ഇരയാകുന്നു.**

ജനാധിപത്യധ്വംസനങ്ങളും പൗരാവകാശലംഘനങ്ങളും മോദി ഭരണത്തിന്റെ മുഖമുദ്രയായിക്കഴിഞ്ഞു. അതു രാജ്യത്തിനുള്ളിൽ മാത്രമല്ല, ലോകമെമ്പാടും മനുഷ്യസ്നേഹികളുടെ രൂക്ഷമായ വിമർശത്തിനു ഇടയാക്കിയിരിക്കുന്നു. കാശ്മീരിനെ ഒന്നാകെ ഒരു തടവറയാക്കി മാറ്റിക്കൊണ്ട്, അവിടുത്തെ ജനങ്ങളുടെ അഭിപ്രായമെന്തെന്ന് ആരായാൻപോലും കൂട്ടാക്കാതെ, സംസ്ഥാനത്തിന്റെ പ്രത്യേക പദവി എടുത്തുകളഞ്ഞത് അവശേഷിപ്പുപോലുമില്ലാതെ ജനാധിപത്യത്തെ കുഴിവെട്ടിമൂടിയ നടപടിയായിരുന്നു. മാസങ്ങൾ നീണ്ട വീട്ടു തടങ്കലുകളും കർഫ്യൂകളും ഇന്റർനെറ്റ് വിഛേദനവും കാശ്മീരികളുടെ ജീവിതത്തിൽ അടിച്ചേൽപ്പിച്ചു. ഇന്നും അവയെല്ലാം ഭാഗികമായി തുടരുകയാണ്. ഈ രാജ്യത്തു ജനിച്ച് ദശാബ്ദങ്ങളായി ഇവിടെ ജീവിക്കുന്നവരുടെ പൗരത്വം നിഷേധിച്ച് അവരെ തുറുങ്കിലടയ്ക്കുന്ന നിയമഭേദഗതിയും അതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന പൗരത്വ രജിസ്റ്ററും യഥാർത്ഥത്തിൽ ലോകമെമ്പാടുമുള്ള ജനാധിപത്യവിശ്വാസികളെ ഞെട്ടിക്കുകയുണ്ടായി. സിഎഎക്കും എൻആർസിക്കുമെതിരെ രാജ്യമെമ്പാടും കത്തിപ്പടർന്ന ജനാധിപത്യപ്രക്ഷോഭം മഹാവ്യാധി മൂലം അവസാനിപ്പിക്കേണ്ടി വന്നെങ്കിലും അതു ഭരണാധികാരികൾക്ക് ഒരു താക്കീതായി. പൗരത്വനിയമ ഭേദഗതിക്കെതിരെ നടന്ന സമരത്തിൽ പങ്കെടുത്തവരെ ഇന്ന് രാജ്യമെമ്പാടും ജാമ്യം നിഷേധിച്ച് തുറുങ്കിലടയ്ക്കുകയാണ്. സിഎഎ വിരുദ്ധ സമരത്തിൽ പങ്കെടുത്തതിന്റെ പേരിൽ ഡോ. കഫീൽ ഖാനെ മാസങ്ങളോളം ജാമ്യം നിഷേധിച്ച് ജയിലിലടച്ചു.

സംഘപരിവാർ ആശയങ്ങളെ എതിർക്കുന്നവരെ വകവരുത്തുക, വിമർശിക്കുന്ന മാധ്യമപ്രവർത്തകരെ ഉൾപ്പടെ ഏവരെയും രാജ്യദ്രോഹക്കുറ്റമുൾപ്പടെയുള്ളവ ചുമത്തി തടവിലാക്കുക, കേന്ദ്ര അന്വേഷണ ഏജൻസികളെ ഉപയോഗപ്പെടുത്തി ഭീഷണിപ്പെടുത്തുക ഇവയെല്ലാം അനസ്യൂതം തുടരുകയാണ്. ഭീമാ കൊറെഗാവ് സംഭവുമായി ബന്ധപ്പെട്ട് ജയിലിലാക്കപ്പെട്ട രോഗബാധിതരും വയോധികരുമായ ഫാദർ സ്റ്റാൻ സ്വാമിയെയും വരവര റാവുവിനെയും വിട്ടയയ്ക്കണമെന്ന് ഐക്യരാഷ്ട്രയുടെ മനുഷ്യാവകാശ വിഭാഗത്തിന്റെ തലവൻ അഭ്യർത്ഥിച്ചിട്ടും അവരെ വിട്ടയയ്ക്കാൻ തയ്യാറായില്ല. പാർക്കിൻസൺ രോഗം മൂലം വലയുന്ന ഫാദർ സ്റ്റാൻ സ്വാമിക്ക് വെള്ളം കുടിക്കാൻ സ്ട്രോ നൽകണമെന്ന് അദ്ദേഹത്തിന്റെ അഭിഭാഷകൻ അപേക്ഷിച്ചപ്പോൾ മറുപടി പറയാൻ ഇരുപത് ദിവസത്തെ സാവകാശം വേണമെന്നാണ് എൻ.ഐ.എ ആവശ്യപ്പെട്ടത്. ഇതേ സംഭവുമായി ബന്ധപ്പെട്ട് തടവിലാക്കപ്പെട്ട റോണാ വിൽസൺ എന്നയാളുടെ ലാപ്ടോപ്പിൽ മാൽവെയർ ഉപയോഗിച്ച് വ്യാജമായി കത്തുകൾ നിക്ഷേപിക്കുകയായിരുന്നെന്ന് ഇപ്പോൾ ഫോറൻസിക് പരിശോധനയിൽ കണ്ടെത്തിയിരിക്കുന്നു. എത്ര ഭയാനകമായ നിലയിലുള്ള പതനത്തിലേക്കാണ് നമ്മുടെ രാജ്യത്തെ ജനാധിപത്യം പോകുന്നതെന്ന് ചിന്തിക്കാൻ പോലും സാധ്യമല്ലാതായിരിക്കുന്നു. കർഷക സമരത്തെ അനുകൂലിക്കുന്നവരെയാണ് ഇപ്പോൾ വേട്ടയാടുന്നത്.

മുതലാളിത്ത ഭരണകൂടങ്ങൾക്കു സഹായകരമായ നിലപാടെടുക്കാറുള്ള ആനംസ്റ്റി പോലുള്ള മനുഷ്യാവകാശസംഘടനകളെ പോലും സഹിക്കാനാവാത്ത മോദി ഭരണത്തിന്റെ നിലപാടുകളോട് വിയോജിച്ചുകൊണ്ട് ആംനസ്റ്റി ഇൻഡ്യയിലെ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചു. നാലു വർഷത്തിനുള്ളലിൽ രാജ്യത്തു അടിച്ചേൽപ്പിച്ചത് നാനൂറിലധികം ഇന്റർനെറ്റ് അടച്ചുപൂട്ടലുകൾ (കിലേ്യിലടവൗറീി) ആണ്. കാശ്മീരിൽ അടച്ചു പൂട്ടിയ ഇൻർനെറ്റ് ഭാഗികമായി പുനസ്ഥാപിച്ചത് 223 ദിവസങ്ങൾക്കു ശേഷം മാത്രം. ലോകത്തെ ഏറ്റവും അധികം നീണ്ട ഇന്റർനെറ്റ് ഷട്ട്ഡൗൺ കാശ്മീരിലേതാണ്. ഏതു ജനാധിപത്യ രാജ്യത്തേക്കാളും ഏറ്റവും അധികം തവണ ഇന്റർനെറ്റ് അടച്ചുപൂട്ടി

യതിലും പ്രഥമസ്ഥാനത്ത് ഇൻഡ്യയാണുള്ളത്. ഓൺലൈൻ പത്രങ്ങൾക്കും സമൂഹമാധ്യമങ്ങൾക്കും കർശനമായ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിനായി കേന്ദ്ര സർക്കാർ പുതിയ നീക്കങ്ങൾ നടത്തുകയാണ്. സർക്കാർ നയങ്ങളെ എതിർത്തുവെന്ന ഒറ്റക്കാരണത്താൽ സത്യസന്ധരായ സാമൂഹ്യപ്രതിഭകൾക്കെതിരെ പരസ്യബോർഡുകൾ സ്ഥാപിക്കാൻ യു.പി. പോലീസ് കാട്ടിയ ഭരണഘടനാ വിരുദ്ധത കോടതി ചൂണ്ടിക്കാട്ടിയിട്ടുപോലും വകവയ്ക്കാനോ അത് നീക്കം ചെയ്യാനോ അവർ തയ്യാറായില്ല.

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങളുടെ കരളലിയിക്കുന്ന വാർത്തകൾ രാജ്യമെമ്പാടും പ്രവഹിക്കുമ്പോൾ ബിജെപി ഭരിക്കുന്ന യു.പി ഇക്കാര്യത്തിൽ കുപ്രസിദ്ധിയുടെ കൊടുമുടിയിലാണ്. ക്രൂരമായ ബലാൽസംഗത്തിനിരയായി കൊലചെയ്യപ്പെട്ട പെൺകുട്ടിയുടെ മൃതദേഹം പാതിരാത്രിയിൽ പോലീസ് കത്തിച്ചുവെന്ന ഹൃദയഭേദകമായ വാർത്ത സൃഷ്ടിച്ച ഹത്രാസിൽ നിന്നും സമാനമായ വാർത്തകൾ നിലയ്ക്കുന്നതേയില്ല. ഉന്നാവ വിസ്മൃതിയാലാകുന്നതിനു മുമ്പുതന്നെയാണ് ഹത്രാസ് ഒരു ഞെട്ടലായി മാറിയത്. സംഘപരിവാർ ശക്തികളുടെ പിൻബലമുണ്ടെങ്കിൽ നിയമവാഴ്ചയെ പേടിക്കേണ്ടതില്ല എന്നതിനാൽ  കുറ്റവാളികളും സ്ത്രീകളുടെ മാനം പിച്ചിച്ചീന്തുന്നവരും അന്യമതക്കാരനെ വെട്ടിക്കൊല്ലുന്നവരും യു.പിയിൽ അഴിഞ്ഞാടുകയാണ്.

## ഇന്ധവിലവർദ്ധനവെന്ന തീവെട്ടിക്കൊള്ള

കഴിഞ്ഞ 7 വർഷത്തെ മോദി ഭരണത്തിന്റെ കാലയളവിൽ ഉടനീളം ലോകവിപണിയിൽ ക്രൂഡ് ഓയിലിന്റെ വില ചരിത്രത്തിലെ ഏറ്റവും താഴ്ന്ന അവസ്ഥയിലായിരുന്നു. ഈ വർഷാരംഭത്തിൽ ക്രൂഡ് ഓയിലിനു നാമമാത്രമായി വില ഉയരുമ്പോഴും അത് ബാരലിനു ശരാശരി 56 ഡോളർ മാത്രമാണ്. യുപിഎ ഭരണനാളിൽ അത് 140 ഡോളറായി (2008ൽ) വരെ ഉയർന്നതാണ്. ലോകവിപണിയിലെ വിലയിടിവിന് ആനുപാതികമായി എല്ലാ രാജ്യങ്ങളും പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വില താഴ്ത്തിയപ്പോഴും ഇൻഡ്യയിൽ വില വർദ്ധിപ്പിച്ചുകൊണ്ടേയിരുന്നു. 2014ൽ നരേന്ദ്ര മോദി സർക്കാർ അധികാരത്തിലെത്തുമ്പോൾ ലോകവിപണയിൽ ക്രൂഡ് ഓയിലിന്റെ വില 93 ഡോളറായിരിക്കുമ്പോഴാണ് പെട്രോളിന്റെ വില ഇൻഡ്യയിൽ 70 രൂപയായിരുന്നത്. ഇപ്പോൾ ലോകവിപണിയിലെ വില പകുതിയിൽത്താഴെയായി ഇടിഞ്ഞപ്പോഴും  പെട്രോളിന്റെ വില ലിറ്ററിനു 100 രൂപ കടന്നിരിക്കുന്നു! 2015ൽ ക്രൂഡ് ഓയിൽ വില 48 ഡോളറായി ഇടിഞ്ഞപ്പോൾ അതിനു ആനുപാതികമായി രാജ്യത്ത് വില കുറയ്ക്കുന്നതിനു പകരം സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി പെട്രോളിനു 9.45 രൂപയും ഡീസലിനു 3.56 രൂപയും വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ക്രൂരതയുടെ പര്യായമായ സർക്കാർ തുടർന്നിങ്ങോട്ട് ലോകവിപണിയിലെ വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകില്ല എന്ന ധിക്കാരപരമായ സമീപനമാണ് സ്വീകരിച്ചത്. കോവിഡ് കാലത്ത് ഉപഭോഗം കുറഞ്ഞതിനെത്തുടർന്ന് ക്രൂഡ് ഓയിൽ വില നെഗറ്റീവാകുന്ന സ്ഥിതി വരെ ഉണ്ടായി. അപ്പോഴും സർക്കാർ, പെട്രോളിന്റെ എക്സൈസ് തീരുവ 19.98 രൂപയിൽ നിന്നും 32.98 രൂപയായി വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഡീസലിന്റേത് 15.83 രൂപയിൽ നിന്നും 31.83 രൂപയാക്കി! മോദി സർക്കാരിന്റെ ഭരണകാലയളവിനുള്ളിൽ **ഇന്ധനികുതി വരുമാനം വർദ്ധിച്ചത് 459 ശതമാനമാണെന്ന്** മാർച്ച് 8നു ലോക്സഭയിൽ പെട്രോളിയം മന്ത്രി പ്രസ്താവിച്ചത് ഞെട്ടലോടെയാണ് രാജ്യം ശ്രവിച്ചത്. ഇന്ന് ലോകവിപണിയിൽ ഉണ്ടായ നാമമാത്ര വർദ്ധനവിന്റെ പേരിൽ ഉയർന്ന വില അടിച്ചേൽപ്പിക്കുന്നത് കോവിഡ് കാലത്ത് ഉയർത്തിയ വിലയുടെ മുകളിലാണ്. ലോകത്തെ ഒരു സർക്കാരും സ്വന്തം ജനതയോട് ചെയ്യാത്ത കൊടിയ ദ്രോഹമാണ് ഇന്ധവിലവർദ്ധനവിലൂടെ മോദി സർക്കാർ ചെയ്യുന്നത്. ഡീസൽ വില വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വിലയെ ഇരട്ടിയിലധികമായി ഉയർത്തി. ബസ് ഗതാഗത മേഖലയും വലിയ പ്രതിസന്ധിയെയാണ് നേരിടുന്നത്.

പാചകവാതകത്തിന്റെ വില സിലിണ്ടറിന് മൂന്നു മാസത്തിനുള്ളിൽ 226 രൂപ വർദ്ധിച്ച് അത് 840 രൂപയായിരിക്കുന്നു. സാധാരണക്കാരന്റെ വീടുകളിൽ അക്ഷരാർത്ഥത്തിൽ തീ പുകയാത്ത സ്ഥിതി

യാണുള്ളത്. വാണിജ്യാവശ്യത്തിനുള്ള എൽപിജിയുടെ വില സിലിണ്ടറ് ഒന്നിന് 1604 രൂപ യായതോടെ ഹോട്ടലുകൾ കടുത്ത സാമ്പത്തികത്തകർച്ചയെ നേരിടുകയാണ്. ബാങ്കുകളിൽ വന്നു കൊണ്ടിരുന്ന നാമമാത്ര സബ്സിഡിയും പൂർണ്ണമായും പിൻവലിച്ചു. ഇതിനിടയിൽ മണ്ണെണ്ണയുടെ വിലയും ഉയർത്തി. മീൻപിടുത്തക്കാർക്കുണ്ടായിരുന്ന ഇന്ധനം 200 ലിറ്ററിൽ നിന്നും 40 ലിറ്ററായി വെട്ടിക്കുറച്ചു. ചരിത്രത്തിലെ ഏറ്റവും ദയനീയമായ വരുമാനത്തകർച്ചയെ നേരിടുന്ന ജനങ്ങൾക്ക് അടിയന്തര സഹായം നൽകേണ്ട വേളയിലാണ് ഈ കുത്തിക്കവർച്ച തുടരുന്നത് എന്നത് നാം ഓർക്കണം.

## വ്യവസായികൾക്ക് ഇളവുകളുടെ പ്രളയം

റിസർവ് ബാങ്ക് 2020 ഡിസംബറിൽ പുറത്തുവിട്ട കണക്കു പ്രകാരം കഴിഞ്ഞ 10 വർഷത്തിനു ള്ളിൽ ബാങ്കുകൾ എഴുതിത്തള്ളിയ വായ്പ 8,83,168 കോടി രൂപയുടേതാണ്. അതിൽ പൊതുമേ ഖലാ ബാങ്കുകളുടെ വിഹിതം 6,67,345 കോടി രൂപയാണ്. ഈ തുകയിൽ രണ്ടര ലക്ഷം കോടിയും എഴുതിത്തള്ളിയത് 2019 -2020 കാലയളവിലാണ്. കുത്തകവ്യവസായികളും അതിസമ്പന്നരും കൈവ ശമാക്കിയ വായ്പാ തുകയാണ് ഈ അതിഭീമമായ തുകയുടെ മുഖ്യപങ്കും. ഇത്ര വലിയ തുക കിട്ടാക്കടമായതോടെ രാജ്യത്തെ പൊതുമേഖലാ ബാങ്കുകളുടെ നിലനിൽപ്പു തന്നെ ചോദ്യം ചെയ്യ പ്പെടുകയാണ്. കോവിഡ് ലോക്ക് ഡൗൺ പാക്കേജിന്റെ ഭാഗമായി പ്രഖ്യാപിച്ച വമ്പിച്ച സൗജന്യ ങ്ങൾക്കും സ്വകാര്യവൽക്കരണത്തിന്റെ വലിയ ഓഫറുകൾക്കും പിറകെ 2020 സെപ്റ്റംബറിൽ നിലനിൽക്കുന്ന കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽ നിന്നും 22 ശതമാനമായി വെട്ടിക്കുറച്ച തായി കേന്ദ്ര ധനകാര്യ മന്ത്രി പത്രസമ്മേളനത്തിലൂടെ നമ്മെ അറിയിച്ചു. ഇതോടൊപ്പം പുതിയ തായി ആരംഭിക്കുന്ന ഉൽപ്പാദന ശാലകളുടെ കോർപ്പറേറ്റ് നികുതി 25 ശതമാനത്തിൽ നിന്നും 15 ശതമാനമാക്കി വെട്ടിക്കുറയ്ക്കുകയും ചെയ്തു. 2019– 2020 കാലയളവിൽ കോർപ്പറേറ്റ് നികുതിദാ യകർക്ക് നൽകിയ പരോക്ഷ സബ്സിഡികൾ വഴി ബജറ്റിലെ വാർഷിക വരുമാനത്തിൽ വന്ന കുറവ് 1.07 ലക്ഷം കോടിയാണെന്ന് ബജറ്റ് രേഖകൾ വ്യക്തമാക്കുന്നു. ഈ തുക എല്ലാ വർഷവും ഉയർന്നുകൊണ്ടേയിരിക്കുകയാണ്. ശതകോടീശ്വരന്മാർക്കും കുത്തക മുതലാളിമാർക്കും സർക്കാർ ഖജനാവിൽ നിന്ന് വാരിക്കോരി നൽകുന്ന സഹായങ്ങളുടെ ഏതാനും ചില കണക്കുകൾ മാത്ര മാണ് മുകളിൽ സൂചിപ്പിച്ചത്. മുതലാളിമാർക്കു നൽകുന്ന ഈ ഭീമമായ തുക, പാവപ്പെട്ടവർക്കു നൽകുന്ന പാചകവാതക സബ്സിഡി റദ്ദാക്കി ഖജനാവിലേക്ക് കൂട്ടുന്ന 20,000 കോടി രൂപ ഉൾപ്പ ടെയുള്ള തുകകൾ ചേർത്താണ്. എന്നിട്ടും പാവപ്പെട്ട ജനങ്ങളാണ് എന്റെ സുഹൃത്തുക്കൾ എന്ന് ബംഗാളിലെ തെരഞ്ഞെടുപ്പ് യോഗത്തിൽ വിലപിക്കാൻ പ്രധാനമന്ത്രിക്കു ഒരു ഉളിപ്പുമില്ല.

## സമുദ്രസമ്പത്തും കോർപ്പറേറ്റുകൾക്ക് പതിച്ചുനൽകാനായി ബ്ലൂ എക്കോണമി

ആഴക്കടൽ മത്സ്യബന്ധനം കോർപറേറ്റുകൾക്ക് തീറെഴുതാനുള്ള ധാരണാപത്രത്തിൽ കേരള സർക്കാർ ഒപ്പുവച്ചതിന് പിന്നിലെ കാര്യങ്ങൾ കൂടുതൽ വ്യക്തമാകുന്നവിധത്തിൽ കേന്ദ്ര സർക്കാരിന്റെ ബ്ലൂ ഇക്കോണമി എന്ന പേരിലുള്ള ഒരു രേഖ പുറത്തുവന്നിരിക്കുന്നു. ദേശീയ സമുദ്ര മത്സ്യനയത്തിന്റെ തുടർച്ചയെന്നോണം കടലിനടിയിലെ വിലപ്പെട്ട അപൂർവ്വ ധാതുസമ്പത്തും പ്രകൃതിസമ്പത്തും കൊള്ളയടിക്കാൻ അദാനിയെയും അംബാനിയെയും പോലുള്ള കോർപ്പറേറ്റുകൾക്ക് കടൽ തുറന്നിട്ട് കൊടുക്കുക എന്നതാണ് ബ്ലൂ ഇക്കോണമി ലക്ഷ്യം വെക്കുന്നത്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ എക്കോണമിക് അഡ്വൈസറി കൗൺസിൽ തന്നെയാണ് ഈ നീല സമ്പദ്ഘടനയുടെ കരടിന് രൂപം നൽകിയത്. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയം 2021 ഫെബ്രുവരി 17 ന്, ഈ രേഖയിന്മേൽ 10 ദിവസത്തിനുള്ളിൽ ബഹുജനാഭിപ്രായം തേടി, കരട് പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

നമ്മുടെ കടലിന്റെ അടിത്തട്ടിലേക്ക് ഇറങ്ങി ധാതുക്കൾ -യുറേനിയം, കോപ്പർ, തോറിയം,

ഇൽമനൈറ്റ്, സിർക്കോൺ - തുടങ്ങിയവയെല്ലാം വാരിക്കൊണ്ടുപോകാൻ കടലൊന്നാകെ തീറെഴുതുന്ന മറ്റൊരു ഭീമൻ കരാറിന്റെ ആരംഭമാണ് ഈ രേഖ. കടലിന്റെ അടിത്തട്ടെന്നാൽ മത്സ്യസമ്പത്തിന്റെ ആവാസ വ്യവസ്ഥയാണെന്നർത്ഥം. ആഴക്കടലിൽ വ്യാപകമായി ഖനനം നടന്നാൽ പിന്നെ തീരക്കടലിൽ മീനുകൾ ഉണ്ടാവില്ല. മത്സ്യത്തിന്റെ പ്രഭവ-പ്രജനന കേന്ദ്രങ്ങൾ തകർത്തുകളഞ്ഞാൽ പിന്നെ മത്സ്യമേഖല മരണത്തിന് കീഴടങ്ങേണ്ടി വരും. ഇന്ത്യൻ സമുദ്രവും തീരവും മത്സ്യബന്ധനവും കരിമണലും ആഴക്കടലും തുറമുഖങ്ങളും എല്ലാം കുത്തകകളുടെ കാൽക്കീഴിൽ കാഴ്ചവെയ്ക്കുന്ന ഗുരുതരമായ രാജ്യദ്രോഹമാണ് നടന്നുകൊണ്ടിരിക്കുന്നത്.

**ബിജെപിയുടെ പരാജയം ഉറപ്പാക്കുക –**
**തെരഞ്ഞെടുപ്പിന്റെ മുമ്പിലെ പ്രധാന കർത്തവ്യങ്ങളിലൊന്ന്**

കോൺഗ്രസ്സ് തുടങ്ങിവച്ച നവലിബറൽ നയങ്ങൾ കൂടുതൽ ആക്രമണോൽസുകതയോടെ കഴിഞ്ഞ 7 വർഷമായി മോദി ഭരണം നടപ്പാക്കുകയാണ്. സാമ്പത്തികരംഗത്തെ തകർച്ച സമാനതകളില്ലാത്തതാണ്. വ്യവസായിക മാന്ദ്യവും വിപണി ചുരുക്കവും ആഭ്യന്തര ഉൽപ്പാദനത്തെ ഏറ്റവും താഴ്ന്ന നിരക്കിലെത്തിച്ചിരിക്കുന്നു. 2.1 കോടി ചെറുകിട - ഇടത്തരം വ്യവസായ സംരംഭങ്ങൾ പൂട്ടപ്പെട്ടതായി ആ മേഖലയിലെ പ്രവത്തിക്കുന്ന സംഘടനയുടെ ദേശീയ ഭാരവാഹി കണക്കുകൾ ഉദ്ധരിച്ച് സമർത്ഥിക്കുന്നു. തൊഴിലില്ലായ്മയുടെ നിരക്ക് ഭയാനകമായ നിലയിലാണ്. അപേക്ഷകരുടെ എണ്ണം നിയന്ത്രാതീതമായതിനാൽ ഹരിയാനയിലും യുപിയിലും ഉദ്യോഗാർത്ഥികൾക്കുള്ള സർക്കാർ പരീക്ഷകൾ രണ്ട് തവണ ഉപേക്ഷിക്കേണ്ടി വന്നു. കോവിഡ് സൃഷ്ടിച്ച വരുമാനത്തകർച്ചയിൽ നിന്നും കരകയറാൻ സാധാരണജനങ്ങൾ ഒരു വഴിയും കാണാതെ നരകിക്കുകയാണ്. മുതലാളിമാർക്കു വാരിക്കോരി നൽകി രാജ്യം വമ്പിച്ച കടക്കെണിയിലകപ്പെട്ടിരിക്കുകയാണ്. മോദി ഭരണം ജനങ്ങൾക്കിടയിൽ സൃഷ്ടിച്ചിട്ടുള്ള ആഴമാർന്ന അസംതൃപ്തിയും രോഷവും അവർക്കെതിരെ ഒരു കൊടുങ്കാറ്റായി മാറാനിടയുണ്ടെന്നു തിരിച്ചറിഞ്ഞുകൊണ്ടാണ് ജനജീവിതവുമായി ഒരു ബന്ധവുമില്ലാത്ത കൃത്രിമപ്രശ്നങ്ങൾ ഉയർത്തി ജനങ്ങളെ തമ്മിലടിപ്പിക്കുന്നത്.

വിശ്വാസത്തിന്റെ ലോകത്ത് മയക്കിക്കിടത്തിയും അന്യമതങ്ങളോടുള്ള പകയുടെ ഉന്മാദത്തിൽ അകപ്പെടുത്തിയും നിഷ്ഠുരമായ മുതലാളിത്ത ചൂഷണത്തിന്, കോടിക്കണക്കിനു വരുന്ന പാവപ്പെട്ടവരെ വിധേയരാക്കുകയാണ് ബിജെപിയും സംഘപരിവാർ ശക്തികളും. പകലന്തിയോളം പണിയെടുത്ത് സമ്പാദിക്കുന്ന ചില്ലിത്തുട്ടുകൾ വിലക്കയറ്റത്തിലൂടെയും ഇന്ധനവിലവർദ്ധനവിലൂടെയും ചരക്ക്-സേവന നികുതിയിലൂടെയും ബിജെപി ഭരണം തട്ടിയെടുക്കുകയാണെന്ന് സാധാരണക്കാരൻ തിരിച്ചറിഞ്ഞാൽ അതു തങ്ങൾക്ക് അപകടമാണെന്ന് ബോദ്ധ്യമുള്ളതുകൊണ്ടാണ് അവരെ വിശ്വാസത്തിന്റെയും അന്യമത വിദ്വേഷത്തിന്റെയും ലോകത്ത് കുടുക്കിയിടുന്നത്. തങ്ങളുടെ ആരോഗ്യവും ആയുസ്സും അവസാന കണിക വരെ മുതലാളിമാർ കവർന്നെടുക്കുകയാണെന്ന വസ്തുത സാധാരണക്കാരന്റെ ചിന്തയിൽപ്പോലും ഉണ്ടാകരുതെന്ന കണക്കുകൂട്ടൽ ബിജെപിക്ക് ഉണ്ട്. രാമക്ഷേത്രവും ലവ് ജിഹാദും കാശ്മീരും ദേശീയതയും പൗരത്വവും തുടങ്ങിയ വിഷയങ്ങളെല്ലാം ഉയർത്തുന്നത് ഈ ലക്ഷ്യത്തോടെയാണ്. സാധാരണക്കാരെ വൻതോതിൽ തെറ്റദ്ധരിപ്പിച്ച് അധികാരം നേടുക എന്ന ഒരൊറ്റ ലക്ഷ്യം മാത്രമേ അവർക്കുള്ളൂ. അവർക്കു ലഭിച്ച അധികാരം വഴി സാധാരണക്കാരന്റെ ജീവിതം തകർന്നടിയുകയും അതിസമ്പന്നർ സ്വത്ത് വാരിക്കൂട്ടുകയുമാണുണ്ടായത്. അതിനാൽ കേന്ദ്ര സർക്കാരിനെ നയിക്കുന്ന ബിജെപിയെ പരാജയപ്പെടുത്തുക എന്നത് ഈ തെരഞ്ഞെടുപ്പിന്റെ മുമ്പിലെ ഏറ്റവും പ്രധാനമായ കർത്തവ്യങ്ങളിലൊന്നായിരിക്കണം. സ്വന്തം മതവിശ്വാസം തങ്ങളെ വഞ്ചിക്കാനും ചൂഷണം ചെയ്യാനുമുള്ള ഒരു മാർഗ്ഗമാക്കാൻ ആരെയും അനുവദിക്കില്ലെന്ന് സത്യസന്ധരും മനുഷ്യസ്നേഹികളുമായ ജനങ്ങൾ ഇച്ഛാശക്തിയോടെ, നിർഭയമായി തീരുമാനിക്കണം.

**കേന്ദ്ര ബിജെപി ഭരണത്തിന്റെയും എൽഡിഎഫ് സർക്കാരിന്റെയും അടിസ്ഥാന സാമ്പത്തിക നയമൊന്നുതന്നെ.**

## സ്വകാര്യ മൂലധന നിക്ഷേപത്തിനു വീഥിയൊരുക്കൽ മാത്രമാണ് ഭരണം.

എൽഡിഎഫ് സർക്കാർ കഴിഞ്ഞ അഞ്ച് വർഷ ഭരണത്തിന്റെ നയങ്ങളുടെ ആകമാന ലക്ഷ്യമെന്തായിരുന്നു? ഭരണത്തിന്റെ എല്ലാ തലങ്ങളും ഏകോപിപ്പിക്കപ്പെട്ട് പ്രവർത്തിച്ചത് സ്വകാര്യ മൂലധന നിക്ഷേപം വർദ്ധിപ്പിക്കുക എന്ന ഒരൊറ്റ ലക്ഷ്യത്തെ മുൻനിർത്തിയാണ്. ഏതു മാർഗ്ഗം അവലംബിച്ചും പരമ്പരാഗത മേഖലകളിൽ മാത്രമല്ല പുതിയ സാധ്യതകൾ തുറന്നെടുത്ത് അവിടെയും സ്വകാര്യ മൂലധന നിക്ഷേപത്തിനു വഴിതുറക്കുക എന്നതായിരുന്നു വികസനം എന്ന പേരിൽ എൽഡിഎഫ് സർക്കാരിന്റെ കഴിഞ്ഞ അഞ്ച് വർഷ ഭരണം നടപ്പാക്കിയ നയങ്ങളുടെയും പദ്ധതികളുടെയും അടിസ്ഥാന സമീപനം. ഒരു ഉദാഹരണം മാത്രമെടുക്കാം. കെ.എസ്.ഇ.ബിയുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കേബിൾ വഴി ഇൻർനെറ്റ് ലഭ്യത വീടുകളിലെത്തിക്കുക എന്നതാണ് കെ-ഫോൺ പദ്ധതി. സംസ്ഥാന സർക്കാർ 1100 കോടി രൂപ മുടക്കി, ഇന്റർനെറ്റ് സേവനദാതാക്കളായ ജിയോക്കും മറ്റുള്ളവർക്കും വേണ്ടി നടത്തുന്ന അടിസ്ഥാന സൗകര്യമൊരുക്കലിന്റെ പേരാണ് കെ-ഫോൺ. പിണറായി സർക്കാരിന്റെ വികസന മാതൃകയുടെ ഉത്തമ ഉദാഹരണം. ഏറ്റവുമൊടുവിൽ ആഴക്കടൽ മൽസ്യബന്ധനത്തിനും മൽസ്യസംസ്കരണത്തിനും വേണ്ടി ഇ.എം.സി.സി ഗ്ലോബൽ കൺസോർഷ്യത്തിന്റെ ഇൻഡ്യൻ കമ്പിനിയുമായി ഉണ്ടാക്കിയ കരാറും ഈ സമീപനത്തിന്റെ അടിസ്ഥാനത്തിൽ രൂപംകൊണ്ടതാണ്. കേരള തീരത്തെ മൽസ്യ സമ്പത്ത് കൊള്ളയടിക്കാനുള്ള പുതിയ മേഖല ഒരു നിക്ഷേപകനു തുറന്നുകൊടുക്കുക; അതു മാത്രമാണ് ലക്ഷ്യം. ഭരണം തുടങ്ങിയ 2016 മുതൽ ഇന്നു വരെ ഈ ലക്ഷ്യത്തോടെ നടപ്പാക്കിയതോ പ്രഖ്യാപിച്ചതോ ആയ പദ്ധതികളിൽ ഏറ്റവും ഒടുവിലത്തേതാണ് ഇത്. എത്രവേണമെങ്കിലും ഇതിന് ഉദാഹരണം ചൂണ്ടിക്കാട്ടാൻ കഴിയും. സെമി സ്പീഡ് റെയിൽ കോറിഡോർ (കെ-റെയിൽ) എന്ന കൂറ്റൻ നിർമ്മാണ പ്രോജക്റ്റ് മുതൽ വനങ്ങൾക്കു സമീപം പ്രവർത്തിക്കുന്ന ക്വാറികളുടെ ദൂരപരിധി കുറയ്ക്കാനുള്ള തീരുമാനത്തിൽ വരെ സ്വകാര്യ മൂലധന പ്രോൽസാഹനത്തിന്റെ ഈ സമീപനം കാണാം. നിർമ്മാണ മേഖലയിൽ നടക്കുന്ന എല്ലാ പ്രവർത്തികളുടെയും പിന്നിൽ ഈ സമീപനം ദർശിക്കാം. റിയൽ എസ്റ്റേറ്റു മേഖലയിലെ പ്രതിസന്ധിയിൽ കുടുങ്ങിയ കൂറ്റൻ നിർമ്മാണ കമ്പിനികൾക്ക് വലിയ മുതൽ മുടക്കുള്ള നിർമ്മാണ പ്രോജക്റ്റുകൾ പുതിയതായി സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഡോക്ടർമാരെയും നേഴ്സുമാരെയും നിയമിക്കുന്നതിനേക്കാൾ വമ്പിച്ച ഉൽസാഹത്തോടെ ആരോഗ്യവകുപ്പ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതും മോടി കൂട്ടുന്നതും ഇതേ ലക്ഷ്യത്തോടെയാണ്. സംസ്ഥാനത്തിന്റെ വരുമാനത്തിന് ഒട്ടും ആനുപാതികമല്ലാത്ത വിധം കൂറ്റൻ വായ്പകളെടുത്ത് നടത്തുന്ന ഈ പ്രവർത്തനങ്ങൾ കേരളത്തിന്റെ അന്തകനായി മാറുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട. ഇതു വികസനമല്ല. വിനാശമാണ്.

## കോർപ്പറേറ്റ് കൺസൾട്ടൻസികളും ഇടനിലക്കാരും കമ്മീഷൻ ഇടപാടുകാരും ഭരണസിരാകേന്ദ്രത്തെ പിടിമുറുക്കി.

സർക്കാരിന്റെയും ജനങ്ങളുടെയും സമ്പാദ്യവും വരുമാന മാർഗങ്ങളും ചോർത്തിയെടുക്കുന്ന ആഗോള കഴുകന്മാരെയാണ് വികസനത്തിന്റെ പേരിൽ പിണറായി സർക്കാർ ആനയിച്ചുകൊണ്ടുവന്നത്.ആഗോള ഫണ്ടിങ്ങ് ഏജൻസികളും കൺസൾട്ടൻസികളും നമ്മുടെ സാമ്പത്തിക ജീവിത വ്യാപാരങ്ങളെ നിയന്ത്രിക്കുന്ന അളവിലേക്ക് വളർന്നു. സാമൂഹ്യ ആവശ്യകതകൾ നിർവഹിക്കാനായി പാർലിമെന്ററി ജനാധിപത്യം അനുസരിച്ച് സംസ്ഥാന ബജറ്റിലൂടെ വരവ് ചെലവ് നിശ്ചയിച്ച്, സർക്കാർ നടപടിക്രമങ്ങളിലൂടെ നടപ്പിലാക്കി, ഭരണഘടനാപരമായ ഓഡിറ്റ് അക്കൗണ്ടിങ് സംവിധാനത്തിലൂടെ നിരീക്ഷിച്ച്, വീണ്ടും ജനപ്രതിനിധി സഭയായ നിയമസഭയിൽ വിലയിരുത്തുന്ന രീതി ക്രമേണ ഇല്ലാതായി വരികയാണ്. ഈ വലയത്തിന് പുറത്ത് നിരവധി ഏജൻസികളും കൺസൾട്ടൻസികളും കേരളത്തെ പിടിമുറുക്കിക്കഴിഞ്ഞു. സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റെടുത്ത ഉടനെ തന്നെ മുഖ്യമന്ത്രിയുടെ സാമ്പത്തിക ഉപദേശകയായി തീവ്ര വലതു നയങ്ങളുടെ വക്താവും ലോക ബാങ്കിന്റെ മുതിർന്ന

സാമ്പത്തിക വിദഗ്ധയുമായ ഗീതാ ഗോപിനാഥിനെ നിയമിച്ചപ്പോഴേ കാര്യങ്ങൾ വ്യക്തമായിരുന്നു. ആഗോളവൽക്കരണം അഴിച്ചുവിട്ട പുതിയ മുതലാളിത്ത ചൂഷണ തന്ത്രങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതാണ് തുടർന്ന് നാം കാണുന്നത്. പ്രളയം കേരളത്തെ വിഴുങ്ങിയപ്പോൾ പുനർനിർമാണത്തിന് മറവിൽ ലോക ബാങ്കിലൂടെ കെപിഎംജി എന്ന കുപ്രസിദ്ധ സ്ഥാപനത്തെ കൺസൾട്ടൻസി ആയി നിയമിച്ചു. ഇന്ത്യയിലെയും ലോകത്തെയും ആയിരക്കണക്കിന് വ്യവസായ ഭീമൻമാർക്ക് മാർക്കറ്റ് ഉണ്ടാക്കിയെടുക്കാൻ കരാർ ചെയ്യപ്പെട്ട കമ്പനിയാണ് കെപിഎംജി. പ്രകൃതി ദുരന്തങ്ങളെ തുടർന്നുള്ള പുനർനിർമാണത്തിന്റെ പേരിൽ വൻ തുകയുടെ കരാർ തരപ്പെടുത്തുകയായിരുന്നു അവരുടെ ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്ന പേരിൽ 1779 കോടി രൂപയുടെ ലോകബാങ്ക് വായ്പയിലൂടെ ആരംഭിച്ച ഈ പദ്ധതി ഇന്ന് പരിതാപകരമായ അവസ്ഥയിലാണ്. തുകയൊക്കെ വകമാറ്റി ചെലവഴിച്ചു. ഇതുവരെ 153 കോടി രൂപയാണ് നിർമ്മാണ പ്രവർത്തികൾക്ക് ചെലവഴിച്ചത്. അയ്യായിരത്തിലധികം കോടി രൂപ സംഭാവനയായും സാലറി ചലഞ്ച് വഴി കോടികളും പിരിച്ചു. ഇതൊക്കെ ഏതു വഴിക്കാണ് ചെലവഴിച്ചതെന്ന് സുതാര്യമായ കണക്കുകൾ ഒന്നുംതന്നെ അവതരിപ്പിച്ചിട്ടില്ല. പതിനായിരക്കണക്കിന് അപേക്ഷകർ കനിവിനായി കാത്തിരിക്കുമ്പോൾ പാർട്ടി നേതാക്കൾ ഈ ഫണ്ടിൽ നിന്ന് ലക്ഷക്കണക്കിന് രൂപ അടിച്ചുമാറ്റിയ സംഭവമാണ് എറണാകുളത്തുനിന്ന് പുറത്തുവന്നത്. പുൻർ നിർമ്മാണത്തിന്റെ പേരിൽ ജി എസ് ടി ക്ക് മേൽ പ്രളയ സെസ്സ് ഏർപ്പെടുത്തിയത് ഇപ്പോഴും തുടരുന്നു.

മനുഷ്യർ ഒന്നാകെ കോവിഡ് മഹാമാരിയുടെ വരവിനെ ആശങ്കയോടെ കണ്ടുതുടങ്ങിയ കേരളത്തിൽ രോഗവ്യാപനം ആരംഭിക്കുന്നതിനു മുമ്പുള്ള സമയത്താണ്, അതായത് 2020 മാർച്ചിലാണ് കേരളത്തിലെ രോഗികളുടെ വ്യക്തിപരമായ വിവരങ്ങളും ആരോഗ്യപരമായ വിവരങ്ങളും ശേഖരിക്കാൻ അമേരിക്കൻ കമ്പനിയായ സ്പ്രിംഗ്ലർക്ക് കേരള സർക്കാർ അനുമതി നൽകിയത്. ആഗോള ടെൻഡർ വിളിക്കാതെ മന്ത്രിസഭയിൽ പോലും ചർച്ച ചെയ്യാതെ കേരളത്തിലെ സംവിധാനങ്ങളെ പാടെ ഒഴിവാക്കി കൊണ്ട് അതീവ രഹസ്യമായാണ് ഇത് ചെയ്തത്. വിശ്വാസ്യത തീരെ ഇല്ലാത്ത വെറുമൊരു മാർക്കറ്റിങ് കമ്പനിയായ സ്പ്രിംഗ്ലർക്ക് പൗരന്മാരുടെ ഡാറ്റാ വിറ്റ് ലാഭം നേടാൻ ഈ സർക്കാർ അനുവദിച്ചു എന്നത് ജനങ്ങളോട് ചെയ്ത കൊടിയ വഞ്ചനയാണ്. ഒടുവിൽ ഐടി സെക്രട്ടറിയും മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമായ ശിവശങ്കർ സ്വന്തം നിലയിൽ കുറ്റം ഏറ്റെടുത്തു. പക്ഷേ അസാധാരണ കാലത്തെ അസാധാരണ നടപടി എന്ന് പറഞ്ഞ് പ്രതിരോധിക്കാനാണ് മുഖ്യമന്ത്രി തുനിഞ്ഞത്. പിടിക്കപ്പെട്ട പല ഇടപാടുകളിലും ഇതേ പാറ്റേൺ ആണ് തുടർന്നത്. ഇനിയും പുറത്തുവന്നിട്ടില്ലാത്ത എത്ര ഇടപാടുകൾ ആയിരിക്കും ഈ കൂട്ടർ നടത്തിയിട്ടുണ്ടാകുക. സ്വന്തം വകുപ്പായ ഐ.ടി വകുപ്പും ശിവശങ്കർ എന്ന സൂപ്പർ ഉദ്യോഗസ്ഥനെയും വച്ചുകൊണ്ട് നടത്തിയ നിരവധി ഇടപാടുകൾ കേരളം കീറിമുറിച്ച് ചർച്ച ചെയ്ത വിഷയങ്ങളാണ്. കുപ്രസിദ്ധമായ കൺസൾട്ടൻസികളുമായുള്ള ഗൂഢമായ ഇടപാടുകളിലൂടെ അരങ്ങേറുന്ന പ്രോജക്റ്റുകളും അവിടങ്ങളിലെ അവിഹിത ഇടപാടുകളും നിയമനങ്ങളും തന്നെയാണ് കേരളത്തെ ഇളക്കിമറിച്ച സ്വർണ്ണക്കടത്ത് കേസിലൂടെ പുറത്തുവന്നത്.

## സ്വകാര്യമൂലധന നിക്ഷേപത്തിന്റെ പാതയൊരുക്കലിനായുള്ള കിഫ്ബി കേരളത്തിലെ ജനങ്ങളെ കടക്കെണിയലകപ്പെടുത്തും.

നിയമസഭയോടോ, ക്യാബിനിറ്റിനോടോ ഉത്തരവാദിത്തമില്ലാത്ത, ആവശ്യാനുസരണം കമ്പനി എന്നും സർക്കാർ സംവിധാനം എന്നും മാറി മാറി വിശേഷിപ്പിക്കാവുന്ന കിഫ്ബി എന്ന ധനകാര്യ സംവിധാനം ഉണ്ടാക്കയിരിക്കുന്നത് സ്വകാര്യമൂലധന നിക്ഷേപത്തിനു പാതയൊരുക്കാൻ വേണ്ടി മാത്രമാണ്. ജനങ്ങളുടെ നികുതിപ്പണവും കടമെടുത്തപണവും ബഡ്ജറ്റിൽ ഉൾപെടുത്തി പ്രഖ്യാപിക്കുകയും, സർക്കാർ നിയന്ത്രണ സംവിധാനത്തിന്റെ വെളിയിൽ ചെലവഴിക്കുകയും, ഭരണഘടനാപരമായ ഓഡിറ്റുകൾ ഒഴിവാക്കുകയും, വരുത്തിവയ്ക്കുന്ന ബാധ്യത മുഴുവൻ

ജനങ്ങളുടെ തലയിൽ ആവുകയും ചെയ്യുന്ന ഒരു സൂപ്പർ സർക്കാരാണ് കിഫ്ബി. സർക്കാരിന്റെ പരസ്യങ്ങളിൽ അവകാശപ്പെടുന്നത് 60,000 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പാക്കുമെന്നാണ്. അതിനുള്ള പണമെവിടെ നിന്ന് ലഭിക്കും? സ്വന്തമായ വരുമാന ഉറവിടമില്ലാത്ത കിഫ്ബിയുടെ ഫണ്ട് അടിസ്ഥാനപരമായി സമാഹരിക്കുന്നത് വായ്പയിലൂടെയാണ്. സർക്കാർ ഗ്യാരണ്ടിയിലാണ് വായ്പ എടുക്കുന്നത്. കിഫ്ബി, വായ്പ തിരിച്ച് അടയ്ക്കുന്നില്ലെങ്കിൽ സർക്കാർ വായ്പ തിരിച്ചടയ്ക്കണം. എന്നു പറഞ്ഞാൽ ജനങ്ങളുടെ ശിരസ്സിൽ വായ്പയുടെ ഭരം അടിച്ചേൽപ്പിക്കപ്പെടും. സർക്കാർ ഖജനാവിലേക്ക് നിലവിൽ വന്നുകൊണ്ടിരുന്ന വാഹനനികുതി, ഇന്ധന സെസ്സ് എന്നിവ കൊണ്ട് പലിശ കൊടുക്കും. കിഫ്ബി പദ്ധതികളിൽ യൂസർ ഫീസും ടോളും നടപ്പാക്കുമെന്ന് 2016ൽ നിയമസഭയിൽ നടന്ന ചർച്ചയിൽ സർക്കാർ വ്യക്തമാക്കുകയുണ്ടായി. നാട്ടുകാരൻ ചുങ്കം കൊടുത്താൽ മാത്രം ഉപയോഗിക്കാൻ മാത്രം കഴിയുന്ന പദ്ധതികളാണ് വരാൻ പോകുന്നത്. അടിസ്ഥാനസൗകര്യ വികസനത്തിന്റെ പേരിൽ കൂറ്റൻ നിർമ്മാണ പ്രോജക്റ്റുകൾ വൻകിട നിർമ്മാണ കമ്പിനികൾക്കു നൽകുന്നതിനു വേണ്ടിയുള്ള ഒരു സംവിധാനം മാത്രമാണ് കിഫ്ബി. ജനങ്ങളിൽനിന്ന് നികുതിയായും മറ്റും സമാഹരിക്കുന്ന പണം സ്വദേശ വിദേശ കുത്തകകളുടെ കരങ്ങളിൽ എത്തിക്കുന്നതിനെയാണ് വികസനം എന്ന് ചെല്ലപേരിട്ടു വിളിക്കുന്നത്. മുതലാളിമാർക്കു വേണ്ടി അടിസ്ഥാനസൗകര്യ വികസന കമ്പോളം സർക്കാർ ചെലവിൽ സൃഷടിക്കുന്ന വഞ്ചനയാണ് കിഫ്ബി. പാതകളും പാലങ്ങളും കെട്ടിടങ്ങളും കൂറ്റൻ യന്ത്രങ്ങളുപയോഗിച്ച് പണി കഴിഞ്ഞാൽ ഉടൻതന്നെ അടുത്ത പദ്ധതികൾ ആരംഭിക്കണം. അല്ലെങ്കിൽ ഭീമമായ നിക്ഷേപം തുരുമ്പു പിടിക്കും. സംസ്ഥാനത്ത് മാത്രമല്ല, രാജ്യമെമ്പാടും നിർമ്മാണ പ്രവർത്തികൾ നിരന്തരമായി നടക്കുന്നത് അതിനാലാണ്. ഇത് വൻകിട കുത്തകകൾക്ക് മാത്രം വകഞ്ഞു വെച്ചിരിക്കുന്ന കമ്പോളമാണ്. ഇങ്ങനെ കുത്തകകളെ കൊഴുപ്പിക്കാൻ കടംവാങ്ങി കൂട്ടുന്നതുവഴി കേരളത്തിന് സംഭവിക്കാൻ പോകുന്ന ദുരന്തത്തെക്കുറിച്ചുള്ള മുന്നറിയിപ്പുകളൊന്നും പിണറായി സർക്കാർ വകവയ്ക്കുന്നില്ല.

കേന്ദ്ര ബിജെപി സർക്കാരിന്റെയും എല്ലാ സംസ്ഥാന സർക്കാരുകളുടെയും നയങ്ങളുടെ അടിസ്ഥാനവും ഇതുതന്നെ. രാജ്യമെമ്പാടുമായി 21 നഗരങ്ങളിൽ മെട്രോ റെയിൽ നിർമ്മിക്കുന്ന കേന്ദ്ര സർക്കാരിന്റെ നഗരവികസനവും ഇതേ ലക്ഷ്യത്തോടെയുള്ളതാണ്. ഇവയിൽ ബഹുഭൂരിപക്ഷവും വൻ നഷ്ടമാകുമെന്ന് സാമ്പത്തിക പഠനങ്ങൾ തെളിയിച്ചിട്ടും പദ്ധതികളുമായി മുന്നോട്ടുപോകുന്നതിന്റെ പിറകിലെ താൽപ്പര്യം കൂറ്റൻ നിർമ്മാണ കമ്പിനികൾക്ക് പ്രോജക്റ്റുകൾ നൽകുക എന്നതുമാത്രമാണ്. മോദി സർക്കാർ നടത്തുന്ന പടുകൂറ്റൻ നിർമ്മാണ പ്രവൃത്തികളുടെയും ലക്ഷ്യവും ഇതുതന്നെയാണ്. രണ്ട് പതിറ്റാണ്ടുകൾക്കു മുമ്പ് കൊള്ളപ്പലിശയ്ക്കു കടമെടുത്ത് മെഗാ നിർമ്മാണ പദ്ധതികൾ നടപ്പാക്കി, കടക്കെണിയിലായി സർവ്വതും തകർന്ന ഗ്രീസിന്റെ ദുരന്തമാണ് ഇൻഡ്യയെ കാത്തിരിക്കുന്നത്.

ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടം 1,60638 കോടി രൂപയായിരുന്നു. കാലാവധി പൂർത്തിയാകുമ്പോൾ അത് രണ്ട് മടങ്ങ് വർദ്ധിച്ച് 3,01642 കോടി രൂപയായി. കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് പലിശ കൊടുക്കാൻ വേണ്ടി മാത്രം നിയോഗിച്ചിരിക്കുന്നത് 83486 കോടി രൂപയാണ്. റവന്യൂ വരുമാനത്തിന്റെ അഞ്ചിലൊന്ന് ഇപ്പോൾതന്നെ പലിശ കൊടുക്കാൻ മാത്രം വേണ്ടിവരുന്നു. സംസ്ഥാനത്തിന്റെ വരുമാനത്തിന് ആനുപാതികമല്ലാത്ത നിലയിൽ കടഭാരം ഉയർന്നു കഴിഞ്ഞു. അത് ക്രമേണ വർധിച്ചുവരികയാണ്. ഈ സ്ഥിതിവേശേഷത്തെയാണ് കടക്കെണി എന്നു പറയുന്നത്. വായ്പയുടെ മുതൽ (ജ്യശിരശുമഹ അറീൗിേ) തിരികെ കൊടുക്കേണ്ടിവരുന്ന ഒരു സാഹചര്യം അചിന്ത്യം. കേരളത്തിലെ ജനങ്ങളിൽ നിന്നുള്ള വരുമാനത്തെ കണ്ടുകൊണ്ടുള്ള കടമെടുപ്പ് ആണെന്നതുകൊണ്ട് നാം ഓരോരുത്തരെയും പണയം വച്ചാണ് ഇവർ കടം കൊള്ളുന്നത്. ഇപ്രകാരം കടമെടുക്കുന്ന പണത്തിന്റെ നല്ലൊരുഭാഗവും സാധാരണ ജനങ്ങൾക്ക് വേണ്ടിയല്ല ചെലവഴിക്കപ്പെടുന്നത്.

**പുതിയ ചൂഷണകാലത്തെ സാമൂഹ്യ അസംതൃപ്തിയെ നിശബ്ദമാക്കാൻ മുഖ്യമന്ത്രിയുടെ കീഴിൽ പോലീസ് സേന**

മുഖ്യമന്ത്രി പിണറായിയുടെ കീഴിൽ സംസ്ഥാന പോലീസ് സേന നടത്തിയ ജനാധിപത്യ ധ്വംസനങ്ങളും പൗരാവകാശ ലംഘനങ്ങളും ഇനിയും ജനാധിപത്യവൽക്കരിക്കപ്പെടാത്ത സേന യുടെ നടപടികളെന്ന നിലയിൽ മാത്രം കാണാൻ കഴിയില്ല. നവലിബറൽ കാലഘട്ടത്തിൽ ഭരണ കൂടാധികാരം സ്വീകരിച്ചിട്ടുള്ള പുതിയ അടിച്ചമർത്തൽ സ്വഭാവത്തിന്റെ പ്രകടനങ്ങളാണവ. ബിജെപി ഭരണത്തിൻ കീഴിൽ ദില്ലി, യു.പി സേനകൾ ഭരണഘടന, ജനാധിപത്യ നിയമസംഹിത, ലിബറൽ മൂല്യങ്ങൾ തുടങ്ങിയവയെ എല്ലാം നിശേഷം കുഴിച്ചുമൂടിക്കൊണ്ട് കൈക്കൊള്ളുന്ന ക്രിമിനൽ നട പടികളുടെ കൃത്യമായ പകർപ്പാണ് പിണറായിയുടെ പോലീസ് കേരളത്തിൽ നടപ്പാക്കിയത്. നാലു സംഭവങ്ങളിലായി 9 പേരെ മാവോയിസ്റ്റുകൾ എന്ന പേരിൽ വ്യാജ ഏറ്റുമുട്ടലിലൂടെ കൊന്നുതള്ളി യത് ലക്ഷണമൊത്ത ദില്ലി പോലീസ് മാതൃകയായിരുന്നു. മാവോയിസ്റ്റുകൾ എന്ന പേരിൽ അലൻ – താഹമാരെ യു.എ.പി.എ ചുമത്തി തുറുങ്കിലടച്ചത് കൃത്യമായ ഒരു ഉത്തർപ്രദേശ് മാതൃകയായി രുന്നു. എന്താണ് അവർ ചെയ്ത കുറ്റം? ഈ രണ്ടു വിദ്യാർത്ഥികളെ ഏറ്റവും നിഷ്ഠുര നിയമങ്ങളിൽ ഒന്നായ യുഎപിഎ ചുമത്തി കേരള പോലീസ് അറസ്റ്റ് ചെയ്ത് കേന്ദ്ര ഏജൻസിയായ എൻ ഐ എ ക്ക് കൈമാറിയ പിണറായി സർക്കാരിന്റെ നടപടി കേരളത്തിലെ ജനാധിപത്യ മനസ്സാക്ഷിയെ വേട്ടയാടുന്ന ഒന്നായി നിലനിൽക്കും. എൻഐഎ സമർപ്പിച്ച കുറ്റപത്രത്തിൽ ഈ വിദ്യാർത്ഥികൾ മാവോയിസ്റ്റുകളാണെന്നുള്ളതിന്റെ തെളിവുകളിൽ ഒന്ന് ഇവർ മൊബൈൽ ഫോൺ ഉപയോഗിച്ചി രുന്നില്ല എന്നതാണ്! പുതിയ കാലത്ത് ആരെയെങ്കിലും തടവിലാക്കാൻ കുറ്റം ചെയ്യണമെന്നോ അന്വേഷണത്തിൽ തെളിയണമെന്നോ തെളിവുകൾ ഹാജരാക്കണമെന്നോ ഇല്ല. ഇക്കാര്യത്തിൽ മോഡി സർക്കാരിനെയും യുപി സർക്കാരിനെയും പിന്തുടരുകയായിരുന്നു പിണറായി സർക്കാർ. കേരളത്തിലെ ജനാധിപത്യ ബോധമുള്ള മുഴുവനാളുകളും അപലപിച്ചിട്ടും പിണറായി വിജയൻ സ്വതസിദ്ധമായ ധാർഷ്ട്യത്തോടെ നിലകൊള്ളുകയായിരുന്നു. അവർ മാവോയിസ്റ്റുകളാണെന്ന് തെളി ഞ്ഞല്ലോ എന്ന് യോഗി ആദിത്യനാഥിന്റെ സ്വരത്തിൽ മുഖ്യമന്ത്രി ആരോപിക്കുമ്പോൾ അന്വേഷണം പൂർത്തിയായിരുന്നു പോലുമില്ല. എങ്കിലും ഭരണാധികാരികൾക്ക് അങ്ങിനെ പറയാം. ലെജിസ്ലേച്ച റിനോടുള്ള നിഷ്പക്ഷത കാറ്റിൽപ്പറത്തി കോടതികൾക്ക് ഈ ഭരണാധികാരികളുടെ തിട്ടൂരമനു സരിച്ച് വിധി പറയാം. ഇതെല്ലാം പുതിയ ചൂഷണകാലത്തിന്റെ നീതിനടത്തിപ്പാണ്. ഇതൊക്കെ ചെയ്തുകൂട്ടിയതിനു ശേഷവും ഇടതുപക്ഷമാണെന്ന് ഞെളിയാൻ നാണമില്ലല്ലോ ഇക്കൂട്ടർക്ക്.

സിവിൽ അധികാരികൾക്ക് നൽകിയിരുന്ന എക്സിക്യൂട്ടീവ് മജിസ്റ്റീരിയൽ അധികാരങ്ങൾ പോലീസിന് നൽകാൻ പിണറായി സർക്കാർ നടത്തിയ നീക്കം മകളിൽ സൂചിപ്പിച്ച അജണ്ടയുടെ അടിസ്ഥാനത്തിൽ കൊണ്ടുവന്നതാണ്. പോലീസിനു കോടതിയുടെ അധികാരങ്ങൾ നൽകുന്നത് ആപത്കരം ആയിരിക്കുമെന്ന് തിരിച്ചറിയാത്തതുകൊണ്ടല്ല പിണറായി സർക്കാർ അതിന് തുനിഞ്ഞത് . കേരള പോലീസ് ആക്ട് ഭേദഗതി നീക്കവും ഇതേ ദിശയിൽ വന്നതാണ്. ഈ ഭേദഗതിയിലൂടെ, സാമൂഹ്യ മാധ്യമങ്ങളിലും മറ്റും വരുന്ന അഭിപ്രായ പ്രകടനങ്ങളുടെ പേരിൽ ആരുടെയും പരാതിയില്ലാതെ തന്നെ ഒരു പോലീസ് ഉദ്യോഗസ്ഥന് ജാമ്യമില്ലാത്ത വകുപ്പുകൾ പ്രയോഗിച്ചു ആരെയും അറസ്റ്റ് ചെയ്യാൻ അധികാരം നൽകാനാണ് സർക്കാർ ശ്രമിച്ചത്. തങ്ങൾക്ക് ഹിതകരമല്ലാത്ത അഭിപ്രായങ്ങൾ പറയുന്ന മാധ്യമപ്രവർത്തകരെയും സാധാരണ പൗരന്മാരെയും ഭീഷണിപ്പെടുത്തി വിയോജിപ്പിന്റെ ശബ്ദങ്ങളെ അമർച്ചചെയ്യാനായി പുതിയ നിയമം സർക്കാരിന്റെ കയ്യിൽ ബലമുള്ള ആയുധമായി മാറുകയായിരുന്നു. ഈ ഭേദഗതി നിലവിൽ വരുന്നതിനു മുമ്പ് തന്നെ മുഖ്യമന്ത്രിയെ സാമൂഹ്യമാധ്യമങ്ങളിലൂടെ വിമർശിച്ചു എന്നപേരിൽ എത്രയെത്ര കേസുകളാണ് എടുത്തിട്ടുള്ളത്.

കൂട്ടം തെറ്റി മേയാൻ സാധ്യതയുള്ള മുഴുവൻ ചെറുപ്പക്കാർക്കു നേരെയും തോക്കു ചൂണ്ടി ഭീഷ ണിപ്പെടുത്തുകയാണ് ഇടതെന്ന് വീമ്പിളക്കുന്ന പിണറായി ഭരണം. സെക്രട്ടേറിയറ്റ് നടയിൽ ഏതാ

നും വിദ്യാർത്ഥികൾ തുടക്കം കുറിക്കുകയും കേരളത്തിന്റെ ഒന്നാകെയുള്ള ആദരവും അനുഭാവവും പിടിച്ചുപറ്റി വലിയ മുന്നേറ്റമായി മാറുകയും ചെയ്ത തിരുവനന്തപുരം ഷഹീൻബാഗിനു നേരെ പിണറായിയുടെ പോലീസ് രജിസ്റ്റർ ചെയ്ത നിരവധി കേസുകൾ ഈ ഭീഷണിപ്പെടുത്തലിന്റെ തുടർച്ചയായിരുന്നു. പൗരത്വ നിയമഭേദഗതിക്കെതിരെ നടന്ന സമരത്തിനെതിരെ ഇടതു പോലീസ് രജിസ്റ്റർ ചെയ്തത് ഒന്നും രണ്ടുമല്ല അഞ്ഞൂറിലധികം കേസുകളായിരുന്നു. ആരെ തൃപ്തിപ്പെടുത്താനാണ് ഈ നടപടികൾ? എൻജിനീയറിംഗ് വിദ്യാർത്ഥിയായിരുന്ന ജിഷ്ണു പ്രണോയിയുടെ ഘാതകരെ അറസ്റ്റു ചെയ്യണമെന്നാവശ്യപ്പെട്ട അമ്മയായ മഹിജയെ വലിച്ചിഴച്ച് ജയിലിലടച്ചത് ആർക്കുവേണ്ടിയായിരുന്നു? അവരോടൊപ്പം സമരം ചെയ്ത എസ്.യു.സി.ഐ (കമ്യൂണിസ്റ്റ്) നേതാക്കളെ ജാമ്യം നിഷേധിച്ച് തടവിലിട്ടത്, ജനാധിപത്യ സമര ഭൂമിയിൽ വരാനിടയുള്ള യുവാക്കൾക്കുള്ള താക്കീതായിരുന്നു. സമരം ചെയ്യുന്നവരെ ബന്ധുക്കൾ അല്ലാതെ മറ്റാരും സഹായിക്കരുത് എന്ന ഒരു പുതിയ തത്വശാസ്ത്രവും അവർ വിളമ്പി.

ബൂർഷ്വാ നീതിനായവ്യവസ്ഥയുടെ മൂലക്കല്ലുകൾ പോലും പിഴുതെറിഞ്ഞ് വന്നുകൊണ്ടിരിക്കുന്ന കരിനിയമങ്ങളും പോലീസ് സേനയിലെ പരിഷ്കാരങ്ങളും കോടതികളുടെ നീതിനിഷേധവും എല്ലാം വർദ്ധിച്ചുവരുന്ന സാമൂഹ്യ അസംതൃപ്തിയെ മൃഗീയമായ അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ട് സ്വകാര്യമൂലധനത്തിന്റെ കഴുത്തറപ്പൻ കുതിപ്പിനനുസൃതമായി ഭരണാധികാരത്തിന്റെ മൂർച്ച കൂട്ടലാണ്.

കസ്റ്റഡി മരണങ്ങളുടെ പരമ്പരയാണ് എൽഡിഎഫ് ഭരണകാലത്ത് ഉണ്ടായത്. 2017– 18 ൽ മാത്രം 8 കസ്റ്റഡി മരണങ്ങൾ ഉണ്ടായി. വരാപ്പുഴ ശ്രീജിത്ത്, വാഗമണ്ണിലെ രാജ് കുമാർ, വണ്ടൂരിലെ അബ്ദുൾ ലത്തീഫ്, തലശ്ശേരിയിലെ കാളിമുത്തു, മണ്ണാർക്കാട്ടെ നവാസ്, കുണ്ടറയിലെ കുഞ്ഞുമോൻ, പിണറായിയിലെ ഉനൈസ്, കാസർഗോട്ടെ സന്ദീപ് തുടങ്ങിയവരെ പോലീസ് ചതച്ചു കൊന്നു. ജനാധിപത്യ ധ്വംസനങ്ങൾക്കും പൗരാവകാശ വേട്ടക്കുമെതിരെ രാജ്യമെമ്പാടും നടക്കുന്ന പോരാട്ടങ്ങളെ ദുർബലപ്പെടുത്തുന്ന ചെയ്തികളായിരുന്നു എൽഡിഎഫ് സർക്കാരിന്റെ പോലീസ് സേനയുടെ ഭാഗത്ത് നിന്നുണ്ടായത്.

## സിപിഐ(എം)ന്റെ നീചമായ വർഗ്ഗീയ മുതലെടുപ്പ് മനുഷ്യസ്നേഹികളിൽ ഉൾക്കിടിലമുണ്ടാക്കുന്നു.

വോട്ടിനുവേണ്ടി എത്ര നിന്ദ്യമായ ചെയ്തിയുമാകാമെന്ന് സിപിഐ(എം) മാതൃക കാട്ടുകയാണ്. മുൻകാലങ്ങളിലും കോൺഗ്രസ്സും സിപിഐ(എം)ഉം ഉൾപ്പടെയുള്ള മിക്ക പ്രസ്ഥാനങ്ങളും തെരഞ്ഞെടുപ്പ് നേട്ടങ്ങൾക്കായി വർഗ്ഗീയ വികാരങ്ങളെ പ്രോൽസാഹിപ്പിക്കുകയും മുതലെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഇത്ര തുറന്നടിച്ച വർഗ്ഗീയ മുതലെടുപ്പിന്റെ ദുഷ്ടലക്ഷ്യം ഇതാദ്യമാണ്. പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം വന്നതിന്റെ തൊട്ടടുത്ത ദിവസം, യുഡിഎഫിനെ നയിക്കുന്നത് മുസ്ലീം ലീഗാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പ്രസ്താവിക്കുകയുണ്ടായി. ലീഗ് നേതാക്കളെ സന്ദർശിക്കാൻ പോയ യുഡിഎഫ് നേതാക്കളുടെ നടപടി വർഗ്ഗീയക്കളികളെ ലക്ഷ്യം വച്ചു കൊണ്ടുള്ളതാണെന്ന് വീണ്ടു സിപിഐ(എം) നേതാക്കൾ പ്രസ്താവിച്ചു. ന്യൂനപക്ഷ വർഗ്ഗീയതയാണ് രാജ്യത്തെ ഏറ്റവും വലിയ വർഗ്ഗീയത എന്ന സിപിഐ(എം) സംസ്ഥാന ആക്റ്റിംഗ് സെക്രട്ടറിയുടെ പ്രസംഗം ഇക്കൂട്ടരുടെ ലക്ഷ്യം മറയില്ലാതെ പുറത്താക്കി. ഇതേ ഉള്ളടക്കമുള്ള പ്രസ്താവനകൾ പിന്നെയും ഉണ്ടായി. അതീവ ആപൽക്കരമായ വർഗ്ഗീയ കരുനീക്കമാണ് സിപിഐ(എം) നടത്തുന്നത്. രാജ്യമെമ്പാടും ആസൂത്രിമായി സംഘപരിവാർ ശക്തികൾ വളർത്തിയെടുക്കുന്ന മുസ്ലീം വിരോധത്തെ ഉപയോഗപ്പെടുത്തി ഭൂരിപക്ഷവർഗ്ഗീയതയുടെ ധ്രുവീകരണം സൃഷ്ടിക്കാനുള്ള ശ്രമമാണത്.

ആർഎസ്എസിനും ബിജെപിക്കുമെതിരെ വാചാടോപം നിലനിർത്തി ന്യൂനപക്ഷ

സമുദായത്തിലെ സംരക്ഷകരുടെ വേഷം അണിയേണ്ടിടത്ത് അങ്ങനെയും, മുസ്ലിംവിരോധം പ്രയോജനപ്പെടുത്തി ഭൂരിപക്ഷ വർഗീയതയെ പ്രീണിപ്പിക്കേണ്ടിടത്ത് അപ്രകാരവും ചെയ്തുകൊണ്ട് വർഗീയ മനോഘടന ഉറപ്പിക്കുന്നതിൽ അവർക്ക് യാതൊരു മനസ്സാക്ഷിക്കുത്തുമില്ല. സംസ്ഥാന രാഷ്ട്രീയം അഭിമുഖീകരിക്കുന്ന ഏറ്റവും പ്രമുഖവും ഗൗരവതരമായ വിപത്ത് മുസ്ലിം മതാടിസ്ഥാനത്തിലുള്ള സംഘടിത പ്രസ്ഥാനങ്ങൾ ആണെന്ന് പ്രതീതി സൃഷ്ടിക്കാൻ നിരന്തരം സിപിഐ(എം) ശ്രമിച്ചുകൊണ്ടേയിരുന്നു. തക്കതായ കാരണമൊന്നുമില്ലാതെ മുസ്ലിം ലീഗിനെതിരെ അവസരത്തിലും അനവസരത്തിലും ആക്രമിച്ചു കൊണ്ടേയിരുന്നു. ഈ രാഷ്ട്രീയ സംഘടനകളുടെ തത്വങ്ങളും വീക്ഷണങ്ങളും പുരോഗമന ജനാധിപത്യ മൂല്യങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കാനാവാത്തതണെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. എന്നാൽ ഇവരെ ഭീകര വാദികളും വിഘടനവാദികളുമായി ബിജെപിയും സംഘശക്തികളും നിരന്തരമായി മുദ്രകുത്തുന്ന അതേ ശൈലിയിലും സ്വരത്തിലും സിപിഐ(എം) ആവർത്തിക്കുന്നത് രാഷ്ട്രീയ ദുഷ്ടലാക്കോടെയാണ്. എൽഡിഎഫിൽ ലീഗ് പിളർന്നുണ്ടായ ഐഎൻഎൽ എന്ന കഷണത്തെ കൂടെക്കൂട്ടിയിട്ടാണ് ഈ ചാരിത്ര്യപ്രസംഗം നടത്തുന്നത്. തങ്ങളുടെ കൂടെ നിന്നാൽ പുരോഗമന കക്ഷിയും എതിർചേരിയിലായാൽ വർഗീയകക്ഷിയും എന്ന സിദ്ധാന്തം നഗ്നമായ അവസരവാദം അല്ലാതെ മറ്റെന്താണ്. മുസ്ലിം വർഗീയതയ്ക്കെതിരെ പോരാട്ടമെന്ന പുരോഗമന വേഷം കെട്ടിയാടുന്നത് ഭൂരിപക്ഷ വർഗീയതയുടെ സഹായം നേടുക എന്ന നീചമായ ലക്ഷ്യത്തോടെ മാത്രമാണ്. അറുവഷളൻ പ്രതിലോമ നിലപാടുകൾ പരസ്യമായി പ്രഖ്യാപിക്കുന്ന കാന്തപുരം സുന്നി വിഭാഗവുമായുള്ള ചങ്ങാത്തവും ഓർത്തഡോക്സ്-യാക്കോബായ സഭാതർക്കത്തിൽ ഒരു വിഭാഗത്തിന്റെ വക്താവായി നിലകൊള്ളുന്നതും സാമുദായികമായ ചേരിതിരിവ് ഉപയോഗപ്പെടുത്തി തെരഞ്ഞെടുപ്പിൽ നേട്ടം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ മാത്രമാണ്.

തെരഞ്ഞെടുപ്പിൽ സിപിഐ(എം)കണക്കുകൂട്ടുന്ന വർഗ്ഗീയ മുതലെടുപ്പ് തിരിച്ചറിഞ്ഞ കോൺഗ്രസ്സ് നേതൃത്വം ഇതിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെ തങ്ങൾ അധികാരത്തിൽ വന്നാൽ ശബരിമലയിൽ യുവതിപ്രവേശനം നിയമം മൂലം നിരോധിക്കുമെന്ന് പ്രഖ്യാപിച്ചു. പ്രതി പക്ഷ നേതാവ് രമേശ് ചെന്നിത്തലയുടെ യാത്രയിൽ ഉടനീളം ഇത് ഉന്നയിക്കപ്പെട്ടു. തിരിച്ചടിക്കാ നായി ഉടൻ എൽഡിഎഫ് സർക്കാർ ശബരിമല പ്രശ്ന വേളയിൽ രജിസ്റ്റർ ചെയ്തിരുന്ന എല്ലാ കേസുകളും റദ്ദുചെയ്യാൻ തീരുമാനിച്ചു. ഏറ്റവുമൊടുവിൽ ദേവസ്വം മന്ത്രി കടകം പള്ളി സുരേ ന്ദ്രൻ ശബരിമല പ്രശ്ന കാലത്ത് സർക്കാർ സ്വീകരിച്ച നടപടികൾ വിശ്വാസികൾക്ക് വിഷമമുണ്ടാ ക്കയതിൽ ഖേദം രേഖപ്പെടുത്തി. ഇതിനിടയിൽ മറ്റൊരു നേതാവ് വിശ്വാസികളുടെ വോട്ട് ലക്ഷ്യം വച്ചുകൊണ്ട് വൈരുദ്ധ്യാത്മക ഭൗതികവാദം രാജ്യത്തു പ്രായോഗികമല്ല എന്ന് പ്രഖ്യാപിച്ചുകൊണ്ട് മാർക്സിസത്തെ തള്ളിപ്പറഞ്ഞു. നാല് വോട്ടുകിട്ടുന്നതിനു വേണ്ടി സിപഐ(എം) നേതാക്കൾ കെട്ടിയാടുന്ന പരിഹാസ്യജനകമായ വേഷങ്ങൾ കണ്ടിട്ട് കേരളം ലജ്ജിച്ച് തല താഴ്ത്തുകയാണ്. ഈ നീക്കങ്ങൾ കേരളത്തിന്റെ ജനാധിപത്യ -മതേതര മനോഘടനയ്ക്ക് ഏൽപ്പിക്കുന്ന ആഘാ തത്തെ സംബന്ധിച്ച് കൃത്യമായ ബോദ്ധ്യമുള്ളവരാണ് ഇവരെല്ലാം.

ഒരു കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് നിരക്കും വിധം ഉയർന്ന ശാസ്ത്രീയ മനോഘടന സ്വന്തം അണികളിൽ സൃഷ്ടിക്കാൻ സിപിഎമ്മിന് സ്വന്തം വർഗസ്വഭാവം കാരണം ആകില്ല തന്നെ. പക്ഷേ പരിഷ്കൃത ജനാധിപത്യ ധാർമിക ജീവിത മൂല്യങ്ങൾ സമൂഹത്തിൽ നിലനിർത്താനും വ്യാപിപ്പിക്കാനും കേരളസമൂഹത്തിൽ വേരോട്ടമുള്ള ഒരു പ്രസ്ഥാനമെന്ന നിലയിൽ സിപിഎമ്മിന് ഉത്തരവാദിത്വം ഉണ്ടായിരുന്നു. അത് നിർവഹിച്ചില്ലെന്ന് മാത്രമല്ല വർഗീയശക്തികൾ സമൂഹത്തിൽ സൃഷ്ടിക്കുന്നു സ്വാധീനം തങ്ങൾക്കും സ്വരൂപിക്കാൻ അതേ സ്വഭാവത്തിലുള്ള പലതരം ആചാര അനുഷ്ഠാന ഏർപ്പാടുകൾ സ്വീകരിക്കുന്നതാണ് നാം കാണുന്നത്. എതിരാളികളെ കായികമായി അമർച്ച ചെയ്യുന്ന സമ്പ്രദായവും ഭരണത്തിലിരിക്കുമ്പോൾ ചെയ്തു കൂട്ടുന്ന ദുഷ്ചെയ്തികളും കാരണം ഒരുപാട് നല്ല മനുഷ്യരെ ഇവർ വലതു ചേരിയിലേക്ക് ആട്ടിയോടിക്കുന്നു. കമ്മ്യൂണിസ്റ്റ്

നാമധാരികൾ ആയതുകൊണ്ട് കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് തന്നെ അവമതിപ്പും ഇവർ സൃഷ്ടിക്കുന്നു. സംഘപരിവാർ അണികളിൽ ചെറുതല്ലാത്ത ഒരു വിഭാഗം സിപിഎമ്മിൽ നിന്ന് ചേക്കേറിവരാണെന്ന് നമുക്ക് കാണാം.

### തൊഴിലവകാശങ്ങളെയും തൊഴിലാളികളെയും 'നിക്ഷേപ സൗഹൃദപരമാക്കിയ' എൽഡിഎഫ് സർക്കാർ

എൽഡിഎഫ് സർക്കാർ പ്രഖ്യാപിച്ച തൊഴിൽ – വ്യവസായ നയത്തിൽ, 'സമ്പൂർണ്ണ നിക്ഷേപ സൗഹൃദവും' 'സംരംഭകത്വ സൗഹൃദമായ സംസ്ഥാനമാക്കി മാറ്റുക'എന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് പറഞ്ഞിരുന്നു. തൊഴിൽസമരം മാസത്തിൽ ഒന്നിലധികം വേണമോ എന്ന് സമരം ചെയ്യുന്നവർ ചിന്തിക്കണമെന്നാണ് മുഖ്യമന്ത്രി ഒരിക്കൽ ഉപദേശിച്ചത്. 'Ease of doing business' എന്ന കേന്ദ്ര സർക്കാരിന്റെ നയവും രാജ്യത്തെ നിക്ഷേപസൗഹൃദപരമാക്കുക എന്നതുതന്നെയാണ്. തൊഴിലാളികൾ അവകാശങ്ങളും ആനുകൂല്യങ്ങളും മുതലാളിക്ക് മനപ്രയാസം ഉണ്ടാക്കുന്ന നിലയിൽ ഉന്നയിക്കരുതെന്നാണ് സാരോപദേശം. സംസ്ഥാനത്തെ അസംഘടിത മേഖലയിൽ പണിയെടുക്കുന്ന 14.2 ലക്ഷം തൊഴിലാളികൾക്ക് ജീവൻ നിലനിർത്താനുള്ള മിനിമം കൂലിയോ അവകാശങ്ങളോ ഉറപ്പാക്കപ്പെടാത്ത ഒരു സംസ്ഥാനത്താണ് തൊഴിലാളി സമരം ചെയ്യുന്നതിന്റെ എണ്ണം കുറയ്ക്കണമെന്ന് സന്മാർഗ്ഗോപദേശം നടത്തുന്നത്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ, ഇതര ആശുപത്രി ജീവനക്കാർ, അൺ എയ്ഡഡ് സ്കൂൾ അധ്യാപകർ, സ്വകാര്യ പ്രീ പ്രൈമറി അധ്യാപകർ, അനധ്യാപകർ, ഷോപ്പുകളിലും മറ്റ് സ്ഥാപനങ്ങളിലും പണിയെടുക്കുന്നവർ, സെക്യൂരിറ്റി ജീവനക്കാർ, ഗാർഹിക തൊഴിലാളികൾ, ഓൺലൈൻ ഭക്ഷണവിതരണ തൊഴിലാളികൾ തുടങ്ങിയവർക്ക് മനുഷ്യോചിതമായ ജീവിതം സാധ്യമാക്കാൻ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചത്? കശുവണ്ടി, തോട്ടം, കയർ തുടങ്ങിയ മേഖലയിലെ ലക്ഷക്കണക്കിന് തൊഴിലാളികൾ തൊഴിലും മിനിമം വേതനവും നഷ്ടപ്പെട്ടവരായിട്ടും തൊഴിലാളി സൗഹൃദത്തിനായി ഒരു വാക്കുപോലും ഉച്ചരിക്കാൻ സർക്കാർ തയ്യാറായില്ല.

സർക്കാർ അധികാരത്തിലേറിയ ഉടൻ തന്നെ തൊഴിൽ രംഗത്തെ അനാശാസ്യ പ്രവണതകൾ കർശനമായി തടയുമെന്നും, മുതലാളികൾക്ക് ഒട്ടും ആശങ്ക വേണ്ട എന്നും പറഞ്ഞുകൊണ്ട് മുഖ്യമന്ത്രിതന്നെ തുടങ്ങിവച്ച ചർച്ചയായിരുന്നു 'നോക്കുകൂലി' വിവാദം. സംസ്ഥാനത്തെ ചുമട്ടു തൊഴിലാളികളെ പിടിച്ചു പറിക്കാരും ഗുണ്ടകളുമാക്കി ചിത്രീകരിച്ചുകൊണ്ട്, ചുമട്ടു തൊഴിലാളികളെ രണ്ടുവർഷം വരെ ജയിലിൽ അടയ്ക്കാനും പിഴ ചുമത്താനും വ്യവസ്ഥ ചെയ്യുന്ന നിയമം സർക്കാർ കൊണ്ടുവന്നു. എൽഡിഎഫ് സർക്കാർ ആർക്കൊപ്പമാണ് എന്നതിന്റെ മറ്റൊരു നിദർശനമായിരുന്നു ഇത്. എസ്.യു.സി.ഐ(സി) ഒഴികെ ഏതാണ്ട് എല്ലാ പ്രസ്ഥാനങ്ങളും തൊഴിലാളി വിരുദ്ധമായ ഈ നയമത്തോടൊപ്പം നിലകൊണ്ടു. തൊഴിൽ നിയമങ്ങൾ തകർക്കുന്ന കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ നയങ്ങളെ പിന്തുടർന്നുകൊണ്ട് സംസ്ഥാന സർക്കാറും ലേബർ ഇൻസ്പെക്ടർമാരെ 'ഫെസിലിറ്റേറ്റർ' ആക്കി മാറ്റി.

നിലവിലുള്ള തൊഴിൽ നിയമങ്ങൾ കാറ്റിൽ പറത്തിക്കൊണ്ട്, 700 ഓളം കശുവണ്ടി ഫാക്ടറികൾ ഏകപക്ഷീയമായ അടച്ചുപൂട്ടി, രണ്ടു ലക്ഷത്തോളം തൊഴിലാളികളെ തെരുവാധാരമാക്കി മാറ്റിയപ്പോൾ ഈ സർക്കാർ നിയമലംഘകരായ കശുവണ്ടി മുതലാളികൾക്കൊപ്പം നിൽക്കുകയാണ് ഉണ്ടായത്. പി.എഫ്, ഇഎസ്ഐ എന്നിവ നിഷേധിച്ചതിനെതിയും തൊഴിലാളികൾ സമരം ചെയ്തപ്പോൾ സർക്കാറും തൊഴിൽ വകുപ്പും തൊഴിലുടമകൾക്ക് ഒപ്പമായിരുന്നു. തോട്ടം മേഖലയിൽ അടിമപ്പണിയിൽ തളച്ചിടപ്പെട്ട തൊഴിലാളികൾ, തോട്ടം ഉടമകളുടെയും യൂണിയൻ നേതൃത്വങ്ങളുടെയും കടുത്ത ചൂഷണത്തിനും വഞ്ചനയ്ക്കും എതിരെ മൂന്നാറിൽ ഉയർത്തിയ നിലവിളി കേരളം മറക്കില്ല. തോട്ടം മേഖലയിലെ അതീവ ദയനീയമായ തൊഴിൽ സാഹചര്യത്തിൽ ഗണനീയമായ മാറ്റം കൊണ്ടുവരാൻ സർക്കാർ ഒരു നടപടി സ്വീകരിച്ചില്ല. എന്നിട്ടും സാരോപദേശമെല്ലാം തൊഴിലാളിക്കും നിർലോഭമായ സർക്കാർ സഹായങ്ങൾ മുതലാളിക്കും.

കേരളത്തിൽ പണിയെടുക്കുന്ന ആശാവർക്കർമാരുടെ എണ്ണം 27000 ആണ്. 2005ൽ ആരംഭിച്ച പദ്ധതിയിൽ, തുടക്കത്തിൽ പ്രദേശത്തെ ആരോഗ്യ കണക്കെടുപ്പ് നടത്തുക എന്നതായിരുന്നു ആശമാർ ചെയ്യേണ്ടിയിരുന്ന ജോലിയെങ്കിൽ ഇന്ന് ആരോഗ്യവകുപ്പിന് കീഴിൽ എട്ടുംപത്തും മണിക്കൂർ നീണ്ട ഫീൽഡ് വർക്ക് മുതൽ ആശുപത്രി ഡ്യൂട്ടിയടക്കം ചെയ്യേണ്ടിവരുന്നു. അപമാനകരമായ വേതനമാണ് ഇവർക്ക് നൽകുന്നത്. അതാകട്ടെ എപ്പോഴും നാലുമാസത്തിലധികം കുടിശികയുമായിരിക്കും. പൾസ് പോളിയോയുടെ വർക്കിന് ഇവർക്കു ലഭിച്ച പ്രതിദിന വേതനം 75 രൂപ മാത്രമായിരുന്നു! കോവിഡ്മഹാമാരിയുടെ കാലത്ത് രാപകലെന്യേ പണിയെടുത്തുകൊണ്ടിരിക്കുന്നവരാണ് ആശാവർക്കർമാർ. മതിയായ സുരക്ഷാ സംവിധാനങ്ങൾ സർക്കാർ ഒരുക്കാത്ത സാഹചര്യത്തിലും രോഗികളോട് നേരിട്ട് ഇടപെട്ടു ജോലി ചെയ്യുകയാണിവർ. 1975ൽ ഇന്ത്യയിൽ ആരംഭിച്ച അംഗൻവാടി സംവിധാനത്തിൽ പണിയെടുക്കുന്ന വർക്കർമാരുടെയും ഹെൽപ്പർമാരുടയെും സ്ഥിതിയും വ്യത്യസ്തമല്ല.

പ്രതിസന്ധിയിലായ കെഎസ്ആർടിസിയെ സർക്കാർ ഡിപ്പാർട്ട്മെൻറ് ആക്കി നിലനിർത്തി സംരക്ഷിക്കുന്നതിന് പകരം സ്വിഫ്റ്റ് എന്ന സ്വതന്ത്ര കമ്പനി സൃഷ്ടിച്ച് ജീവനക്കാരുടെ എണ്ണം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. സ്ഥിരം തൊഴിൽ ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാരിന്റെ ഫിക്സഡ് ടേം എംപ്ലോയ്മെന്റ് കേരളത്തിൽ ആദ്യമായി നടപ്പാക്കുന്നത് ഈ സ്വിഫ്റ്റ് എന്ന കമ്പിനിയിലായിരിക്കും. കെഎസ്ആർടിസിയിൽ ശമ്പള പരിഷ്കരണം ഏതാണ്ട് അസ്തമിച്ച അവസ്ഥയിലാണ്. കോവിഡിന്റെയും ലോക്ക്ഡൗണിന്റെയും വേളയിൽ മാസങ്ങളായി ജോലിയില്ലാതെ ദുരിതത്തിലായ നിർമ്മാണ തൊഴിലാളികൾ ഉൾപ്പെടെയുള്ള അസംഘടിത - കരാർ - കാഷ്വൽ തൊഴിലാളികൾക്ക് നാമമാത്രമായ തുക മാത്രം ക്ഷേമനിധികളിലൂടെ നൽകിക്കൊണ്ട് സർക്കാർ കൈകഴുകി. എന്നാൽ സാമ്പത്തിക ഞെരുക്കം പറഞ്ഞു പിരിവ് നടത്തിയ മുഖ്യമന്ത്രി, തെരഞ്ഞെടുപ്പ് അടുത്തപ്പോൾ പരസ്യത്തിനായി ചെലവഴിച്ച തുക ആരെയും ഞെട്ടിപ്പിക്കും.

പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിച്ച് സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനസ്ഥാപിക്കും എന്ന് കഴിഞ്ഞ തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോയിൽ വാഗ്ദാനം ചെയ്ത എൽഡിഎഫ് സർക്കാർ, തങ്ങളുടെ കാലാവധി കഴിയുമ്പോഴും പങ്കാളിത്ത പെൻഷൻ നിലനിർത്തിയിരിക്കുകയാണ്.

### സംസ്ഥാനത്തെ മദ്യപ്രളയത്തിൽ മുക്കുന്ന ഇടതുഭരണം

മദ്യവർജ്ജനമാണ് സർക്കാർ നയം എന്ന് ആവർത്തിച്ചാവർത്തിച്ച് പ്രഖ്യാപിക്കുകയും വിമുക്തിക്കുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിക്കുകയും ചെയ്യുന്ന പിണറായി സർക്കാർ, മദ്യലഭ്യത ഉറപ്പാക്കാനും മദ്യപാനത്തെ പരമാവധി പ്രോൽസാഹിപ്പിക്കാനും നടത്തുന്ന നീക്കങ്ങൾ തികഞ്ഞ ഇരട്ടത്താപ്പും കാപട്യവുമാണ്. മദ്യവർജ്ജനം സർക്കാരിന്റെ നയമായിരിക്കുന്നു എന്നതും വളരെ വിചിത്രമാണ്. മദ്യവർജ്ജനം എങ്ങനെയാണ് ഒരു സർക്കാരിന് നയമായി സ്വീകരിക്കാൻ സാധിക്കുക. സർക്കാരിന് നിരോധിക്കാനോ നിയന്ത്രിക്കാനോ സാധിക്കും. വർജ്ജിക്കണമോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത് ഉപഭോക്താവാണ്. മദ്യവർജ്ജനം എന്നു പറയുന്നത് യഥാർത്ഥത്തിൽ തട്ടിപ്പാണ് എന്നത് സർക്കാരിന്റെ നയത്തിൽനിന്നുതന്നെ വ്യക്തമാണ്.

മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹയകരമായ നയമായിരിക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണി അധികാരത്തിൽവന്നാൽ സ്വീകരിക്കുക എന്നാണ് 2016ലെ പ്രകടനപത്രികയിൽ പറഞ്ഞത്. ഒരു തുള്ളി മദ്യംപോലും കൂടുതൽ വിൽപ്പന നടത്തുവാൻ അനുവദിക്കില്ല എന്ന് 2016ലെ നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് കേരളത്തിലെ ജനങ്ങൾക്ക് സിപിഐ(എം)ന്റെ അന്നത്തെ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഉറപ്പും കൊടുത്തു. ഇടതുമുന്നണി അധികാരത്തിൽ വരുമ്പോൾ 29 ബാറുകളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. 2019 ഒക്ടോബറിൽബാറുകളുടെ എണ്ണം 540 എണ്ണമായി വർദ്ധിച്ചു. കൊറോണ നിയന്ത്രണങ്ങൾ

നിലനിൽക്കുമ്പോഴും 6 ബാറുകൾക്ക് ലൈസൻസും 9 ക്ലബ്ബുകൾക്ക് വിദേശ മദ്യലൈസൻസും പുതിയതായി അനുവദിച്ചു. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാൻ കോഴ വാങ്ങിതായിരുന്നല്ലോ കഴിഞ്ഞ തെരഞ്ഞെടുപ്പിലെ പ്രമുഖ ആരോപണമെങ്കിൽ ഇവയെല്ലാം ഒറ്റയടിക്ക് തുറക്കാൻ എത്ര കോടികൾ കൈപ്പറ്റിയിട്ടുണ്ടാകാം. വിദ്യാലയങ്ങൾ, ദേവാലയങ്ങൾ, പൊതുശ്മശാനങ്ങൾ, പട്ടിക ജാതി പട്ടികവർഗ്ഗ കോളനികൾ എന്നിവയിൽനിന്ന് 200 മീറ്റർ ദൂരെ മാത്രമേ ബാറുകൾ പ്രവർത്തിക്കാവൂ എന്ന വ്യവസ്ഥമാറ്റി ദൂരപരിധി 50 മീറ്ററായി വെട്ടിച്ചുരുക്കി. ദേശീയ പാതയ്ക്കരുകിൽ മദ്യശാല നിരോധിച്ച ഉത്തരവിൽനിന്നും പഞ്ചായത്ത് പ്രദേശങ്ങളിലെ മദ്യശാലകളെ ഒഴിവാക്കണം എന്ന അപേക്ഷയുമായി സുപ്രീംകോടതിയിൽ പോയി. പട്ടണ സ്വഭാവമുള്ള പഞ്ചായത്തുകളിലെ മദ്യശാലകളെ ദേശീയ പാതാ ദൂരപരിധിയിൽനിന്ന് ഒഴിവാക്കാം എന്ന് സുപ്രീംകോടതി പറഞ്ഞപ്പോൾ പതിനായിരത്തിലധികം ജനസംഖ്യയുള്ള പഞ്ചായത്തുകളെല്ലാം പട്ടണസ്വഭാവമുള്ളവയായി പ്രഖ്യാപിച്ച് മദ്യശാലകൾക്ക് അനുമതി നൽകി. ബ്രൂവറികളും ഡിസ്റ്റിലറികളുമുൾപ്പെടെ നാലെണ്ണം തുടങ്ങാനെടുത്ത തീരുമാനം പ്രതിഷേധത്തെത്തുടർന്ന് റദ്ദാക്കി. പബ്ബുകളും രാത്രികാല ഉല്ലാസ കേന്ദ്രങ്ങളും വരെ ആലോചിക്കുന്ന സർക്കാരാണ് വിമുക്തി പരസ്യത്തിനായി കോടികൾ ചെലവഴിക്കുന്നത്.

മദ്യലഭ്യതയില്ലാതെയാക്കിയാൽ തീരാവുന്നതേയുള്ളൂ കേരളത്തിലെ ജനങ്ങളുടെ മദ്യപാനശീലം എന്ന് ലോക്ഡൗൺകാലം തെളിയിച്ചതാണ്. എന്നാൽ കോവിഡ് ഭീഷണി നിലനിൽക്കുമ്പോഴും തിടുക്കപ്പെട്ട് ബെവ്ക്യൂ ആപ്പ് ഉണ്ടാക്കി ബാറും ബിവറേജസ് ഔട്ട്ലെറ്റുകളും തുറന്നത് ബാറുടമകളുടെ ലാഭാസക്തി ശമിപ്പിക്കാനായിരുന്നു.

### വാളയാർ – കടങ്കഥയാകുന്ന സ്ത്രീ സുരക്ഷ

ആക്രമണങ്ങൾക്കിരയായി സ്തീകൾക്കും കുട്ടികൾക്കും മാനാഭിമാനത്തോടെ ജീവിക്കാനാവില്ല എന്ന വേദനാകരമായ സാഹചര്യത്തിൽ മാറ്റം ഉണ്ടാകണമെന്ന് മനുഷ്യസ്നേഹികൾ ഏവരും ആഗ്രഹിച്ചു. എന്നാൽ നേർവിപരീതമായ കാര്യങ്ങളാണ് ഇടതു ഭരണ കാലത്ത് ഉണ്ടായത്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വളരെ ഉയർന്ന തോതിൽ വർദ്ധിച്ചു. കേരളത്തിൽ സ്ത്രീകളും പ്രത്യേകിച്ച് കുട്ടികളും എപ്പോൾ ചവിട്ടിയരക്കപ്പെടുമെന്ന് ഭയന്ന് ജീവിക്കുകയാണ് ഓരോ നിമിഷവും.

പെരുമ്പാവൂരിലെ ജിഷയുടെ വധം ഉയർത്തിയ ജനവികാരം മുതലെടുത്തുകൊണ്ട് അധികാരത്തിലെത്തിയ എൽഡിഎഫ്, സ്ത്രീസുരക്ഷയുടെ രംഗത്ത് ഗുരുതരമായ വീഴ്ചയാണ് വരുത്തിയത്. സംസ്ഥാനത്തിന്റെ മനസ്സാക്ഷിയെ ഞെട്ടിച്ച വാളയാറിലെ രണ്ട് പെൺകുഞ്ഞുങ്ങളുടെ കൊലപാതക കേസ്സ് കൈകാര്യം ചെയ്ത ഒരൊറ്റ ഉദാഹരണം മതി സ്ത്രീസുരക്ഷയോടുള്ള ഇടതു പോലീസിന്റെയും സർക്കാരിന്റെയും സമീപനം വ്യക്തമാകാൻ. വാളയാർ കേസ്സിൽ പോലീസും പ്രോസിക്യൂഷനും വരുത്തിയത് വീഴ്ചകളായിരുന്നില്ല. ബോധപൂർവ്വം പ്രതികളെ രക്ഷിക്കുന്നതിനു വേണ്ടി നടത്തിയ ക്രിമിനൽ നീക്കങ്ങളായിരുന്നു.

13 വയസ്സുള്ള മൂത്ത കുട്ടി വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി 52 ദിവസം പിന്നിട്ടപ്പോൾ 9 വയസ്സുള്ള ഇളയ കുട്ടിയും അതേ പോലെ തന്നെ മരിച്ച നിലയിൽ കണ്ടെത്തി. ആദ്യത്തെ കേസ്സിലെ ദൃക്സാക്ഷിയെന്ന നിലയിൽ ഇളയ കുട്ടിയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ പോലീസ് പ്രതികളെ ജയിലിലടച്ചിരുന്നെങ്കിൽ കുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു. പോലീസ് ആ ഉത്തരവാദിത്തം നിറവേറ്റാൻ തയ്യാറായില്ല. നേരെമറിച്ച് അന്വേഷണം അട്ടിമറിക്കുകയാണ് പിണറായിയുടെ പോലീസ് ചെയ്തത്. കേവലം 13ഉം 9 ഉം വയസ്സ് പ്രായമുള്ള കുട്ടികൾ ആത്മഹത്യ ചെയ്തതാണെന്നു മാതാവിനെ ബോധ്യപ്പെടുത്താനാണ് തുടക്കം മുതലേ പോലീസ് ശ്രമിച്ചത്. പോസ്റ്റ്മോർട്ടം പരിശോധനയിൽ പെൺകുഞ്ഞുങ്ങൾ രണ്ടു പേരും ലൈംഗികമായി പീഡിപ്പിക്ക

പ്പെട്ടിരുന്നു എന്നു കണ്ടെത്തിയിരുന്നു. എന്നിട്ടും കോടതിയിൽ കുറ്റം തെളിയിക്കാനുള്ള ശാസ്ത്രീയത്തെളിവുകളൊന്നും പ്രോസിക്യൂഷൻ ഹാജരാക്കിയില്ല. തെളിവുകളുടെ അഭാവത്തിൽ എല്ലാ പ്രതികളെയും പോക്സോ കോടതി വെറുതെവിട്ടു. സിപിഐ(എം)നു വേണ്ടപ്പെട്ടവരാണ് പ്രതികളെന്നു തുടക്കം മുതലേ തദ്ദേശവാസികൾ അഭിപ്രായപ്പെട്ടിരുന്നു. ഈ കേസ്സിൽ പ്രതികൾക്കു വേണ്ടി ഹാജരായ അഭിഭാഷകൻ പിന്നീട് പാലക്കാട് ശിശുക്ഷേമ സമിതിയുടെ ചെയർമാനായതോടെ പ്രതികളെ രക്ഷിച്ചത് ആരാണെന്നു വ്യക്തമായി. അന്വേഷണത്തിൽ പോലീസ് ഗുരുതരമായ വീഴ്ച വരുത്തിയെന്നത് സർക്കാർ നിയോഗിച്ച കമ്മീഷൻ കണ്ടെത്തി. പെൺകുഞ്ഞുങ്ങളുടെ സമ്മത പ്രകാരമാണ് ശാരീരിക ബന്ധത്തിലേർപ്പെട്ടതെന്ന് പത്രക്കാരോട് പറയുകയും തുടക്കം മുതലേ ഈ കേസ് അട്ടിമറിക്കാൻ നേതൃത്വം നൽകുകയും ചെയ്ത സോജൻ എന്ന പോലീസ് ഉദ്യോഗസ്ഥന് ഐപിഎസും സ്ഥാനക്കയറ്റവും നൽകിയ നടപടിയിലൂടെ കേരളത്തിലെ സ്ത്രീസമൂഹത്തെ മുഴുവൻ അപമാനിക്കുകയും അവഹേളിക്കുകയുമാണ് പിണറായി സർക്കാർ ചെയ്തത്. അന്വേഷണ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കണമെന്ന വാളയാറിലെ അമ്മയുടെ ആവശ്യം കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും അറിയാമെന്നിരിക്കെ എന്തിനാണ് സമരം ചെയ്യുന്നതെന്ന് തനിക്കറിയില്ല എന്ന മന്ത്രി എ.കെ.ബാലന്റെ പ്രസ്താവന വാളയാറിലെ അമ്മയെ പരിഹസിക്കുന്ന ഒന്നാണ്. ഒറ്റപ്പെട്ട ഒരു പ്രതികരണമല്ല, ഇടതു സർക്കാരിന്റെ ആകമാന സമീപനത്തിന്റെ പ്രതിഫലനമാണിത്. വാളയാർ ദുരന്തത്തോടു മാത്രമല്ല, സ്ത്രീത്വത്തോടുതന്നെയുള്ള സമീപനമാണിത്.

## തൊഴിലിനായി അലയുന്ന യുവത്വം കേരളത്തിന്റെ നെഞ്ചു നീറ്റുന്ന കാഴ്ച

2016-ൽ നൂറ് ദിനം കൊണ്ട് അഞ്ച് ലക്ഷം പേർക്ക് നിയമനം നൽകുമെന്ന് വാഗ്ദാനം നൽകി അധികാരത്തിലേറിയ പിണറായി വിജയൻ സർക്കാർ എത്ര പേർക്ക് സ്ഥിരം നിയമനം നൽകി എന്ന ചോദ്യത്തിന് ഇപ്പോഴും വ്യക്തമായ ഉത്തരം നൽകുന്നില്ല. ഈ സർക്കാർ 1,57,000 പേർക്ക് പി.എസ്.സി വഴി നിയമനം നൽകിയെന്ന അവകാശവാദം 2021 ഫെബ്രുവരി 9ന് നിയമസഭയിൽ ഉയർന്ന ഒരു ചോദ്യത്തിന് ഉത്തരമായി മുഖ്യമന്ത്രി പറയുകയുണ്ടായി. അതേ ദിവസം തന്നെ, വിവിധ വകുപ്പുകളിൽ നടന്ന സ്ഥിരം നിയമനങ്ങളുടെ കണക്കുകൾ ശേഖരിക്കാനും മുഖ്യമന്ത്രിയുടെ ഓഫീസ് നിർദ്ദേശം നൽകി. അതിൽ നിന്നും മുഖ്യമന്ത്രി പറഞ്ഞ കണക്കുകൾ ആധികാരികമല്ലെന്ന് വ്യക്തമായി. മുഖ്യമന്ത്രി അവകാശപ്പെടുന്ന ലക്ഷത്തിലേറെ നിയമനങ്ങളുടെ കഥയിൽ എത്ര സ്ഥിരം നിയമനങ്ങൾ നടന്നുവെന്ന് പറയാനാകില്ല. സർക്കാർ ദിവസക്കൂലിക്ക് കരാറടിസ്ഥാനത്തിൽ നടത്തിയ നിയമനങ്ങൾ കൂടി കൂട്ടിയാണ് 1,57,000 എന്ന കണക്ക് അവതരിപ്പിക്കുന്നത്. ഈ സർക്കാരിന്റെ കാലയളവിൽ, നാമമാത്രമായ ഒഴിവുകൾ മാത്രമാണ് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടത്. സപിഐ(എം) ഒരു സമാന്തര ഏജൻസിയായി മാറിക്കൊണ്ട് കരാർ നിയമനം, ബന്ധു നിയമനം, പിൻവാതിൽ നിയമനം എന്നിങ്ങനെ വേണ്ടപ്പെട്ടവരുടെ സ്ഥിരനിയമനത്തിന് മറ്റൊരു ഔദ്യോഗിക റൂട്ട് സൃഷ്ടിക്കുകയാണ് ചെയ്തത്. നാണംകെട്ട ഈ സ്വജനപക്ഷപാതം പിടിക്കപ്പെട്ടപ്പോൾ മനുഷ്യത്വത്തിന്റെ പേരിൽ ജാമ്യമെടുക്കാനുള്ള അപഹാസ്യമായ ശ്രമവും നാം കണ്ടു. സെക്രട്ടേറിയറ്റ് നടയിൽ പൊരിവെയിലിൽ റോഡിൽ ഉരുണ്ട് സമരം ചെയ്ത ചെറുപ്പക്കാർ മനുഷ്യരല്ല, മൃഗങ്ങളാണല്ലോ.

ലാസ്റ്റ് ഗ്രേഡ് റാങ്ക് പട്ടികയിൽ നടന്നത് ചരിത്രത്തിലെ തന്നെ ഏറ്റവും കുറഞ്ഞ നിയമനങ്ങളാണ്. അപ്രഖ്യാപിതമായി നിയമന നിരോധനം നടപ്പാക്കുകയും ഒഴിവുകളിൽ ബന്ധുനിയമനവും താൽക്കാലിക നിയമനവും നടത്തിയതിനാലുമാണ് ഇത് സംഭവിച്ചത്. ഏകദേശം 45,000 ഉദ്യോഗാർത്ഥികൾ നിയമനം കാത്തിരിക്കുമ്പോൾ, 4737 പേർക്ക് മാത്രമാണ് ഇതുവരെ നിയമനം നൽകിയത്. അതായത് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം കേവലം 10 ശതമാനം മാത്രം. സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിലുള്ള 3000 ഉദ്യോഗാർത്ഥികൾ സമരത്തിലാണ്. അവരുടെ റാങ്ക് ലിസ്റ്റിൽ നിന്നും മനഃപൂർവ്വം നിയമനം നടത്താതെ അതിനെ കാലഹരണപ്പെടുത്തിയ സർക്കാർ

നടപടിയാണ് യുവാക്കളുടെ ജീവിതത്തെത്തന്നെ അനിശ്ചിതത്വത്തിലാക്കാൻ കാരണം. കാലഹരണപ്പെടുന്നതുവരെ ലിസ്റ്റ് നീട്ടിക്കൊണ്ടുപോവുക എന്നതാണ് സർക്കാർ നയം. യൂണിവേഴ്സിറ്റി കോളേജിലെ കത്തിക്കുത്ത് കേസിലും പി.എസ്.സി. പരീക്ഷയിലെ ക്രമക്കേടിലും പ്രതികളും എസ്എഫ്ഐ നേതാക്കളുമായ ശിവരഞ്ജിത്തും പ്രണവും നസീമും യഥാക്രമം 1, 2, 28 എന്നീ റാങ്ക് ക്രമത്തിൽ വന്ന സി.പി.ഒ.ലിസ്റ്റാണിത്. അവർ ജയിലിലായതോടെ ലിസ്റ്റ് 6 മാസത്തോളം മരവിപ്പിക്കപ്പെട്ടു. ബറ്റാലിയനുകൾ തിരിച്ച് പരിശീലനം വരെയും നൽകപ്പെട്ട ഇവരിൽ ഒരാൾക്കും ജോലി ലഭിയ്ക്കാതെ പോയത് ഇക്കാരണത്താലാണ്. സിവിൽ എക്സൈസ് റാങ്ക് ലിസ്റ്റിൽ 77-ാം സ്ഥാനത്തുണ്ടായിരുന്ന തിരുവന്തപുരത്തുകാരനായിരുന്ന അനു എന്ന ഉദ്യോഗാർത്ഥി ആത്മഹത്യ ചെയ്ത അനുഭവം ഉണ്ടായിട്ടും സി.പി.ഒ. റാങ്ക് ലിസ്റ്റിന്റെ കാര്യത്തിൽ കാലാവധി നീട്ടി നിയമനം കൊടുത്ത് യുവാക്കളുടെ ഭാവി സംരക്ഷിയ്ക്കുവാൻ നിലവിലുള്ള പി.എസ്.സി. വകുപ്പുകൾ പ്രകാരം സാധ്യമായിട്ടും ഈ സർക്കാർ തൊഴിൽ രഹിതരെ തെരുവിൽ തള്ളാനാണ് തീരുമാനിച്ചത്.

കേരളത്തിൽ ലക്ഷക്കണക്കിന് യുവാക്കൾ തൊഴിൽ രഹിതരാണ്. മുതലാളിമാരുടെ കീഴിൽ ദിവസക്കൂലിക്ക് അടിമകളെപ്പോലെ പണിയെടുക്കുന്ന ഫലത്തിൽ തൊഴിലില്ലാത്ത, ലക്ഷക്കണക്കിന് യുവാക്കൾ ഈ തൊഴിൽ രഹിതരുടെ ലിസ്റ്റിലില്ല. പി.എസ്.സി.യിൽ ഓരോ വർഷവും വിവിധ പരീക്ഷകളെഴുതി കാത്തിരിക്കുന്നവരുടെയും തൊഴിലില്ലാതെ അലയുന്ന ഒരു രേഖയിലുമില്ലാത്ത യുവാക്കളുടെയും എണ്ണവും കൂടി കൂട്ടിയാൽ എണ്ണം ഒരുകോടിയോളം വരും. എസ്.എസ്.എൽ.സി.മിനിമം യോഗ്യതയായി നിശ്ചയിച്ചിട്ടുള്ള 191 തസ്തികകളിലേക്കായി പ്രാഥമിക സ്ക്രീനിംഗ് പരീക്ഷയ്ക്കു ഇതുവരെ അപേക്ഷിച്ചത് 24 ലക്ഷം പേരാണ്. അവരിൽ ഉന്നത ബിരുദധാരികളുമുണ്ട്. 2020 ജനുവരി മുതൽ മാർച്ച് വരെയുള്ള കാലയളവിലെ കണക്കനുസരിച്ച് കേരളത്തിൽ 15നും 29നും ഇടയിൽ പ്രായമുള്ളവരിൽ തൊഴിലില്ലാത്തവരുടെ എണ്ണം 40.5 ശതമാനമാണ്. കേന്ദ്രസർക്കാർ നടത്തിയ പീരിയോഡിക് ലേബർ ഫോഴ്സ് സർവ്വേ ഫല പ്രകാരമാണിത്. ഈ വർഷം ജനുവരി 14 ന് ധനമന്ത്രി തോമസ് ഐസക് പറഞ്ഞത് കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് 36 ശതമാനമാണെന്നായിരുന്നു. 2018-19 ലെ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയാണത്. കോവിഡ് കാലത്തെ കണക്കു കൂടി കിട്ടിയാൽ തൊഴിലില്ലായ്മ നിരക്ക് വളരെ വലുതായിരിക്കും. അപ്പോൾ, കേരളത്തിലെ തൊഴിലില്ലായ്മയുടെ ആഴം എത്രയെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 320(3) പ്രകാരം രൂപീകൃതമായതാണ് കേരള പബ്ലിക് സർവീസ് കമ്മീഷൻ. സ്വതന്ത്രമായും മെറിറ്റ് ഉയർത്തിപ്പിടിച്ചും സംവരണ തത്വങ്ങൾ പാലിച്ചും എല്ലാ ഒഴിവുകളിലേക്കും സുതാര്യമായി നിയമനം നടത്തുക എന്നതാണ് പിഎസ്സി യിൽ നിക്ഷിപ്തമായിട്ടുള്ള ചുമതല. എന്നാൽ പരീക്ഷയിലെ ക്രമക്കേടും നിയമനങ്ങൾ നടത്തുന്നതിലെ അനാസ്ഥയും ഉൾപ്പെടെയുള്ള യുവജന ദ്രോഹനയങ്ങൾ ഭരിക്കുന്ന പാർട്ടിയുടെ താൽപര്യപ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനം എന്ന ദുഷ്പേര് പിഎസ്സിക്ക് വീഴാൻ കാരണമായിരിക്കുന്നു. എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിനെ എംപ്ലോയബിലിറ്റി എക്സ്ചേഞ്ച് ആക്കി മാറ്റിക്കൊണ്ട്, സ്വകാര്യ മുതലാളിമാർക്ക് ദിവസക്കൂലിക്ക് ആളെ സപ്ലൈ ചെയ്യുന്ന ഏജൻസിയെ സൃഷ്ടിക്കുകയാണ്.

ഏറ്റവുമൊടുവിൽ തൊഴിൽരഹിതർക്ക് പിഎസ്സി പരീക്ഷ എഴുതാൻ പ്രത്യേക കൺഫർമേഷൻ (അനുമതി) വേണമെന്ന നിബന്ധനയോടൊപ്പം പ്രാഥമികമായ സ്ക്രീനിങ് ടെസ്റ്റ് പാസാകണമെന്ന വ്യവസ്ഥയും അടിച്ചേൽപ്പിച്ചിരിക്കുന്നു. അതിലൂടെ ലക്ഷക്കണക്കിന് പേർക്ക് പരീക്ഷയെഴുതാനുള്ള അവകാശം പോലും നിഷേധിക്കപ്പെട്ട് പുറത്താക്കപ്പെടുന്ന സാഹചര്യമാണ് സംജാതമായിരിക്കുന്നത്.

ഇപ്പോൾ താൽക്കാലിക നിയമനങ്ങളും ആശ്രിത നിയമനങ്ങളും രാഷ്ട്രീയ ആശ്രിത നിയമനങ്ങൾ ആയി എല്ലാ കീഴ്വഴക്കങ്ങളും ലംഘിച്ചുകൊണ്ട് നടത്തപ്പെടുന്നു. അർഹരായ ലക്ഷക്കണക്കിന്

ഉദ്യോഗാർത്ഥികൾ നിഷ്ക്കരുണം പുറത്താക്കപ്പെടുന്നു. താൽക്കാലിക നിയമനങ്ങൾക്ക് 179 ദിവസത്തെ കാലാവധി മാത്രമേ പാടുള്ളൂ എന്ന എംപ്ലോയ്മെന്റ് റൂൾ അട്ടിമറിച്ചുകൊണ്ടാണ് എല്ലാ ഗവണ്മെന്റുകളും പ്രവർത്തിക്കുന്നത്. ഇടതു സർക്കാർ സർക്കാർ സംസ്ഥാനത്ത് അപ്രഖ്യാപിത നിയമന നിരോധനമാണ് ഫലത്തിൽ നടപ്പാക്കിയത്. ആയിരക്കണക്കിന് പേർക്ക് വിവിധ വകുപ്പുകളിൽ അഡ്വൈസ് മെമ്മോ നൽകിയിട്ടും നിയമനം നടത്തിയില്ല. അതേസമയം സർക്കാർ വകുപ്പുകളിൽ 2012-2013 കാലയളവിൽ 25136 താൽക്കാലിക ജീവനക്കാർ ഉണ്ടായിരുന്നതിന്റെ സ്ഥാനത്ത് ഇന്നുള്ളത് 1,17,267 പേരാണ്. സ്പാർക്ക് സോഫ്റ്റ്വെയർ വഴി ശമ്പളം വാങ്ങുന്നവരുടെ മാത്രം കണക്കാണിത്. ഇടതുമുന്നണി സർക്കാർ വന്നപ്പോൾ പിഎസ്സി വഴി ഇരട്ടിയോളം താൽക്കാലിക നിയമനങ്ങളാണ് നടന്നത്. പുതിയ എത്ര സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുവെന്ന് നിയമസഭയിൽ വന്ന ചോദ്യത്തിന് മുഖ്യമന്ത്രി നൽകിയ ഉത്തരം (12-01-2021ൽ) വിവരം ശേഖരിച്ചു വരുന്നുവെന്ന് മാത്രമാണ്.

തൊഴിൽരഹിതരായ ഉദ്യോഗാർഥികൾ-പിഎസ്സി റാങ്ക് പട്ടികയിൽ ഉൾപ്പെട്ട് വർഷങ്ങളായി കാത്തിരിക്കുന്നവർ-ഒടുവിൽ ജീവൻമരണ പോരാട്ടത്തിന് സെക്രട്ടറിയേറ്റ് നടയിൽ അനിശ്ചിതകാല സമരം ഈയൊരു പശ്ചാത്തലത്തിലാണ് ആരംഭിച്ചത്. സിപിഒ, എൽജിഎസ് റാങ്ക് ഹോൾഡേഴ്സും അവരോടൊപ്പം ദേശീയ ഗെയിംസ് ജേതാക്കളായ കായിക താരങ്ങൾക്ക് ജോലി നൽകാമെന്ന് വാഗ്ദാനം നൽകി കഴിഞ്ഞ അഞ്ചു വർഷങ്ങൾ കഴിഞ്ഞിട്ടും നിയമനങ്ങൾ നടക്കാത്തതിനാൽ അവരും പ്രക്ഷോഭവേദിയിൽ പ്രത്യേകം പ്രത്യേകം സമരങ്ങൾ ആരംഭിച്ചു. ഏകദേശം ഒന്നര മാസം സമരം നടത്തിയതിന് ശേഷവും പിണറായി സർക്കാർ ഉദ്യോഗാർത്ഥികളെ വെല്ലുവിളിക്കുന്നത് അവസാനിപ്പിച്ചിട്ടില്ല. പിഎസ്സി പരീക്ഷയിൽ 584 റാങ്കുള്ള സമര നേതാവിനോട് പത്ത് വർഷം കഴിഞ്ഞാലും സഹോദരിക്ക് ജോലി കിട്ടുമോ എന്നു ചോദിച്ചു അപമാനിച്ച മന്ത്രി എത്ര ഉയർന്ന റാങ്കാണെങ്കിലും ജോലി പ്രതീക്ഷിക്കുന്നതിൽ അർത്ഥമില്ല എന്ന സന്ദേശമാണ് നൽകിയത്. അപ്പോൾ എന്തിനാണ് പിഎസ്സി പരീക്ഷയുടെ പിറകെ അലഞ്ഞ് ജീവിതം മുഴുവൻ ഹോമിക്കാൻ യുവാക്കളെ വ്യാമോഹിപ്പിക്കുന്നത്? സെക്രട്ടേറിയറ്റ് നടയിൽ തൊഴിൽരഹിതർ നടത്തുന്ന സമരത്തിലെ കരളലിയിക്കുന്ന രംഗങ്ങൾ കേരളത്തിന്റെ തൊഴിലില്ലായ്മ സൃഷ്ടിക്കുന്ന ആഴമാർന്ന വേദനയുടെ പ്രതീകമാണ്. ഹൃദയശൂന്യരായ ഇടതു നേതാക്കൾക്ക് അത് നേരമ്പോക്കു മാത്രം.

## പണം മുടക്കിയാൽ മാത്രം ലഭിക്കുന്ന വിദ്യാഭ്യാസം

രാജ്യമെമ്പാടും വിദ്യാഭ്യാസരംഗത്തു നടക്കുന്ന വമ്പിച്ച മാറ്റങ്ങളുടെയും പരിഷ്കാരങ്ങളുടെയും ആകമാന ലക്ഷ്യമെന്താണ്? വിദ്യാഭ്യാസ രംഗത്തെ സർക്കാർ മുതൽ മുടക്ക് പരമാവധി കുറച്ചുകൊണ്ട് മൂലധന നിക്ഷേപം നടത്താൻ സ്വകാര്യ ശക്തികൾക്ക് പരമാവധി അവസരം നൽകുക എന്ന ഒരൊറ്റ ലക്ഷ്യമേയുള്ളൂ അതിന്. വിദ്യാഭ്യാസ നടത്തിപ്പിന്റെയും ഉടമസ്ഥതയെയും സംബന്ധിച്ച പുതിയ കാലഘട്ടത്തിന്റെ ഈ അടിസ്ഥാനനയമാണ് രാജ്യമെമ്പാടും നാം കാണുന്നത്. കോർപ്പറേറ്റുകളുടെ മൂലധന നിക്ഷേപത്തിനുകൂലമായ ചിന്തകളുടെയും നയങ്ങളുടെയും സമാഹാരമാണ് പുതിയ ദേശീയ വിദ്യാഭ്യാസ നയം. അതിന്റെ കൃത്യമായ നടപ്പാക്കലാണ് കേരളത്തിലും നാം കാണുന്നത്. സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ആരംഭിച്ച ഏതാണ്ട് മുഴുവൻ വിദ്യാഭ്യാസ സ്ഥാപനങ്ങളും കോഴ്സുകളും സ്വകാര്യമുതലാളിമാരുടേതാണ്. യഥേഷ്ടം മുതലാളിമാർ തന്നെ ഫീസും കോഴ്സും നിശ്ചയിച്ച് □വിദ്യാഭ്യാസത്തെ□ ശക്തിപ്പെടുത്തുന്നു. ആട്ടോണമസ് കോളേജുകളും സ്വകാര്യ സർവ്വകലാശാലകളും ഡീംഡ് യൂണിവേഴ്സിറ്റികളും തുടങ്ങിയവയെല്ലാം ഇതേ ലക്ഷ്യത്തോടെ വരുന്നവയാണ്. ഗവേഷണ മേഖലയ്ക്കുള്ള സർക്കാർ ഫണ്ട് ഏതാണ്ട് നിലയ്ക്കുകയാണ്. ഗവേഷണഫലം മുതലാളിമാർക്ക് വിൽക്കാനുള്ള കരാർ മുൻകൂറായി ഉണ്ടാക്കിക്കൊണ്ട് അവരിൽ നിന്ന് ഫണ്ട് തരപ്പെടുത്തി ഗവേഷണം നടത്താനാണ് വിദ്യാർത്ഥികളോട് സർക്കാരുകൾ ഉപദേശിക്കുന്നത്.

കോവിഡ് മഹാമാരിയുടെ മറയിൽ വന്ന ഓൺലൈൻ വിദ്യാഭ്യാസത്തെ നിലവിലുള്ള ഔപചാരികവിദ്യാഭ്യാസത്തിനു പകരമായി സ്ഥാപിച്ചെടുക്കാനുള്ള നീക്കങ്ങളാണ് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും നടത്തുന്നത്. ഡിപിഇപി മുതൽ റൂസ വരെയുള്ള ലോക ബാങ്കിന്റെ വ്യത്യസ്ത പദ്ധതികളിൽ നേരിട്ടുള്ള ക്ലാസ് റൂം-പഠന-ബോധന പ്രക്രിയകളുടെ പ്രാധാന്യത്തെ ചോദ്യംചെയ്യുന്നുണ്ട്. അധ്യാപകർ ഇല്ലാത്ത അനൗപചാരിക വിദ്യാഭ്യാസത്തെ കുറിച്ചാണ് ലോക മുതലാളിത്ത ശക്തികൾ ചിന്തിക്കുന്നത്. അതിനായി ഓൺലൈൻ-വെർചൽ സർവ്വകലാശാല സങ്കല്പങ്ങൾ അവതരിപ്പിക്കുന്നു. മുഖാമുഖം മനുഷ്യൻ മനുഷ്യന് വിദ്യ നൽകുന്ന ജൈവ പ്രക്രിയയെ തന്നെ അവർ ഭയപ്പെടുന്നു. ക്ലാസ് റൂം പഠനത്തെ നിരുൽസാഹപ്പെടുത്തുന്ന, രണ്ടിലധികം ദശാബ്ദമായി തുടർന്നു വരുന്ന സമീപനം പ്രവർത്തിപഥത്തിലെത്തിക്കാനുള്ള അവസരമായാണ് സർക്കാരുകൾ കോവിഡ് കാലത്തെ കണ്ടത്. ഔപചാരിക വിദ്യാഭ്യാസത്തെ എങ്ങനെയൊക്കെ അനൗപചാരികമാക്കാമെന്ന അജണ്ടയുടെ അടിസ്ഥാനത്തിലായിരുന്നു പുതിയ കോവിഡ്കാല പരിഷ്കാരങ്ങൾ വന്ന് പതിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്താണ് ഇവ ഊർജ്ജിതമായി നടപ്പാക്കുന്നത്. മോദി സർക്കാരിന്റെ പുതിയ ദേശീയ വിദ്യാഭ്യാസ നയ സങ്കല്പങ്ങൾ അനുസരിച്ച് അധ്യാപകരുടെ എണ്ണം വെട്ടിക്കുറയ്ക്കണം. പ്രാദേശിക അധ്യാപകരും കരാർ അധ്യാപകരും മാത്രമേ ദേശീയ നയരേഖയിൽ ഉള്ളൂ. സ്ഥിരാദ്ധ്യാപകർ ഉണ്ടാവില്ല. മോദിയുടെ ദേശീയ നയം കേരളത്തിൽ നടപ്പാക്കുന്ന എൽ.ഡി.എഫ് സർക്കാർ കോളേജ് അധ്യാപക തസ്തികകളുടെ എണ്ണം വെട്ടി കുറയ്ക്കുന്നതിനു വേണ്ടി 2020 ഏപ്രിൽ ഒന്നിന് ഒരു ഉത്തരവ് ഇറക്കി. അധ്യാപകരാകാൻ ഉന്നത ബിരുദങ്ങൾ നേടി കാത്തിരിക്കുന്ന അനേകായിരം ഉദ്യോഗാർഥികളുടെ സ്വപ്നങ്ങളെ തകർത്ത അപ്രതീക്ഷിത നടപടിയായിരുന്നു ആ ഉത്തരവ്. ഏകദേശം പത്തു വർഷത്തേയ്ക്ക് പുതിയ നിയമനങ്ങൾ വേണ്ടി വരില്ല എന്ന് ഉറപ്പാക്കാൻ വേണ്ടിയാണ് ഏപ്രിൽ ഒന്നിന്റെ ഉത്തരവ് കേരള സർക്കാർ പുറപ്പെടുവിച്ചത്.

കോളേജുകൾക്ക് സ്വയംഭരണ പദവി നൽകി മാനേജ്മെന്റുകളുടെ അധികാരപരിധിയിലേക്ക് കൊണ്ടുവരുന്നതോടെ സർവ്വകലാശാല സങ്കല്പങ്ങൾ മാറ്റാം എന്ന് ഭരണകൂടം കണക്കുകൂട്ടുന്നു. അതിനുവേണ്ടിയാണ് കേരളത്തിലെ 18 കോളേജുകൾക്ക് സ്വയംഭരണ പദവി സമ്മാനിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചത്. അപ്പോൾ സ്വദേശ- വിദേശ കോർപ്പറേറ്റുകൾ കലാലയങ്ങൾ കയ്യടക്കും. പൂർണ്ണ സമയവും കലാലയമായി പ്രവർത്തിക്കേണ്ടിവരില്ല. ഉച്ചവരെ ക്ലാസും അതിനുശേഷം കച്ചവട കോഴ്സുകളോ വർക്ക്ഷോപ്പുകളോ ആരംഭിക്കാമെന്ന വിധത്തിൽ സമയം ക്രമപ്പെടുത്തിയിരിക്കുന്നു. ദേശീയ വിദ്യാഭ്യാസ നയത്തിലും സമാനമായ നിർദ്ദേശങ്ങൾ കാണാം. ഉച്ചയ്ക്ക് ശേഷം പണിശാല എന്ന പുതിയ ഏർപ്പാടിലൂടെ ബൗദ്ധികശേഷി വളരാനുള്ള വാതിലുകൾ അടച്ചുകളയുന്നു. ഒരു വിഷയത്തിന് പകരം മൂന്ന് മെയിൻ വിഷയങ്ങൾ അടിച്ചേൽപ്പിച്ച് ഒരു വിഷയത്തിലും ആഴത്തിലുള്ള പഠനം ഉണ്ടാകില്ല എന്ന ഉറപ്പാക്കി ഡിപിഇപി മോഡൽ കോളേജുകളിലും കൊണ്ടുവരുന്നതിന് നേതൃത്വം നൽകുകയാണ് എൽഡിഎഫ് സർക്കാർ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും ആപൽക്കരമായ നയങ്ങളിലൊന്ന്.

സ്വാശ്രയ നയത്തിനും സ്വകാര്യ മാനേജ്മെന്റുകൾക്കുമെതിരെ യുദ്ധം നടത്തുകയാണെന്ന പ്രതീതി സൃഷ്ടിക്കാൻ വല്ലാതെ പണിപ്പെടുകയാണ് ഇടതു ഭരണം. എന്നാൽ ഈ യുദ്ധം തികഞ്ഞ കാപട്യം മാത്രമാണെന്ന് വ്യക്തമായിക്കഴിഞ്ഞു. സ്വാശ്രയമുതലാളിമാർ ഉൾപ്പെടുന്ന കൊള്ളസംഘത്തിന്റെ നേതാവായി പ്രവർത്തിച്ചുകൊണ്ട്, സർക്കാരിന്റെ സ്വാശ്രയസ്ഥാപനങ്ങളിലെ ഉൾപ്പടെ ഫീസ് കുത്തനെ വർദ്ധിപ്പിക്കുകയാണ് എൽഡിഎഫ് സർക്കാർ ചെയ്തത്. പരിയാരം മെഡിക്കൽ കോളേജിലെ ഫീസ് ഘടന അതിന്റെ വ്യക്തമായ ഉദാഹരണമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന വർഷം തന്നെ മെഡിക്കൽ സ്വാശ്രമേഖലയിലെ മുപ്പത് ശതമാനം മെരിറ്റ് സീറ്റിലെ ഫീസ് 1.85 ലക്ഷമായിരുന്നത് 2.5 ലക്ഷമാക്കി വർദ്ധിപ്പിച്ചു. മുപ്പത്തഞ്ച് ശതമാനമുള്ള മാനേജുമെന്റ് ക്വോട്ടാ സീറ്റുകളിൽ 8.5 ലക്ഷം രൂപയായിരുന്നത് 11 ലക്ഷമാക്കി ഉയർത്തി. എൻ.ആർ.ഐ

ഫീസ് 12.5 ലക്ഷത്തിൽ നിന്നും 15 ലക്ഷമാക്കി. 100 സീറ്റുള്ള ഒരു മെഡിക്കൽ കോളേജിന് അധിക മായി 1.44 കോടി രൂപ ലഭിക്കത്തക്കവിധമുള്ള ഫീസ് ഘടനയാണ് ആദ്യവർഷം തന്നെ എൽഡിഎഫ് സർക്കാർ നടപ്പാക്കിയത്. ഈ ഫീസ് ഘടന ഓരോ വർഷവും വർദ്ധിപ്പിച്ച് മെഡിക്കൽ ഫീസ് ചിന്തിക്കാൻ ആവാത്ത സംഖ്യയിലേക്ക് കൊണ്ടെത്തിച്ചിരിക്കുന്നു. 16-11-2020 ലെ ഉത്തരവ് പ്രകാരം 7.65 ലക്ഷം മുതൽ 20,70000 രൂപ വരെയാണ് മെഡിക്കൽ ഫീസ്. എൻആർഐ ക്വാട്ടയിലെ ഫീസ് 25 ലക്ഷം രൂപ വരും. **മെഡിക്കൽ സ്വാശ്രമേഖലയിൽ 2016-ൽ ഉണ്ടായിരുന്ന ഏറ്റവും കുറഞ്ഞ ഫീസ് 1.85 ലക്ഷമായിരുന്നു. ഇപ്പോൾ അത് 7.65 ലക്ഷമായിരിക്കുന്നു!** സ്വാശ്രയ നയത്തിനെതിരായ യുദ്ധത്തിന്റെ ദയനീയ പതനം എവിടെയെത്തി എന്നു കാണുക.

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്ത് വികസനക്കുതിപ്പ് നടക്കുന്നുവെന്ന് സർക്കാർ പ്രചരിപ്പിക്കുന്നത് പച്ചക്കള്ളമാണ്. 6.8 ലക്ഷം വിദ്യാർഥികൾ സംസ്ഥാനത്തെ സ്കൂളുകളിൽ അധികമായി വന്നുചേർന്നു എന്നാണ് അവർ പ്രചരിപ്പിക്കുന്നത്. വാസ്തവത്തിൽ സംസ്ഥാന സർക്കാരിന്റെ കണക്കുകൾ തന്നെ അത് വസ്തുതാവിരുദ്ധമാണെന്ന് വ്യക്തമാക്കുന്നു. 2016 ആകെ 37 ലക്ഷം വിദ്യാർത്ഥികളാണ് ഉണ്ടായിരുന്നത്. 2020 അവസാന കണക്കുകൾ പരിശോധിക്കുമ്പോൾ വിദ്യാർത്ഥികളുടെ എണ്ണം 37 ലക്ഷം മറികടന്നിട്ടില്ല എന്നു കാണാം. 6.8 ലക്ഷം വിദ്യാർത്ഥികൾ പുതുതായി ചേർന്നെങ്കിൽ 43 ലക്ഷംമയി ആകെ സംഖ്യ ഉയരില്ലേ. യഥാർത്ഥത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം ശോചനീയമായി തുടരുന്നു. എഴുത്തും വായനയും അടക്കമുള്ള പ്രാഥമിക ശേഷികൾ കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയുന്നില്ല. എണ്ണം ഓരോ വർഷവും കുറഞ്ഞുവരുന്നു. എന്നാൽ ഈ വസ്തുതകൾ സർക്കാർ മറച്ചുവയ്ക്കുകയാണ്.

എസ്എസ്എൽസി, പ്ലസ്ടു പഠനം ഓൺലൈനിൽ പോലും പൂർത്തീകരിക്കാതെ, വർഷാന്ത്യ പരീക്ഷ മാർച്ച് 17 തന്നെ നടത്താൻ സർക്കാർ നിർബന്ധം പിടിക്കുകയുണ്ടയി ഇപ്പോഴത് ഏപ്രിൽ 8ന് നടത്തുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. സിലബസിലെ ഫോക്കസ് ഏരിയ പോലും പഠിപ്പിച്ച് തീർക്കാനുള്ള സമയം ഒരു വിഷയത്തിലും അധ്യാപകർക്ക് ലഭ്യമായില്ല എന്നതാണ് വസ്തുത. ജനുവരി ഒന്നു മുതൽ ഫെബ്രുവരി 28 വരെ 47 അദ്ധ്യയന ദിവസങ്ങൾ മാത്രമാണ് ലഭിച്ചത്. പ്രാക്റ്റിക്കൽ ക്ലാസുകൾ ലാബുകളിലാണ് നടത്തേണ്ടത്. ലാബ് തുറന്ന് ക്ലാസ് നടത്താൻ ഭൂരിപക്ഷം സ്കൂളുകൾക്കും കഴിഞ്ഞിട്ടില്ല. അതുകൊണ്ട് സിബിഎസ്ഇ സ്കൂളുകളിലേതു പോലെ സ്റ്റേറ്റ് സിലബസ് പരീക്ഷകളും മേയ് മാസത്തേയ്ക്ക് നടത്തണമെന്ന് അധ്യാപകർ ആവശ്യപ്പെട്ടിരുന്നു. പക്ഷേ ഉദാര മൂല്യനിർണയം നടത്തി മുഴുവൻ വിദ്യാർത്ഥികളെയും പാസാക്കുന്നതിന് സർക്കാർ കളമൊരുക്കിയിരിക്കുകയാണ്. പഠിപ്പിക്കാതെ പാസാക്കുക എന്ന പുതിയ പാഠ്യപദ്ധതി സമീപനം ഹയർസെക്കൻഡറിയിൽ കൂടി നടപ്പാക്കാനുള്ള അവസരം എന്ന നിലയിലാണ് ഇത്തവണത്തെ പരീക്ഷകളെ സർക്കാർ കണ്ടത്. പരീക്ഷ നടത്താനുള്ള അത്യുത്സാഹത്തിന് പിന്നിൽ വിദ്യാഭ്യാസത്തിന്റെ അനൗപചാരികവൽക്കരണത്തിന്റെ കറുത്ത അജണ്ട പതിയിരിപ്പുണ്ടെന്ന് കാണാം.

കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് നിസ്തുല സംഭാവനകൾ നൽകിയ, പാവപ്പെട്ടവരുടെ പാഠശാലകൾ ആയ പാരലൽ കോളേജുകൾക്കും ഈ സർക്കാർ താഴിട്ടുകഴിഞ്ഞു. സാധാരണക്കാരായ പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് പഠിച്ചു മുന്നേറാൻ ആശ്രയകേന്ദ്രമായി നിലനിന്ന പാരലൽ വിദ്യാഭ്യാസത്തെ തകർക്കാനാണ്, സർവകലാശാലകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായത്തെ പരിപൂർണ്ണമായി അവസാനിപ്പിക്കുവാൻ എൽഡിഎഫ് സർക്കാർ തീരുമാനിച്ചത്.

## മൽസ്യസമ്പത്തും വൻകിട മുതലാളിമാർക്ക്

കേരള തീരത്ത് നിന്ന് ആഴക്കടൽ മത്സ്യബന്ധനത്തിന് പോകുന്ന പതിനായിരക്കണക്കിന് മത്സ്യത്തൊഴിലാളികളുടെ ഉപജീവനമാർഗങ്ങൾ അടച്ചുകളയുന്ന ഒരു പദ്ധതിയുടെ വിവരങ്ങൾ തെരഞ്ഞെടുപ്പ് പ്രചാരണം ആരംഭിക്കുന്നതിനു തൊട്ടുമുമ്പാണ് പുറത്തു വന്നത്. ഇഎംസിസി ഗ്ലോബൽ കൺസോർഷ്യം എന്ന കമ്പനിയുടെ അനുബന്ധ സ്ഥാപനമായ ഇഎംസിസി ഇൻറർനാഷണൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡുമായി സംസ്ഥാന വ്യവസായ വികസന കോർപറേഷനും കേരള ഫിഷിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനും ഒപ്പുവച്ച ധാരണാപത്രമാണ് വൻ പ്രതിഷേധത്തെ തുടർന്ന് ഒടുവിൽ റദ്ദാക്കേണ്ടി വന്നത്. 400 ആഴക്കടൽ ട്രോളറുകളും 5 മദർ ഷിപ്പുകളും നിർമ്മിക്കാനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ച കേരള ഫിഷിംഗ് ആൻഡ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ മുഖ്യമന്ത്രിയുടെ കീഴിലാണ് പ്രവർത്തിക്കുന്നത്. ആഴക്കടൽ മത്സ്യബന്ധനത്തിന് അമേരിക്കൻ കമ്പനിയുമായി ചേർന്ന് നടപ്പാക്കുന്ന 5324.49 കോടി രൂപയുടെ പദ്ധതിയുടെ വിശദാംശങ്ങൾ പുറത്തുവന്നതോടെ കപട നാടകങ്ങൾ പൊളിഞ്ഞുവീണു. പദ്ധതി കാലാവധി 25 വർഷത്തേക്കാണ്. അതായത് അടുത്ത കാൽ നൂറ്റാണ്ടു കാലത്തേയ്ക്ക് കേരളത്തിന്റെ ആഴക്കടൽ മത്സ്യം മുഴുവൻ വിദേശ കമ്പനിയുടെ സ്വത്തായി മാറും എന്ന് അർത്ഥം. മന്ത്രിസഭയിൽ പോലും ചർച്ച ചെയ്യാതെയാണ് ഉദ്യോഗസ്ഥരുമായി ചേർന്ന് കരാർ ഒപ്പിട്ടത്. അതിന് നേതൃത്വം നൽകിയത് മന്ത്രിമാർ തന്നെ.

### ജനങ്ങളുടെ ചെലവിൽ പാർട്ടിയെ പോറ്റിയ പിണറായി ഭരണം

സർക്കാർ നേരിടുന്ന സാമ്പത്തികപ്രതിസന്ധി ചൂണ്ടിക്കാണിച്ചുകൊണ്ട് പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ പേരിൽ സർക്കാർ ജീവനക്കാരുടെ ഒരു മാസത്തെ ശമ്പളം 5 തവണയായി പിടിച്ചെടുത്ത സർക്കാരാണിത്. ജനങ്ങളെ ജീവിതത്തെ അടിമുടി താളംതെറ്റിച്ച് ഇന്ധനവിലവർദ്ധനവ് കുതിക്കുമ്പോഴും സംസ്ഥാനികുതി കുറയ്ക്കാൻ നിർവ്വാഹമില്ലെന്ന് സർക്കാർ കൈമലർത്തുന്നത് സാമ്പത്തിക പ്രതിസന്ധിയെ ചൂണ്ടിക്കാണിച്ചാണ്. ഭൂമി രജിസ്ട്രേഷന്റെ ചാർജ്ജ് രണ്ട് മടങ്ങും ഇഷ്ടദാന രജിസ്ട്രേഷന്റെ തുക മൂന്നു മടങ്ങും വർദ്ധിപ്പിച്ചത് വരുമാനം വർദ്ധിപ്പിക്കാനായിരുന്നു. കോവിഡ് ലോക്ക് ഡൗണിനുശേഷം വന്ന അതിഭീമമായ വൈദ്യുതി ചാർജ്ജ് അപ്രഖ്യാപിതമായ നിരക്കുവർദ്ധനവ് തന്നെയായിരുന്നു. കോവിഡിന്റെ പേരിൽ നടപ്പാക്കിയ ഒരു വ്യവസ്ഥയുമില്ലാത്ത ബസ് യാത്രാ നിരക്ക് കെ.എസ്.ആർ.ടി.സി ഇപ്പോഴും നിലനിർത്തിയിരിക്കുകയാണ്. സാമ്പത്തിക ബുദ്ധിമുട്ട് ചൂണ്ടിക്കാട്ടി ഇപ്രകാരം നാനാമാർഗ്ഗങ്ങളിലൂടെ കവർന്നെടുക്കുന്ന ജനങ്ങളുടെ പണം സ്വജനപക്ഷപാതത്തിന്റെ കുറ്റകരമായ സമീപനത്തോടെയും നിരുത്തരവാദപരമായും കൈകാര്യം ചെയ്യുകയാണുണ്ടായത്.

എണ്ണമറ്റ പാഴ്ച്ചെലവുകളും ധൂർത്തും വഴിയും സങ്കുചിതമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ നിറവേറ്റാനായി കോടിക്കണക്കിനു രൂപ ചെലവഴിച്ചും ഈ സർക്കാർ ജനങ്ങളുടെ നികുതിപ്പണം പാഴാക്കിയതിന്റെ എത്രതന്നെ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഭരണതലത്തിൽ ജനങ്ങൾക്ക് അനുകൂലമായ ഒരു ചെറുനടപടിക്കുപോലും സാധ്യതയില്ലാതിരുന്ന ഭരണപരിഷ്കാര കമ്മീഷന്റെ പ്രവർത്തനങ്ങൾക്കായി ഖജനാവിൽ നിന്നും ചെലവഴിക്കപ്പെട്ട കോടികൾ എത്രയാണ്? മുൻമുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദനെ തൃപ്തിപ്പെടുത്തി സിപിഐ(എം)നുള്ളിലെ ഗ്രൂപ്പുകലാപം ഒതുക്കുന്നതിനായി നാട്ടുകാരന്റ ചെലവിൽ കോടികൾ ചെലവിട്ട് ഒരു ക്യാബിനറ്റ് പദവി നൽകുകയാണുണ്ടായതെന്ന് കേരളത്തിലെ ഒരു കൊച്ചുകുട്ടിക്കുപോലും അറിയാവുന്ന വസ്തുതയാണ്. ചെയർമാനും കുറെ പരിവാരങ്ങളും നാട്ടുകാരന്റെ പണം മുടിച്ചതുമാത്രമല്ലാതെ പ്രസ്തുത കമ്മീഷന്റെ പ്രവർത്തനം വഴി എന്തുനേട്ടമാണ് സംസ്ഥാനത്തിന് ലഭിച്ചത്? സമാനമായ നിലയിൽ പ്രവർത്തിച്ചിരുന്ന വെള്ളാനകളിൽ ഒന്നായിരുന്നു യുവജനക്കമ്മീഷൻ. അതിന്റെ ചെയർപേഴ്സണും അനുചരന്മാരും തിന്നുമുടിച്ചത് എത്ര കോടിയാണ്? ആർ.ബാലകൃഷ്ണപിള്ള എന്ന നാട്ടുപ്രമാണിയെ ജനങ്ങളുടെ ചെലവിൽ മുന്നോക്ക വികസന കോർപ്പറേഷൻ രൂപീകരിച്ച് ക്യാബിനറ്റ് പദ

വിയോടെ അരിയിട്ടുവാഴിച്ചത് കൊട്ടാരക്കര ദേശത്തെ ഏതാനും വോട്ട് കൈവശത്താക്കാൻ വേണ്ടി മാത്രമല്ലേ.

കൃപേഷ്, ശരത്‌ലാൽ എന്നീ ചെറുപ്പക്കാരുടെ നീചമായ വധത്തിനു പിന്നിൽ പ്രവർത്തിച്ച സിപിഐ(എം) പ്രാദേശികനേതാക്കളെ രക്ഷിക്കുന്നതിനായി അഡ്വ.രഞ്ജിത് കുമാർ എന്ന സ്വകാര്യ വക്കീലിനു ഖജനാവിൽ നിന്നു 88 ലക്ഷം രൂപയും അഡ്വ.മനീന്ദർ സിംഗിനു 63 ലക്ഷം രൂപയും നൽകി. സർക്കാർ പ്രതിഫലംനൽകി നിലനിർത്തിയിരിക്കുന്ന പ്രഗത്ഭരായ സീനിയർ അഭിഭാഷകർ ഉൾപ്പെടുന്ന 133 അഭിഭാഷകരുടെ പാനൽ നിയമവകുപ്പിന്റെ കീഴിൽ നിലനിൽക്കെ സർക്കാർ കേസ്സുകൾ വാദിക്കുന്നതിനു വേണ്ടി പുറമെ നിന്ന് ഭീമമായ തുകകൾ നൽകി അഭിഭാഷകരെ ഇറക്കിയതു വഴി എത്ര കോടികൾ ആകെ ചെലവഴിച്ചു എന്നതിന്റെ കണക്ക് ആർക്കും അറിയില്ല. 13 കേസ്സുകളിൽ മാത്രം 4.75 കോടി രൂപ സ്വകാര്യ വക്കീലന്മാർക്കു നൽകിയതായി ഒരു വിവരാവകാശ രേഖ വ്യക്തമാക്കുന്നു. സ്വന്തം പാർട്ടിക്കാർക്ക് കനപ്പെട്ട തുകകൾ പ്രതിഫലം ലഭിക്കുന്ന നൂറുകണക്കിനു പദവികളും തസ്തികകളും ഈ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. പാർലമെന്റ്, തദ്ദേശ, നിയമസഭാ തെരഞ്ഞെടുപ്പുകൾക്കു മുന്നോടിയായി ഇലക്ട്രോണിക്- അച്ചടി മാധ്യമങ്ങളിലൂടെയും സംസ്ഥാനം മുഴുവൻ ഫ്ളെക്സുകൾ സ്ഥാപിച്ചും പബ്ലിക് റിലേഷൻ വകുപ്പ് നടത്തിയ ഇതര എണ്ണമറ്റ പ്രചാരണ പരിപാടികളിലൂടെയും സർക്കാർ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് നടത്തിയ പ്രചരണമേളയ്ക്ക് ഏറ്റവും കുറഞ്ഞത് 2000 കോടി രൂപ ചെലവഴിച്ചിട്ടുണ്ടാകും. വാങ്ങിക്കൂട്ടിയ കടത്തിന്റെ പലിശ പോലും നൽകാനാവാതെ കെണിയിലകപ്പെട്ട സർക്കാർ, മുതലാളിമാരെ ആകർഷിക്കുന്നതിനായി നിക്ഷേപക മേളകൾ നടത്തി പൊടിച്ച തുകകൾ എത്രയെന്ന് ആർക്കുമറിയില്ല. ഹെലികോപ്റ്റർ വാടകയ്ക്ക് എടുത്തതുവഴി നഷ്ടപ്പെട്ടത് എത്ര? ഈ ലിസ്റ്റ് എത്ര വേണമെങ്കിലും നീട്ടാൻ കഴിയും.

**മഹാപ്രളയത്തിന്റെ പാഠങ്ങളെ തള്ളിക്കളയുന്നു. പരിസ്ഥിതിയെ തകിടംമറിക്കുന്നു**

അധികാരത്തിലേറി ഏതാനും നാളുകൾക്കുള്ളിൽത്തന്നെ റോഡുകൾ, നദികൾ, വാസഗൃഹങ്ങൾ എന്നിവയുടെ 100 മീറ്റർ പരിസരത്ത് ക്വാറികൾ പാടില്ല എന്ന ചട്ടം പരിഷ്കരിച്ച്, ദൂരം ലഘൂകരിച്ച് 50 മീറ്ററാക്കി. ദേശീയ ഹരിത ട്രൈബ്യൂണലിന്റെ 200 മീറ്റർ പരിധിയെ കാറ്റിൽ പറത്തി. അക്രമാസക്തമായ ഖനനങ്ങളെ വ്യാപകമാക്കുന്ന നടപടിയായിരുന്നു അത്.

2018-ലെ മഹാപ്രളയവും അതേ വർഷവും തുടർന്നുള്ള വർഷങ്ങളിൽ കവളപ്പാറയിലും പുത്തുമലയിലും ഉൾപ്പെടെയുണ്ടായ വൻദുരന്തങ്ങളും സൃഷ്ടിച്ചതിൽ ക്വാറികളുടെ പങ്കിനെ സംബന്ധിച്ച് ആധികാരികമായ ആഭിപ്രായങ്ങൾ ഉയർന്നുവന്നുവെങ്കിലും സർക്കാർ അതൊന്നും ചെവികൊണ്ടില്ല. കാടുകൾക്കുള്ളിലും കാർഷിക ഭൂമിയിലും വരെ ഖനനം നടത്താൻ ഉതകുന്ന നിയമ ഭേദഗതിക്ക് പിണറായി സർക്കാർ തുനിഞ്ഞു. നിലവിൽത്തന്നെ 5,200-ഓളം അനധികൃത ക്വാറികൾ പ്രവർത്തിക്കുന്ന കേരളത്തിലാണ് ദൂരപരിധി എടുത്തുകളഞ്ഞ് വീണ്ടും പാറ തുരക്കലിനായി മുതലാളിമാർക്ക് അനുമതി നൽകിയത്.

അഴിമുഖത്തെ തന്നെ ഇല്ലാതാക്കുന്ന അനിയന്ത്രിതമായ കേരളാ മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റിഡിന്റെ മണലൂറ്റ് കൊല്ലം ജില്ലയുടെ തീരം മുഴുവൻ ഏതാണ്ട് ഇല്ലാതാക്കിയതിന് ശേഷമാണ് ഇപ്പോൾ ആലപ്പുഴയുടെ തീരത്തെത്തിയിരിക്കുന്നത്. 2 ലക്ഷം ക്യൂബിക്ക് മീറ്റർ ധാതുമണൽ തോട്ടപ്പള്ളി അഴിമുഖത്തുനിന്ന് തുരന്നെടുക്കാനാണ് കെഎംഎംഎല്ലിന് അനുവാദം കൊടുത്തത്. സർക്കാരിന്റെ കണക്ക് പ്രകാരംതന്നെ മെയ് 1 മുതൽ ജൂൺ 30 വരെയുള്ള ലോക്ക്ഡൗൺ കാലത്ത് 44,200ടൺ മണൽ കെഎംഎൽഎൽ കുഴിച്ചെടുത്തു കഴിഞ്ഞു. കായലിനും കടലിനുമിടയിലെ അതിർവരമ്പ് ഇല്ലാതാവുന്നതോടെ കായലിൽ ഉപ്പ് വെള്ളം കയറുകയും കുട്ടനാട്ടിൽ കൃഷി അസാധ്യമാവുകയും കായലിലെ ആവാസ വ്യവസ്ഥ തകരുകയും ചെയ്യും. ഒപ്പം കടലിലെ മത്സ്യ

സമ്പത്തിനേയും ധാതുമണൽ ഖനനം നേരിട്ട് ബാധിക്കും.

തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള യാത്രയുടെ സമയം കുറയ്ക്കണമെന്ന 'മഹത്തായ ലക്ഷ്യ'ത്തോടെ ഇടതുമുന്നണി നടപ്പാക്കുന്ന സെമി-ഹൈസ്പീഡ് റെയിൽവേ, വയലുകളിലൂടേയും ചതുപ്പുകളിലൂടെയും മനുഷ്യവാസ മേഖലകളിലൂടെയുമൊക്കെയാണ് കടന്നുപോകുന്നത്. നെൽവയലുകളും ചതുപ്പുകളും സംരക്ഷിച്ചുകൊള്ളാമെന്ന് ഇലക്ഷൻ മാനിഫെസ്റ്റോയിൽ പറഞ്ഞ ഇടതുമുന്നണി നടപ്പിലാക്കുന്ന അപകടകരമായ പദ്ധതിയാണ് സെമി-ഹൈസ്പീഡ് റെയിൽവേ. ഒന്നേകാൽ ലക്ഷംകോടിരൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി 30000 കുടുംബങ്ങളെ കുടിയൊഴിപ്പിക്കും. പശ്ചിമഘട്ടത്തെ തകർക്കും. തണ്ണീർത്തടങ്ങൾ നികത്തപ്പെടും.

വിഴിഞ്ഞത്തേത് അദാനിയുടെ തുറമുഖമാണ്. 3 കിലോമീറ്റർ നീളത്തിൽ ഒരു പുലിമുട്ട് തീർത്ത് കപ്പലുകൾ അടുപ്പിച്ച് ഇന്ത്യയിലെ ചരക്കു നീക്കത്തിന്റെ 80 ശതമാനവും കൈകാര്യം ചെയ്യാൻ വേണ്ടിയാണ് അദാനി വിഴിഞ്ഞത്തെത്തിയിട്ടുള്ളത്. പുലിമുട്ടും തുറമുഖവും കേരളത്തിന്റെ തീരത്തേയും സമുദ്രത്തേയും ജനങ്ങളുടെ ജീവിതത്തേയും എങ്ങനെ ബാധിക്കുമെന്ന് അദാനി ചിന്തിക്കില്ലല്ലോ. ജനങ്ങളെ കണക്കിലെടുക്കാൻ ബാധ്യതപ്പെട്ട ഉമ്മൻ ചാണ്ടി സർക്കാരോ പദ്ധതി നടപ്പിലാക്കുന്ന പിണറായി വിജയൻ സർക്കാരോ അത് അശേഷം പരിഗണിച്ചില്ല.

പുലിമുട്ടിന്റെ നിർമ്മാണം 600 മീറ്റർ പിന്നിട്ടപ്പോൾത്തന്നെ, അസാധാരണമായ നിലയിൽ കടൽ പ്രക്ഷുബ്ധമാകുവാൻ തുടങ്ങിയിരിക്കുന്നു. തിരുവനന്തപുരം ജില്ലയുടെ തീരങ്ങൾ- ശംഖുമുഖമുൾപ്പടെ- കടൽ കവർന്നിരിക്കുന്നു. വലിയതുറയുൾപ്പടെയുള്ള പ്രദേശങ്ങളിൽ തീരവാസികളുടെ ജീവിതം അസാധ്യമോ ദുസ്സഹമോ ആയിരിക്കുന്നു. തുറമുഖത്തിന് വേണ്ടിയുള്ള മണ്ണെടുപ്പ് സമുദ്ര ജീവികളുടെ ആവാസ വ്യവസ്ഥയെ തകർക്കുകയും മത്സ്യസമ്പത്ത് വൻതോതിൽ കുറയാനിടയാക്കുകയും മീൻ പിടിത്തം തൊഴിലാക്കിയവരുടെ തൊഴിൽ നഷ്ടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മാത്രമല്ല കേരളമാകെ വിശേഷിച്ചും തെക്കൻകേരളത്തിൽ തീരം അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

യു.ഡിഎഫ് ഭരണനാളിൽത്തന്നെ കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിയമസഭയിൽ സമർപ്പിച്ച റിപ്പോർട്ടിൽ വിഴിഞ്ഞം പദ്ധതി കേരളത്തിന് ഒരു ഗുണവും ചെയ്യുന്നില്ലെന്നും അദാനി മാത്രമാണ് ഏക ഗുണഭോക്താവെന്നും പറയുകയുണ്ടായി. പ്രതിപക്ഷത്തായിരുന്നപ്പോൾ എതിർത്തതൊക്കെ മറന്ന് പദ്ധതിക്ക് പച്ചക്കൊടികാണിക്കുകയും തുറമുഖത്തെ ബർത്ത് നിർമ്മാണോദ്ഘാടനം പിണറായി വിജയൻതന്നെ നടത്തുകയും ചെയ്തു!

### വികസനം ആഗോളവത്ക്കരണകാലത്തെ ഏറ്റവും സാമൂഹ്യവിരുദ്ധ പദം

വികസനം ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന പദമായിരിക്കുന്നു. കക്ഷിഭേദമെന്യേ എല്ലാ രാഷ്ട്രീയ കക്ഷികളും വികസനത്തിന്റെ വക്താക്കളാണ്. പക്ഷേ സാധരണ ജനങ്ങളെ സംബന്ധിച്ചിടത്തോളം വികസനമെന്നാൽ ഇരിക്കുന്ന പുരയും ജീവന ഉപാധികളും കൈവിട്ടുപോകും എന്ന ദുരനുഭവമാണ്. വികസനം ഒരു രാഷ്ട്രീയ പദമായിട്ട് ഏറെയായിട്ടില്ല. അതിന് ആഗോളവൽക്കരത്തിന്റെ പഴക്കമേയുള്ളൂ. വൻകിട കുത്തകകൾക്കുവേണ്ടി കാടും കടലും കരിമണലും മണ്ണും വെള്ളവും കൃഷിഭൂമിയും കൈമാറുന്നതാണ് ആധുനിക വികസനം. അധികാരത്തിലും മറുപക്ഷത്തുമിരിക്കുന്നവർക്ക് കമ്മീഷൻ എന്നത് അംഗീകൃത വ്യവസ്ഥയാണത്രേ!

വികസനം മുന്നേറുമ്പോൾ പാർശ്വവത്ക്കരിക്കപ്പെടുന്ന ജനവിഭാഗങ്ങളുടെ എണ്ണം വർദ്ധിക്കുന്നു എന്നതുതന്നെ വികസനം എന്ന പേരിൽ ഇന്ന് നടന്നുവരുന്ന പ്രക്രിയയുടെ പരിധിയിൽ

സാധാരണക്കാരൻ ഉൾപ്പെട്ടിട്ടില്ല എന്നതിന്റെ തെളിവാണ്. സ്വാതന്ത്ര്യാനന്തരം വികസനത്തിന്റെ പേരിൽ രക്തസാക്ഷികളായവർ 6 കോടിവരും എന്നാണ് ആസൂത്രണ കമ്മീഷന്റെ പഠനം പറയുന്നത്. വികസനം ഏറ്റവുമധികം ബാധിക്കുന്നത് ആദിവാസികളെയും ദരിദ്രഗ്രാമീണരെയുമാണ്. സമ്പന്നരുടെയും സാധാരണക്കാരുടെയും താൽപര്യങ്ങൾ ഒരുപോലെ സംരക്ഷിക്കപ്പെടുക സാദ്ധ്യമല്ല എന്നത് ഒരു സത്യം മാത്രമാണ്. ബഹുഭൂരിപക്ഷം വരുന്ന സാധാരണക്കാരുടെയും താൽപര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന വികസനമാണെങ്കിൽ ഒരു പൗരനെന്ന നിലയിൽ അടിസ്ഥാന ആവശ്യങ്ങൾ ഉറപ്പാക്കപ്പെടണം. ഭക്ഷണവും പാർപ്പിടവും വസ്ത്രവും വിദ്യാഭ്യാസവും ആരോഗ്യപരിപാലനസംവിധാനങ്ങളും തൊഴിലെടുക്കാനുള്ള അവസരങ്ങളും സ്ത്രീപുരുഷഭേദമന്യേ ഏതൊരാൾക്കും മനുഷ്യനെപ്പോലെ ജീവിക്കാനുള്ള അവകാശവും ലഭ്യമാകുമ്പോൾ മാത്രമേ വികസനം എന്ന പദത്തിന് മുൻകാലങ്ങളിൽ നാം കേട്ടുപരിചയിച്ച അർത്ഥം കൈവരികയുള്ളൂ. ദൗർഭാഗ്യവശാൽ ആഗോളവൽക്കരണ കാലത്തെ വികസനത്തിന്റെ അജണ്ടയിൽ സാധാരണക്കാരനില്ല. അതിസമ്പന്നരേയുള്ളൂ.

ആഗോളവത്ക്കരണകാലത്തെ വികസനത്തിന് മറ്റൊരുവശംകൂടെയുണ്ട്. കമ്പോളം ഉത്തേജിപ്പിക്കാനുള്ള കൃത്രിമമാർഗ്ഗം. കമ്പോളപ്രതിസന്ധിയെ മറികടക്കാനുള്ള കുറുക്കുവഴി. യുദ്ധത്തെക്കാൾ എളുപ്പം. വികസനത്തിന്റെ പേരിലാകുമ്പോൾ ജനങ്ങളുടെ എതിർപ്പുണ്ടാകില്ല എന്നുമാത്രമല്ല, പിന്തുണയേറുകയുംചെയ്യും. വികസനത്തിന്റെ മറവിൽ കോടിക്കണക്കിന് രൂപയുടെ നിർമ്മാണപ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. നിർമ്മാണ പ്രവൃത്തിയാണ് കമ്പോളം. അത് പാലമാകാം. കലുങ്കാകാം. തുറമുഖമാകാം, മെട്രോയുമാകാം. കെ.റയിൽപോലുള്ള വൻകിട പദ്ധതികളുമാകാം. ലക്ഷക്കണക്കിന് കോടിമുടക്കി നിർമ്മാണം നടത്തിയതിനുശേഷം പദ്ധതി പരാജയമായാലും സർക്കാരുകൾക്കും മുതലാളിമാർക്കും അതൊരു വിഷയമേയല്ല. കാരണം ഫലസിദ്ധി അവർ ഉദ്ദേശിച്ചിട്ടില്ല. നിർമ്മാണം മാത്രമേ ഉദ്ദേശിച്ചിട്ടുള്ളൂ. പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്പെട്ടുകൊള്ളണം എന്നത് ഉദ്ദേശിക്കപ്പെട്ടിട്ടില്ല.

## മിനിമം സർക്കാർ പരമാവധി ഭരണ നിർവഹണം

ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് ഭരണനിർവ്വഹണത്തിൽ ലഭ്യമായിരുന്ന അധികാരങ്ങളും അവകാശങ്ങളും എല്ലാം കുറഞ്ഞു വരുന്നു. പകരം ഉദ്യോഗസ്ഥർ ഭരണാധികാര കേന്ദ്രമായി പരിണമിച്ചു കൊണ്ടിരിക്കുന്നു. കേന്ദ്രത്തിൽ എല്ലാ അധികാരങ്ങളും പ്രധാനമന്ത്രിയുടെ ഓഫീസ് കേന്ദ്രീകരിച്ചാണ് നടക്കുന്നത്. മറ്റ് മന്ത്രിമാർക്കോ ജനപ്രതിനിധികൾക്കോ സവിശേഷ അധികാര അവകാശങ്ങൾ പിഎംഒ വകവച്ചു കൊടുക്കുന്നില്ല. ആ പ്രവണത നാൾക്കുനാൾ വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു. ഒറ്റവാക്കിൽ പറഞ്ഞാൽ അധികാരം ഒരു ചെറിയ ഭരണവർഗ വിഭാഗത്തിന്റെ കൈകളിലേക്ക് കേന്ദ്രീകരിക്കപ്പെടുന്നുവെന്ന് പറയാം. പ്രധാനമന്ത്രിയുടെ സ്വകാര്യ സ്റ്റാഫിൽ കോർപ്പറേറ്റ് പ്രതിനിധികൾ കൂടി ഉൾപ്പെടുന്നു. എല്ലാ മന്ത്രാലയങ്ങളിലും ഉദ്യോഗസ്ഥ കോർപ്പറേറ്റ് കൂട്ടുകെട്ടിന്റെ പ്രതിനിധികൾ.

കേരളത്തിലെ സ്ഥിതിയും വ്യത്യസ്തമല്ല. മുഖ്യമന്ത്രി പിണറായി വിജയന്റെ ഓഫീസിലാണ് പ്രധാന അധികാരകേന്ദ്രം. മറ്റെല്ലാ വകുപ്പുകളെയും മന്ത്രാലയങ്ങളെയും കാൽക്കീഴിലാക്കികൊണ്ട് മുഖ്യമന്ത്രിയും സംഘവും തിട്ടൂരങ്ങൾ പുറപ്പെടുവിക്കുന്നു. ഭരണം അവർ നിർവഹിക്കുന്നു. കുത്തകകൾക്കു വേണ്ടി അവർ നിർലജ്ജം സേവ നടത്തും. അവിരാമം, തടസ്സങ്ങളില്ലാതെ. ലെസ് ഗവൺമെൻറ് മോർ ഗവേർണൻസ് എന്നാണ് അവരതിനെ വിളിക്കുന്നത്. സർക്കാർ തലത്തിലെ പ്രവർത്തനങ്ങൾ വളരെ കുറച്ചുമതി ഉദ്യോഗസ്ഥതല ഭരണനിർവഹണമാണ് പ്രധാനം. മിനിമം ഗവൺമെൻറ് എന്ന് വെച്ചാൽ ജനക്ഷേമ-ജനാധിപത്യ പ്രവർത്തനങ്ങളിൽ നിന്നുള്ള സമ്പൂർണമായ വിടുതൽ എന്ന് അർത്ഥം. പരമാവധി ഗവേണൻസ് എന്നാലർത്ഥം പൊതുസ്വത്തിനെ സ്വകാര്യവൽക്കരിക്കുക, തൊഴിലാളികളുടെ അവകാശങ്ങൾ ജനപ്രതിനിധി സഭകളിൽ നിന്നുള്ള

വിമർശനങ്ങളെയും എതിർപ്പുകളെയും തൃണവൽഗണിക്കുക, എല്ലാ അധികാരങ്ങളും ഒരു ഗൂഢ സംഘത്തിൽ കേന്ദ്രീകരിക്കുക എന്നൊക്കെയാണ്. മോദിയുടെ അതേ ഫാസിസ്റ്റ് ശൈലിയിലാണ് കേരളത്തിലെ ഭരണനിർവഹണ സംവിധാനങ്ങളെ മുഖ്യമന്ത്രി കൈകാര്യം ചെയ്യുന്നത്. എല്ലാ അധികാരവും മുഖ്യമന്ത്രിയിലേക്ക് കേന്ദ്രീകരിക്കുന്ന അത്യന്തം അപകടകരമായ ഒരു സ്ഥിതിയാണുള്ളത്. ജനാധിപത്യ വ്യവസ്ഥയ്ക്ക് തന്നെ ദീർഘകാല അടിസ്ഥാനത്തിൽ അത് ഉണ്ടാക്കുന്ന മുറിവുകൾ മാരകമായിരിക്കും. സമൂഹത്തിന്റെ ജനാധിപത്യ അന്തരീക്ഷത്തെ ക്രമേണ ഈ അധികാരം ദുഷ്പ്രഭുത്വം തകർത്തുകളയും. പോലീസ് രാജ് അധികാരത്തിന്റെ മുഖ്യ പ്രവണതയായി വളർന്നുവരുകയും ചെയ്യും.

## മുതലാളിത്ത സേവയ്ക്കായി അവസരം കാത്തിരിക്കുന്ന യു.ഡിഎഫ്

ഇടതുഭരണത്തിനും കേന്ദ്രഭരണത്തിനും എതിരായ മനോഭാവത്തെ മുതലെടുത്തും വർഗ്ഗീയ വികാരങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിയും ജയിച്ചുകയറാമെന്നു കണക്കുകൂട്ടുന്ന കോൺഗ്രസ്സ് നയിക്കുന്ന യുഡിഎഫ് അഞ്ച് വർഷം മുമ്പ് അടിമുടി ദ്രോഹിച്ച സംസ്ഥാനഭരണത്തിന് നേതൃത്വം നൽകിയവരാണ്. ഇന്നു കേന്ദ്രത്തിൽ ബിജെപി സർക്കാർ നടപ്പാക്കുന്ന മുഴുവൻ നയങ്ങളും കോൺഗ്രസ്സ് ഗവൺമെന്റ് തുടക്കം കുറിച്ചവയാണ്. കോൺഗ്രസ്സിന്റെ നയങ്ങളും പശുവും ചേർന്നാൽ ബിജെപി സർക്കാരായി എന്ന് പ്രമുഖ പത്രപ്രവർത്തകനായ അരുൺ ഷൂരി പറഞ്ഞത് രാഷ്ട്രീയ യാഥാർത്ഥ്യം മാത്രം. അന്തംവിട്ട സ്വകാര്യവൽക്കരണത്തിനും തൊഴിലാളി ദ്രോഹ നടപടികൾക്കും അടിത്തറയിട്ടത് കോൺഗ്രസ്സിന്റെ ഭരണമാണ്. സ്വകാര്യമൂലധന ശക്തികൾക്ക് പ്രവേശനമില്ലാതിരുന്ന വാർത്താവിനിമയം, പെട്രോളിയം, വ്യോമയാനം തുടങ്ങിയ മേഖലകൾ പുതിയ നിക്ഷേപക മേഖലകളായി തുറന്നുകൊടുത്തതും കോൺഗ്രസ്സ് ഭരണമാണ്. ഈ നയങ്ങളുടെ അടുത്ത ഘട്ടമെന്ന നിലയിൽ പുതു തലമുറ പരിഷ്കാരങ്ങൾ നടപ്പാക്കുകയാണ് ബിജെപി ചെയ്യുന്നത്. അതിനാൽ ഈ നയങ്ങൾക്കെതിരെ വോട്ടുചോദിക്കാൻ കോൺഗ്രസ്സിന് ഒരവകാശവുമില്ല. ജനങ്ങളുടെ വോട്ട് ലഭിക്കാൻ കോൺഗ്രസ്സിന് അർഹതയുമില്ല. വീണ്ടും കോൺഗ്രസ്സ് അധികാരത്തിൽ വന്നാൽ ഇതേ നയങ്ങളുടെ കൃത്യമായ തുടർച്ചയായിരിക്കും നടപ്പാക്കുക. ജനങ്ങളുടെ ജീവിതം അഭിമുഖീകരിക്കുന്ന എല്ലാ ദുരിതങ്ങളും പല മടങ്ങിൽ പെരുകുക മാത്രമാണ് കോൺഗ്രസ്സ് അധികാരത്തിലേറിയാൽ ഉണ്ടാവുക. മുതലാളിത്ത രാഷ്ട്രീയത്തിന്റെ എല്ലാ ജീർണ്ണതകളും പേറുന്ന, ഈ കൊടിയ അപചയത്തിന് നായകത്വം വഹിക്കുന്ന കോൺഗ്രസ്സിന്റെ രാഷ്ട്രീയം സംസ്ഥാന സാമൂഹ്യ സാഹചര്യത്തിനുമേൽ ഒരു വിഴുപ്പുഭാണ്ഡം മാത്രമാണ്. അതിനെ തൂത്തെറിയുക എന്നതും ഈ തെരഞ്ഞെടുപ്പിന്റെ മുമ്പിലെ മറ്റൊരു ഗൗരവപ്പെട്ട കർത്തവ്യമാണ്.

## നയങ്ങളുടെ പരാജയം ഉറപ്പാക്കത്തക്കവിധം ജനകീയ സമരം വളർത്തുക

മോദി സർക്കാരിന്റെ നയങ്ങൾക്കെതിരെ ജനങ്ങൾക്കിടയിൽ അതിശക്തമായ ജനവികാരം നിലനിൽക്കുന്നുണ്ടെന്നുള്ളത് ഒരു രാഷ്ട്രീയയാഥാർത്ഥ്യമാണ്. എന്നാൽ ഈ നയങ്ങളെ പരാജയപ്പെടുത്തുക എന്ന അടിയുറച്ച ലക്ഷ്യത്തോടെയുള്ള പ്രക്ഷോഭം കേരളത്തിൽ ഉണ്ടാകുന്നതേയില്ല. ബിജെപി സർക്കാരിന്റെ നയങ്ങളെ കുഴിവെട്ടി മൂടാൻ ഇതിനുമുമ്പ് ഒരിക്കലുമുണ്ടായിട്ടില്ലാത്ത വിധം ഒരു രാഷ്ട്രീയ സാധ്യത ഉയർന്നുവന്നിട്ടും അത്തരമൊരു ലക്ഷ്യ മുള്ള പ്രക്ഷോഭം എന്തുകൊണ്ട് സംസ്ഥാനത്ത് വളർന്നുവരുന്നില്ല? പ്രത്യേകിച്ചും ഇടതുരാഷട്രീയത്തിനു വലിയ മേൽക്കൈ ഉണ്ടെന്നു വിലയിരുത്തപ്പെടുന്ന ഒരു സംസ്ഥാനത്ത്, നീണ്ടുനിൽക്കുന്ന, വിജയം നേടിയേ അവസാനിപ്പിക്കൂ എന്ന നിശ്ചയദാർഢ്യമുള്ള ഒരു ജനകീയസമരം എന്തുകൊണ്ട് ഉയിർകൊള്ളുന്നില്ല? ശക്തമായ സംഘടനാ മെഷനറിയുടെ ചിത്രം അവതരിപ്പിക്കുന്ന സിപിഐ(എം), അതിനെ പ്രക്ഷോഭത്തിന്റെ സംഘാടനത്തിനായി എന്തുകൊണ്ട് വിനിയോഗിക്കുന്നില്ല? ജനങ്ങൾ ഇന്ധനവിലവർദ്ധനവിനെതിരെ ഒരു പൊട്ടിത്തെറിയുടെ വക്കിലാണ്. ഈ വിഷയം ഉയർത്തിക്കൊണ്ട് ബിജെപിയെ രാഷ്ട്രീയ ചിത്രത്തിൽ നിന്നുതന്നെ തുടച്ചുമാറ്റാൻ പോന്ന ഒരു പോരാട്ടത്തിന്റെ സാധ്യത

കൈയെത്തും ദൂരത്തു നിന്നിട്ടു പോലും ഇടതു പ്രസ്ഥാനങ്ങൾ അതിനു മുതിരാത്തത് എന്തു കൊണ്ട് എന്ന കേരള മനസ്സാക്ഷിയുടെ ചോദ്യത്തിനു മുമ്പിൽ സിപിഐ(എം)നു മറുപടിയില്ല. ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിനു മുമ്പിലെ ഏറ്റവും ഗൗരവതരമായ ചോദ്യമാണ് മുകളിൽ ഉന്നയിച്ചത്.

കേന്ദ്രസർക്കാരിന്റെ നയങ്ങൾക്കെതിരെ സപിഐ(എം), സിപിഐ തുടങ്ങിയ ഇടതെന്ന ലേബലുള്ള പാർട്ടികളുടെ എതിർപ്പിന്റെ നിലപാട് ചില പ്രസ്താവനകളിലും അനുഷ്ഠാനം പോലുള്ള ചില സമരപരിപാടികളിലും അവസാനിക്കുന്നു. പ്രസ്ഥാനങ്ങളുടെ പുറത്തുനിന്ന് ഒരാളെപ്പോലും ആകർഷിക്കാനാകാതെ പാർട്ടി അണികൾ മാത്രം അണിനിരക്കുന്ന ഇത്തരം സമരങ്ങൾക്കപ്പുറത്തേക്ക് ബഹുജനപങ്കാളിത്തവും പിന്തുണയുമുള്ള ഒന്നാക്കി അതിനെ വളർത്താൻ അവർ ലക്ഷ്യം വയ്ക്കുന്നതേയില്ല. നയങ്ങളെ എതിർക്കുന്നുവെന്ന പ്രതീതി സൃഷ്ടിക്കാൻ മാത്രമേ അവർ ഉദ്ദേശിക്കുന്നുള്ളൂ. നയങ്ങൾക്കെതിരെയുള്ള ജനവികാരത്തടൊപ്പമാണ് തങ്ങളും എന്നു സ്ഥാപിച്ചുകൊണ്ട് ഏതാനും വോട്ടിന്റെ നേട്ടം ഉണ്ടാക്കുക എന്ന സങ്കുചിതമായ ലക്ഷ്യം മാത്രമേ അവർക്കുള്ളൂ. കേരളത്തിൽ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടെങ്കിലുമായി ഇടതു സമരങ്ങളുടെ അടിസ്ഥാനസ്വഭാവം ഇതല്ലാതെ മറ്റൊന്നും നമുക്ക് കാണാൻ കഴിയുന്നില്ല. ഡിമാന്റ് നേടുംവരെ, നീണ്ടുനിൽക്കുന്ന ഒരു പോരാട്ടത്തിനു സന്നദ്ധമായിക്കൊണ്ട്, പ്രക്ഷോഭത്തിന്റെ ന്യായയുക്തത ബൃഹത്തായ പ്രചാരണത്തിലൂടെ ബഹുജനങ്ങളെ ബോധ്യപ്പെടുത്തി, അവരെയും സമരപക്ഷത്തേക്ക് അടുപ്പിച്ച്, അനുദിനം സമരനിര വിപുലപ്പെടുത്തി മുന്നേറുന്ന സമരത്തിന്റെ സംഘാടനമാണ് ഇടതുപക്ഷത്തിന്റെ മേൽ അർപ്പിക്കപ്പെട്ടിരിക്കുന്ന ചരിത്രദൗത്യം. അത് നിറവേറ്റാൻ സിപിഐ(എം), സിപിഐ പ്രസ്ഥാനങ്ങൾ തയ്യാറാകുന്നില്ല എന്നതാണ് നമ്മുടെ നാട് നേരിടുന്ന വേദനാകരമായ ദുര്യോഗം. അടിമുടി ജനങ്ങളെ ദ്രോഹിക്കുന്ന ഭരണനയങ്ങളെ പരാജയപ്പെടുത്താനുള്ള, ജനങ്ങളുടെ സബോധതയെ ആധാരമാക്കിയ ജനാധിപത്യസമരരാഷ്ട്രീയത്തെ ശക്തിപ്പെടുത്തുകയാണ് ഇടതുപക്ഷ ധർമ്മം. അതു നിർവ്വഹിക്കപ്പെടുന്നില്ല.

നമ്മുടെ രാജ്യത്തെ ഇടതു പ്രസ്ഥാനങ്ങൾ നിലനിൽക്കുന്ന സാമ്പത്തികവ്യവസ്ഥയുടെ അവിഭാജ്യഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നതിനാലാണ് ജനകീയപ്രക്ഷോഭത്തിന്റെ രാഷ്ട്രീയദൗത്യം അവർ പാടേ വെടിഞ്ഞിരിക്കുന്നത്. നവലിബറൽ ആശയങ്ങൾ പിൻപറ്റിക്കൊണ്ട് സ്വകാര്യമൂലധനനിക്ഷേപം വർദ്ധിപ്പിക്കൽ മാത്രമാണ് ഉൽപ്പാദനവളർച്ചയുടെ ഒരേയൊരു വഴിയെന്ന് അവർ ശക്തിയുക്തം വാദിക്കുന്നു. അതിനനുസൃതമായി തയ്യാറാക്കപ്പെട്ടിട്ടുള്ള നയനടപടികളാണ് അവരും അധികാരത്തിലിരുന്ന് നടപ്പാക്കുന്നത് എന്നതിനാൽ മാത്രമാണ് കേന്ദ്രസർക്കാരിന്റെയും പിണറായി സർക്കാരിന്റെയും അടിസ്ഥാന സാമ്പത്തികനയങ്ങൾ ഒന്നുതന്നെയായിരിക്കുന്നത്. ദേശീയ പാതയുടെ വികസനം എന്നു പറഞ്ഞാൽ അത് റോഡിന്റെ നിർമ്മാണരംഗത്തുള്ള ബൃഹത് മൂലധനനിക്ഷേപവും തുടർന്നുള്ള കണ്ണിൽച്ചോരയില്ലാത്ത ടോൾ പിരിവും മാത്രമായിരിക്കുന്നു. ഇക്കാര്യത്തിലുള്ള ഇരുകൂട്ടരുടെയും ഹൃദയ ഐക്യം എത്ര ദൃഢമാണ്. കുത്തകകൾക്ക് മുതലിറക്കാൻ പരമാവധി മേഖലകൾ തുറന്നുകൊടുക്കാനുള്ള വ്യഗ്രതയാണ് സംസ്ഥാനത്തിന്റെ മൽസ്യ സമ്പത്ത് കൊള്ളയടിക്കാൻ ഒരു സ്വകാര്യമൂലധനശക്തിയുമായി ധാരണ ഉണ്ടാക്കുന്നതിൽ എത്തിച്ചേരുന്നത്. ഇപ്രകാരം തുറന്നടിച്ചുള്ള മുതലാളിത്തനയങ്ങൾക്കായി നിലകൊള്ളുന്ന ഇക്കൂട്ടർക്ക് എങ്ങിനെയാണ് പ്രക്ഷോഭത്തിന്റെ പക്ഷത്തേക്ക് വരാൻ കഴിയുന്നത്. അവരുടെ തന്നെ നയങ്ങൾ വിചാരണ ചെയ്യപ്പെടുന്ന സ്ഥിതി ജനകീയ മുന്നേറ്റം സൃഷ്ടിക്കുമെന്ന് ബോദ്ധ്യമുള്ളതിനാലാണ് പ്രക്ഷോഭത്തിന്റെ പാതയെ അവർ കൈവെടിഞ്ഞിരിക്കുന്നത്.

തെരഞ്ഞെടുപ്പാനന്തരം വന്നുചേരുന്ന രാഷ്ട്രീയ സാഹചര്യത്തെ ജനങ്ങൾക്ക് അനുകൂലമായി സ്വാധീനിക്കാനായി തെരഞ്ഞെടുപ്പ് വേളയിലെന്തു ചെയ്യാൻ കഴിയും? കഴിഞ്ഞ ഏഴിലേറെ പതിറ്റാണ്ടിന്റെ ദു:ഖകരമായ അനുഭവമെന്തെന്നാൽ അധികാരരാഷ്ട്രീയത്തെ മുൻനിർത്തി പ്രവർത്തി

ക്കുന്നവരിൽ ആരുതന്നെ ജയിച്ചുവന്നാലും ജനജീവിതത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളെല്ലാം അതേ പടി തുടരുന്നുവെന്നതാണ്. അതുകൊണ്ടാണ് ഒരേ സ്വഭാവത്തിലുള്ള വാഗ്ദാനങ്ങൾ ഓരോ തെര ഞ്ഞെടുപ്പിലും ആവർത്തിക്കുന്നത്. ഈ സാഹചര്യത്തിന് മാറ്റം കൊണ്ടുവരാൻ നിശ്ചയമായും ജനങ്ങൾക്കു കഴിയുമെന്നതാണ് യാഥാർത്ഥ്യം. ജനങ്ങളുടെ ശേഷിക്കും അപ്പുറത്തുള്ള കാര്യമല്ല അത്. സമ്മതിദാനാവകാശം എന്നതിനേക്കാൾ വിപുലമായ അവകാശം ജനാധിപത്യം ജനങ്ങൾക്കു നൽകുന്നുണ്ട്. ഭരണനയങ്ങൾ ജനങ്ങൾക്കെതിരാകുമ്പോഴോ ജനങ്ങളെ പാടേ വിസ്മരിച്ച് ഭരണാ ധികാരികൾ മുന്നോട്ടുപോകുമ്പോഴോ സംഘടിത ജനകീയ ശക്തി ഉപയോഗിച്ച് അതിനെ തിരു ത്താനുള്ള അവകാശമാണ് ജനാധിപത്യത്തിന്റെ യഥാർത്ഥ കരുത്ത്. പ്രസ്തുത അവകാശം വനി യോഗിക്കാൻ ജനങ്ങളെ പരിശീലിപ്പിക്കുകയും സജ്ജരാക്കുകയും ചെയ്താൽ ജനതാൽപ്പര്യം സംര ക്ഷിക്കാൻ ജനങ്ങൾക്കു കഴിയും. പ്രബുദ്ധമായ കാവൽ ശക്തിയായി ജനങ്ങൾ ഉയരുമ്പോൾ ഏതു ഭരണാധികാരിയെയും നിലയ്ക്കുനിർത്താൻ കഴിയും. അതുകൊണ്ട് കേന്ദ്രബിന്ദുവായി സമരരാ ഷ്ട്രീയം വരുന്നുണ്ടോ ഇല്ലയോ എന്നതാണ് തെരഞ്ഞെടുപ്പിന്റെ അതീവ പ്രധാനമായ അജണ്ട. വിട്ടുവീഴ്ചയില്ലാത്ത ജനാധിപത്യ പ്രക്ഷോഭത്തിന്റെ രാഷ്ട്രീയത്തെ പ്രചരിപ്പിക്കാനും ശക്തിപ്പെ ടുത്താനും അന്തിമമായി വിജയിപ്പിക്കാനും കഴിഞ്ഞാൽ തെരഞ്ഞെടുപ്പ് ഫലം ജനങ്ങൾക്ക് അനു കൂലമായി എന്നു വിലയിരുത്താനാകും.

## സമരം മനുഷ്യചേതനയുടെ തേജസ്സാർന്ന മുഖം

നരേന്ദ്രമോദിയും ബിജെപിയും സംഘവും ഭരിക്കുന്നത് കുത്തകകൾക്കുവേണ്ടിയാണ്. മോദി യുടെ നയങ്ങളാകട്ടെ കോൺഗ്രസ് ആവിഷ്ക്കരിച്ച ആഗോളവത്ക്കരണ നയങ്ങളും. ഇടതുപ ക്ഷരാഷ്ട്രീയത്തിന്റെ അന്തസ്സത്തയും ജനസമരരാഷ്ട്രീയത്തിന്റെ പാതയും ഉപേക്ഷിച്ച് സമ്പൂർണ മായും ഭരണവർഗ്ഗചേരിയിൽ നിലയുറപ്പിച്ചുകഴിഞ്ഞ ഇടതുമുന്നണിയും പിണറായി വിജയനും നട പ്പാക്കുന്നതും നവലിബറൽ സാമ്പത്തിനയങ്ങൾ തന്നെയാണ്. ഭരണത്തുടർച്ചയും ഭരണമാറ്റവും വികസനവുമെല്ലാം ഒരേനാണയത്തിന്റെ ഇരുവശങ്ങളുമാണ് എന്നത് കഴിഞ്ഞ കാലഭരണങ്ങളും നയങ്ങളും വെളിവാക്കുന്നു. ഈ സാഹചര്യത്തിൽ പ്രതിസന്ധിയിൽനിന്ന് പ്രതിസന്ധിയിലേയ്ക്ക് കൂപ്പുകുത്തുന്ന ദൈനംദിനജീവിതത്തെ മറികടക്കാൻ ജനങ്ങളുടെ മുന്നിൽ ഒരേയൊരുമാർഗ്ഗമേ യുള്ളൂ. അത് രാജ്യതലസ്ഥാനത്ത് കർഷകർ കാട്ടിത്തരുന്ന ഉദാത്തമായ ജനസമരത്തിന്റെ മാതൃക യാണ്.

ഭരണാധികാരികളുടെ ഔദാര്യമല്ല, ജനങ്ങളുടെ ചെറുത്തുനിൽപ്പാണ് മനുഷ്യന് എന്നും വഴി കാട്ടിയായിട്ടുള്ളത്. മാനവസമൂഹത്തിന്റെ സംഭവബഹുലമായ ചരിത്രം തന്നെയാണ് ഇതിന്റെ സാക്ഷ്യം. ജാത്യാധിഷ്ഠിത സാമൂഹ്യക്രമത്തിൽനിന്ന് നാം മുക്തരായത്, വിദേശാധിപത്യത്തിൽനിന്ന് സ്വതന്ത്രരായി നാം ഇന്ത്യക്കാരായത്, ഭേദങ്ങളേതുമില്ലാതെ വഴിനടക്കാനും വിദ്യ‌അഭ്യസിക്കാനും മുടിമുറിക്കാനും വസ്ത്രം ധരിക്കാനും ഒരേ ഭാഷ സംസാരിക്കാനുമൊക്കെ നമുക്ക് ഇടമൊരുങ്ങി യത് അതതുകാലഘട്ടത്തിൽ അനീതികൾക്കെതിരെ ജീവനും ജീവിതവും നൽകി പ്രക്ഷോഭം നയി ക്കുവാൻ മഹാരാഥന്മാർ തയ്യാറായതുകൊണ്ടും അവർക്കുപിന്നിൽ അണിനിരക്കാൻ ജനങ്ങൾ തയ്യാ റായി എന്നതുകൊണ്ടുമാണ്.

ഏറ്റവും ന്യായയുക്തമായ ഒരു ജനകീയ മുന്നേറ്റം ജനങ്ങൾക്ക് കൂടുതലുയർന്ന പ്രബുദ്ധത നൽകും. ഒരു പുതിയ സംസ്കാരത്തിന്റെ ചേതന മനഷ്യരെ തട്ടിയുണർത്തും. വർഗ്ഗീയതയും മതാ ന്ധതയും അവിടെ മൺമറയും. സമൂഹം ജനാധിപത്യവൽക്കരണത്തിന്റെ ഉയർന്ന തലങ്ങളിലേക്കു കുതിക്കും. പണത്തിന്റെയും നിർമ്മിച്ചെടുക്കുന്ന പ്രശസ്തിയുടെയും പിന്നാലെ പോകുന്ന ദുർബ്ബ ലചിത്തരായ ജനതയെയല്ല, സ്വന്തം വിവേചനബുദ്ധിയുടെ അടിസ്ഥാനത്തിൽ ശരി തെറ്റുകൾ തിരി ച്ചറിഞ്ഞ് വ്യക്തമായ നിലപാട് എടുക്കാൻ പ്രാപ്തിയുള്ള ജനതയെ അതു സൃഷ്ടിക്കും. അധികാ

രത്തിന്റെ മുഷ്കിനു മുമ്പിൽ ഭീരുക്കളാകുന്നവരെയല്ല, സത്യത്തിനുവേണ്ടി നിലകൊള്ളുന്ന നിർഭയരെ അതു വളർത്തും. ജനാധിപത്യപ്രക്ഷോഭത്തിന്റെ പാതയാണ് ജനങ്ങളുടെ മുമ്പിൽ അഭിമാനകരമായത്. പ്രാണനെപ്പോലെ ജനകീയ സമര രാഷ്ട്രീയത്തെ മുറുകെപ്പിടിക്കാൻ ഞങ്ങൾ ജനങ്ങളോടഭ്യർത്ഥിക്കുന്നു.

**ജനസമരവേദിയിലെ സമർപ്പിത പ്രസ്ഥാനം എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കുക**

തെരഞ്ഞെടുപ്പ് രംഗത്ത് എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) സ്ഥാനാർത്ഥികൾ പ്രതിനിധാനം ചെയ്യുന്നത് ഭരണരാഷ്ട്രീയത്തെയല്ല. വിട്ടുവീഴ്ചയില്ലാത്ത ജനകീയ സമരത്തിന്റെ രാഷ്ട്രീയത്തെയാണ്. പിറവികൊണ്ട കാലം മുതൽ ജനതാൽപ്പര്യത്തിന്റെ പക്ഷത്ത് അചഞ്ചലമായി നിലയുറപ്പിച്ചുകൊണ്ട് ഭരണാധികാരികളുടെ മുതലാളിത്ത നയങ്ങൾക്കെതിരെ ജനകീയ പ്രക്ഷോഭത്തിന്റെ പതാകയുമേന്തിയാണ് ഈ പ്രസ്ഥാനം മുന്നേറുന്നത്. കേരളത്തിൽ ജനാധിപത്യ പോരാട്ടങ്ങളുടെ രംഗത്ത് താദാത്മ്യപ്പെട്ട നാമമാണ് എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്). നിസ്സഹായരും അശരണരുമായ ജനങ്ങൾ എവിടെയൊക്കെ നീതി തേടി പ്രക്ഷോഭത്തിന്റെ മാർഗ്ഗം തേടിയുട്ടുണ്ടോ അവിടങ്ങളിലെല്ലാം ഈ പ്രസ്ഥാനം സംഘാടകരായി, സഹപോരാളികളായി, സമരസാഹോദര്യം പേറുന്ന സഖാക്കളായി ജനങ്ങളോടൊപ്പം നിലകൊള്ളുന്നു. പാർലമെന്ററി രാഷ്ട്രീയത്തിലെ പേരിനും പെരുമയ്ക്കും പിന്നാലെ പായാതെ, യാതൊരു സങ്കുചിത ലക്ഷ്യങ്ങളുമില്ലാതെ പ്രക്ഷോഭത്തിന്റെ മഹത്തായ ലക്ഷ്യത്തിനുവേണ്ടി പരിപൂർണ്ണമായും സമർപ്പിതമായ പാർട്ടിയാണ് എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്). സമരമുഖങ്ങളിൽ കൈകോർത്തവരെല്ലാം ഈ പ്രസ്ഥാനത്തിന്റെ സത്യസന്ധതയും സമർപ്പണവും ആശയപരമായ കരുത്തും വിശകലന ശേഷിയും തിരിച്ചറിഞ്ഞിട്ടുണ്ട്. ഈ രാഷ്ട്രീയത്തിന് പിന്തുണയും ശക്തിയും നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടാണ് പാർട്ടി തെരഞ്ഞെടുപ്പിൽ മൽസരിക്കുന്നത്.

എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) പ്രസ്ഥാനത്തിന്റെ ആശയനേതൃത്വത്തിൽ പ്രവർത്തിക്കുന്ന ആൾ ഇൻഡ്യ കിസാൻ ഖേത് മസ്ദൂർ സംഘടന (എ.ഐ.കെ.കെ.എം.എസ്) രാജ്യത്തെ ഐതിഹാസികമായ കർഷക സമരത്തിൽ നേതൃപരമായ പങ്കുവഹിക്കുന്ന കർഷക സംഘടനകളിലൊന്നാണ്. രാജ്യത്തിന്റെ ജനാധിപത്യപരമായ നിലനിൽപ്പിന്റെ ഭാവിയെ നിർണ്ണയിക്കുന്ന ഒന്നായി വളർന്നുവന്നിട്ടുള്ള കർഷക സമരത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ട് കേരളത്തിൽ വിശ്രമരഹിതമായ ഐക്യദാർഢ്യപ്രവർത്തനങ്ങളിലാണ് നമ്മുടെ പാർട്ടി മുഴുകിയിരിക്കുന്നത്. കർഷകരെയും ബഹുജനങ്ങളെയും ഐക്യദാർഢ്യ സമിതികളിൽ അണിനിരത്തുന്നതിലും അവയുടെ നേതൃത്വത്തിൽ സ്ഥിരം സമരപ്പന്തലുകൾ പ്രവർത്തിപ്പിക്കുന്നതിലും നമ്മുടെ പാർട്ടി നിർണ്ണായകമായ പങ്കു വഹിക്കുന്നു. സംസ്ഥാനത്തിന്റെ നെഞ്ചുനീറ്റുന്ന തൊഴിലില്ലായ്മയുടെ പ്രതീകമായി മാറിയ, സെക്രട്ടേറിയറ്റ് നടയിൽ ഉദ്യോഗാർത്ഥികൾ നടത്തുന്ന പ്രക്ഷോഭത്തെ സർവ്വാത്മന പിന്തുണച്ചുകൊണ്ട് ദൃഢമായ സഹായപ്രവർത്തനങ്ങളുമായി എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്)ന്റെ യുവജന സംഘടനയായ എ.ഐ.ഡി.വൈ.ഓ സജീവമായി രംഗത്തുണ്ട്. തീർത്തും തുഛമായ വേതനത്തിന് പണിയെടുക്കാൻ വിധിക്കപ്പെട്ട ആശാ വർക്കേഴ്സിന്റെ സമരസംഘടന രൂപപ്പെടുത്തി അവരുടെ പ്രക്ഷോഭത്തെ മുന്നോട്ടു നയിക്കുന്നതിൽ, നേഴ്സുമാരുടെ അവകാശപ്പോരാട്ട രംഗത്ത്, പ്രീപ്രൈമറി അധ്യാപകരുടെ സമരത്തിൽ അങ്ങിനെ പണിയെടുത്തു ജീവിക്കുന്ന എല്ലാ വിഭാഗം ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനായി ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ വിശ്രമരഹിതമായി പണിയെടുക്കുന്നു. 2020 വർഷാരംഭത്തിൽ പൗരത്വനിയമ ഭേദഗതിക്കെതിരെ ജനാധിപത്യവിശ്വാസികളും മനുഷ്യസ്നേഹികളും മുൻകൈയെടുത്തു നടത്തിയ ആഴ്ചകളോളം നീണ്ടുനിന്ന തിരുവനന്തപുരം ഷഹീൻബാഗിന്റെ സംഘടാനത്തിൽ ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തകർ നിർണ്ണായകമായ പങ്കു വഹിച്ചിരുന്നു. നവംബർ 26ന്റെ അഖിലേന്ത്യാ പണിമുടക്ക് വിജയിപ്പിക്കാൻ സംസ്ഥാനമെമ്പാടും

ശക്തമായ ആശയപ്രചാരണം സംഘടിപ്പിക്കാനും ഈ പാർട്ടിയും അതിന്റെ തൊഴിലാളിപ്രവർത്ത കരും മുൻനിരയിലുണ്ടായിരുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനുള്ളിൽ കേരളത്തിൽ ഉയർന്നു വന്ന ന്യായമായ എല്ലാ ബഹുജനസമരങ്ങളിലും ഒന്നുകിൽ എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്)ന്റെ മുൻകൈ അല്ലെങ്കിൽ ശക്തമായ പിന്തുണ ഉണ്ടായിട്ടുണ്ട്.

രാഷ്ട്രീയ സദാചാരം കൂപ്പുകുത്തുകയാണ്. സ്വാർത്ഥപൂരണത്തിന്റെ വിഴുപ്പുകൾ ജനാധി പത്യത്തെ ഓരോ ദിനം കഴിയുന്തോറും മലിനമാക്കുന്നു. എത്ര നിന്ദ്യമായ മാർഗ്ഗത്തിലൂടെയും അധികാരത്തെ പ്രാപിക്കാൻ കച്ചമുറുക്കുകയാണ് എല്ലാ വ്യവസ്ഥാപിത പ്രസ്ഥാനങ്ങളും. ഈ തെര ഞ്ഞെടുപ്പ് വേളയിൽ നാം കാണുന്ന സ്വാർത്ഥ രാഷ്ട്രീയത്തിന്റെ അറപ്പുളവാക്കുന്ന കാഴ്ചകൾ ഒരുക്കുന്നതിൽ ഒരു മുന്നണിയും ഒരു പാർട്ടിയും വ്യത്യസ്തമല്ല. ഛർദ്ദിച്ചത് മുഴുവൻ വിഴുങ്ങിക്കൊണ്ട് ഇന്നലെ അധിക്ഷേപിച്ച നേതാവിനെയും പാർട്ടിയെയും ഇന്നു തലയിൽ ചുമന്നു നടക്കുന്ന ലജ്ജ യേതുമില്ലാത്ത അവസരവാദത്തിന് മുതിരുന്നത് അധികാരം മാത്രം ലക്ഷ്യമായിരിക്കുന്നതുകൊ ണ്ടാണ്. ആദർശവും സത്യസന്ധതയും അവരുടെ കരങ്ങളിൽ മൃതമായിരിക്കുന്നു.

അപചയത്തിലമർന്ന ഈ രാഷ്ട്രീയ സാഹചര്യത്തിന് പ്രതിപ്രവാഹമായി എസ്.യു.സിഐ(ക മ്യൂണിസ്റ്റ്) നിലകൊള്ളുന്നു. തൊഴിലാളിവർഗ്ഗ രാഷ്ട്രീയത്തിന്റെ സത്യസന്ധമായ പ്രതീകമാണ് ഈ പാർട്ടി. നിസ്വാർത്ഥമായ രാഷ്ട്രീയം ഒരു ജീവിതസപര്യയായി സ്വീകരിച്ചിട്ടുള്ള വരാൽ നയി ക്കപ്പെടുന്ന പ്രസ്ഥാനമാണ് എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്). ജനസമരവേദികളിൽ സമ്പൂർണ്ണമായി സമർപ്പിക്കപ്പെട്ടിട്ടുള്ള എസ്.യു.സി.ഐ(കമ്യൂണിസ്റ്റ്) സ്ഥാനാർത്ഥികളെ വിജയിപ്പിക്കാൻ ഏവരോടും അഭ്യർത്ഥിക്കുന്നു.